# താരാപഥം

**മാവേലിക്കര**
**വിദ്യാഭ്യാസ ജില്ല**



**2022**

കേരളപാഠാവലി,
അടിസ്ഥാനപാഠാവലി –
പാഠങ്ങളെ അടിസ്ഥാനമാക്കി
പുതിയ മാതൃകയിൽ
തയ്യാറാക്കിയ ചോദ്യശേഖരം

**SSLC**

പ്രിയ അധ്യാപകരേ,

മാവേലിക്കര വിദ്യാഭ്യാസജില്ലയിലെ മലയാളം അധ്യാപകർ താരാപഥം എന്ന പേരിൽ തയ്യാറാക്കിയ ചോദ്യശേഖരം ആലപ്പുഴ ജില്ലയിലെ മുഴുവൻ കുട്ടികൾക്കും പ്രയോജനപ്പെടട്ടെ !! ശ്രീ. രജിത് കുമാറിന്റെ നേതൃത്വത്തിൽ ചുരുങ്ങിയ ദിവസങ്ങൾ കൊണ്ടാണ് ഈ വലിയ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. ചോദ്യങ്ങൾ തയ്യാറാക്കി നൽകിയ അധ്യാപകർ, എഡിറ്റിംഗ് നിർവഹിച്ച അധ്യാപകർ എല്ലാവരോടുമുള്ള നന്ദി മാവേലിക്കര വിദ്യാഭ്യാസ ജില്ലാ ആഫീസർ എന്ന പേരിലറിയിക്കുന്നു. 2022 മാർച്ചിൽ നടക്കുന്ന SSLC പരീക്ഷയിൽ നമ്മുടെ കുട്ടികളുടെ തിളക്കമാർന്ന വിജയത്തിന് താരാപഥം വഴികാട്ടിയാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച മുഴുവൻ അധ്യാപക സുഹൃത്തുക്കൾക്കും ആശംസകൾ നേരുന്നു !!

സ്നേഹപൂർവം ,

പി.സുജാത,

രക്ഷാധികാരി (DEO, മാവേലിക്കര)

പ്രിയമുള്ളവരേ,

2021 - 2022 അധ്യയനവർഷത്തെ എസ്. എസ്. എൻ. സി പരീക്ഷയിൽ ആലപ്പുഴ ജില്ലയിലെ കുട്ടികൾക്ക് ഉയർന്നഗ്രേഡ് നേടിക്കൊടുത്ത് വിജയിപ്പിക്കാനുള്ള ഊർജിതശ്രമം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി വി ആർ ഷൈലടീച്ചറിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. അതിന്റെ ഭാഗമായി മാവേലിക്കര വിദ്യാഭ്യാസജില്ലയിലെ എല്ലാ വിഷയത്തിലുമുള്ള അധ്യാപകർ, DEO ശ്രീമതി സുജാത ടീച്ചറിന്റെ മേൽനോട്ടത്തിൽ പുതിയ ചോദ്യഘടനയിൽ നിലവാരമുള്ള ചോദ്യങ്ങൾ തയ്യാറാക്കി. മാവേലിക്കര വിദ്യാഭ്യാസജില്ലയിലെ മലയാളം അധ്യാപകകൂട്ടായ്മ ഈ ചോദ്യശേഖരം 'താരാപഥം' എന്ന പേരിലാണ് പുറത്തിറക്കുന്നത്. ജോലിത്തിരക്കിനിടയിലും കുട്ടികളുടെ നല്ലഭാവിയെക്കരുതി ഈ ഉദ്യമം വിജയിപ്പിക്കാൻ തയ്യാറായ പ്രിയപ്പെട്ട അധ്യാപകസുഹൃത്തുക്കൾക്ക് ഹൃദയപൂർവം നന്ദി അറിയിക്കുന്നു. താരാപഥം പരമാവധി പ്രയോജനപ്പെടുത്തി നമ്മുടെകുട്ടികളെ ഉയർന്നഗ്രേഡുകൾ വാങ്ങി വിജയിപ്പിക്കാനുള്ള വലിയദൗത്യമാണ് നമ്മുടെ മുന്നിലുള്ളത്. തികഞ്ഞ ആത്മവിശ്വാസത്തോടെ സമയബന്ധിതമായി ഈ കർമം വിജയകരമായി പൂർത്തിയാക്കാൻ പ്രിയ അധ്യാപകസുഹൃത്തുക്കൾക്ക് കഴിയട്ടെ !!

ഈ ഉദ്യമത്തിന് എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ സുമനസുകൾക്ക് ഒരിക്കൽക്കൂടി നന്ദി അറിയിക്കുന്നു !!!

സ്നേഹപൂർവം

രജിത്കുമാർ റ്റി.എൻ (കോ-ഓർഡിനേറ്റർ )

ജെ.എം.എച്ച് എസ് , കോട്ടുകുളഞ്ഞി

മേൽനോട്ടം : ശ്രീമതി പി. സുജാത

(DEO, മാവേലിക്കര )

കോ-ഓർഡിനേറ്റർ : ശ്രീ. രജിത്കുമാർ റ്റി. എൻ

(ജെ.എം.എച്ച്.എസ്. കോട്ടുകുളഞ്ഞി)

എഡിറ്റിംഗ് നിർവഹിച്ച അധ്യാപകർ

1. ശ്രീമതി ഉൽക്ക (NRPM HSS കായങ്കുളം)
2. ശ്രീമതി ഗിരിജ കെ (NSBHSS മാന്നാർ )
3. ശ്രീമതി പ്രീതി (ഗവ. HSS തിരുവൻവണ്ടൂർ )
4. ശ്രീമതി ജയശ്രീ ( GVHSS മാവേലിക്കര )
5. ശ്രീമതി ഗായത്രി (CNPPM VHSS)
6. ശ്രീമതി എം.എസ്. സിന്ധു (അമൃത HSS വള്ളികുന്നം)
7. ശ്രീ. ഡോ.കെ. നിഷികാന്ത് (ഗവ. HSS ആല)
8. ശ്രീ. രാജേഷ് കെ.ആർ (NRPM HSS കായങ്കുളം)
9. ശ്രീമതി ഷെറിൻ സാറാ ജോർജ് (SVHS പാണ്ടനാട് )
10. ശ്രീ. സി. ഷാജീവ് (ഗവ. HSS അങ്ങാടിയ്ക്കൽ സൗത്ത്)
11. ശ്രീമതി ശരണ്യ ഡി ശർമ (MSM HSS കായങ്കുളം)
12. ശ്രീമതി സംഗീത എസ് (SKV HS കുട്ടമ്പേരൂർ )
13. ശ്രീ. രാജേഷ് കുമാർ എം (CBM HS നൂറനാട് )

# ഉള്ളടക്കം

## കേരളപാഠാവലി


| | പേജ് |
|---|---|
| ഭാഗം **1 -** കാലാതീതം കാവ്യവിസ്മയം | **1-27** |
| ഭാഗം **2 -** അനുഭൂതികൾ ആവിഷ്ക്കാരങ്ങൾ | **28-46** |
| ഭാഗം **3 -** സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ | **47-68** |
| ഭാഗം **4 -** വാക്കുകൾ സർഗതാളങ്ങൾ | **68-75** |
| ഭാഗം **5 -** കലകൾ കാവ്യങ്ങൾ | **75-81** |


## അടിസ്ഥാന പാഠാവലി


| | |
|---|---|
| ഭാഗം **1-** ജീവിതം പടർത്തുന്ന വേരുകൾ | **82-102** |
| ഭാഗം **2-** നിലാവുപെയ്യുന്ന നാട്ടുവഴികൾ | **103-123** |
| ഭാഗം **3-** വാക്കുകൾ വിടരുന്ന പുലരികൾ | **124-137** |


## മാതൃകാചോദ്യപേപ്പറുകൾ


| | |
|---|---|
| കേരള പാഠാവലി | **139-142** |
| അടിസ്ഥാന പാഠാവലി | **143-146** |


tharapadam_malayalam_mavelikara

കേരളപാഠാവലി

യൂണിറ്റ് -1

## കാലാതീതം കാവ്യവിസ്മയം

- ലക്ഷ്മണസാന്ത്വനം
- ഋതുയോഗം
- പാവങ്ങൾ

### 1. ലക്ഷ്മണസാന്ത്വനം - എഴുത്തച്ഛൻ

തുഞ്ചത്തുരാമാനുജനെഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിലെ സുപ്രധാനഭാഗമാണ് ലക്ഷ്മണസാന്ത്വനം. കൈകേയിയുടെ പ്രേരണമൂലം ശ്രീരാമന്റെ പട്ടാഭിഷേകം മുടങ്ങി. ദശരഥപിതാവിന്റെ പ്രതിജ്ഞ പാലിക്കാനായി ശ്രീരാമൻ വനവാസത്തിനൊരുങ്ങി. ഈ വിവരമറിഞ്ഞ് കോപാക്രാന്തനായി രാമസന്നിധിയിലെത്തിയ ലക്ഷ്മണനെ സാന്ത്വനവാക്കുകളാൽ ശ്രീരാമൻ സമചിത്തനാക്കുന്നതാണ് പാഠസന്ദർഭം. സ്വാർത്ഥബുദ്ധിയോടെ സർവതും നശിപ്പിക്കാൻ ഒരുമ്പെട്ടിറങ്ങിയവർ പെരുകിവരുന്ന ഇക്കാലത്ത് ശ്രീരാമന്റെ വാക്കുകൾ ഏറെ പ്രസക്തമാണ്.

tharapadam_malayalam_mavelikara

## 1 മാർക്കിന്റെ ചോദ്യങ്ങൾ

**1,** മോഹൈകഹന്ത്രി എന്ന് പാഠഭാഗത്ത് പരാമർശിക്കുന്നത് എന്തിനെക്കുറിച്ചാണ്**?**

➢അവിദ്യ ➢വിദ്യ ➢രോഷം ➢മോഹം

**(**ഉത്തരം **:** വിദ്യ**)**

**2.)** ക്ഷണഭംഗുരമായ മർത്ത്യജന്മത്തെ കവി എന്തിനോടാണ് സാദൃശ്യപ്പെടുത്തുന്നത്**?**

*ആയുസ്സിനോട്

*സുഖങ്ങളോട്

*ക്ഷണപ്രഭയോട്

*ജീവിതത്തിനോട്

**(** ഉത്തരം **:** ക്ഷണപ്രഭയോട് **)**

**3.** വത്സ**!** സൗമിത്രേ എന്ന രാമന്റെ സംബോധനയിൽ തെളിയുന്ന ഭാവം എന്ത്**?**

*കാരുണ്യം

*ബഹുമാനം

*വാത്സല്യം

*ഭക്തി

**(**ഉത്തരം**:** വാത്സല്യം**)**

**4.** ശരിയായ പദം തിരഞ്ഞെടുക്കുക**.**

tharapadam_malayalam_maveikara

* പഞ്ജഭ്രൂതക നിർമ്മിതം

* പഞ്ചഭ്രൂതക നിർമ്മിതം

* പഞ്ജഭ്രൂഥക നിർമ്മിതം

*പഞ്ജഭ്രൂദകനിർമ്മിതം

(ഉത്തരം:പഞ്ചഭ്രൂതക നിർമ്മിതം.)

**5.**ക്ഷണപ്രഭാചഞ്ചലം വിഗ്രഹിച്ചെഴുതുക.

* ക്ഷണപ്രഭയുടെ ചഞ്ചലം

* ക്ഷണപ്രഭ പോലെ ചഞ്ചലം

* ക്ഷണപ്രഭയാകുന്ന ചഞ്ചലം

* ക്ഷണപ്രഭ കൊണ്ടുള്ള ചഞ്ചലം

(ഉത്തരം: ക്ഷണപ്രഭ പോലെ ചഞ്ചലം)

**6.**താഴെക്കൊടുത്തിരിക്കുന്നവയിൽ സമാനതയെ (ഉപമയെ) സൂചിപ്പിക്കാത്തത് ഏത്?

➤ "പാന്ഥർ പെരുവഴിയമ്പലം തന്നിലേ

താന്തരായ് കൂടി വിയോഗം വരുമ്പോലെ."

➤ കാലാഹിനാപരിഗ്രസ്തമാം ലോകവു-

മാലോലചേതസാ ഭോഗങ്ങൾ തേടുന്നു."

➤ "നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾപോലെയു-

മെത്രയും ചഞ്ചലമാലയസംഗമം."

➤ "ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദുരം."

ഉത്തരം: "ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദുരം."

tharapadam_malayalam_mavelikara

7.ക്ഷണപ്രഭാചഞ്ചലം വിഗ്രഹിക്കുമ്പോൾ ക്ഷണപ്രഭ പോലെ ചഞ്ചലം.

വഹ്നിസന്തപ്തം എങ്ങനെ വിഗ്രഹിക്കാം.

(ക)വഹ്നിയും സന്തപ്തവും

(ഖ)വഹ്നിയാൽ സന്തപ്തം

(ഗ)വഹ്നിയുടെ സന്തപ്തം.

ഉത്തരം: വഹ്നിയാൽ സന്തപ്തം

## II. രണ്ടോമൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.

## 2 സ്കോർ വീതം

1 "ഗഹനമായ ആശയങ്ങളെ ലളിതമായ ഉദാഹരണത്തി ലൂടെ ആവിഷ്കരിക്കാൻ എഴുത്തച്ഛന് കഴിയും" :ഈ പ്രസ്താവനയ്ക്ക് ഉചിതമായ രണ്ട് ഉദാഹരണങ്ങൾ എഴുതുക.

ഉത്തരം: ചുട്ടുപഴുത്ത ലോഹത്തകിടിൽ വീണ ജലബിന്ദു പോലെയാണ് ജീവിതം. പാമ്പിൻറെ വായിൽ അകപ്പെട്ട തവള ഭക്ഷണത്തിന് അപേക്ഷിക്കുന്നതു പോലെ ആണ് മനുഷ്യൻ സുഖഭോഗങ്ങൾ തേടുന്നത്.

2. 'സംസാര കാരിണിയായതവിദ്യയും

സംസാര നാശിനിയായതു വിദ്യയും'

ഈ വരികളിലെ ഭാഷാപരമായ പ്രത്യേകതകൾ എഴുതുക

ഉത്തരം: ⇒ആദിപ്രാസം, ⇒ദ്വിതീയാക്ഷര പ്രാസം

tharapadam_malayalam_mavelikara

അന്ത്യപ്രാസം, അനുപ്രാസം.

**3.** എത്രയും ചഞ്ചലമാലയസംഗമം - ചഞ്ചലമായ ആലയ സംഗമത്തെ കവി എന്തിനോടെല്ലാമാണ് സാദൃശ്യപ്പെടുത്തി യിരിക്കുന്നത്.

ഉത്തരം: നദിയിൽക്കൂടി ഒഴുകുന്ന തടിക്കഷണം പോലെയും ക്ഷീണിതരായ വഴിയാത്രക്കാർ വഴിയമ്പലത്തിൽ വിശ്രമിച്ചശേഷം പിരിഞ്ഞു പോകുന്നത് പോലെയും.

**4.**വിദ്യയും അവിദ്യയും തമ്മിലുള്ള വ്യത്യാസത്തെ കവി സൂചിപ്പിക്കുന്നത് എങ്ങനെ ?

ഉത്തരം: വിദ്യ സംസാരനാശിനിയും അവിദ്യ സംസാര കാരണിയുമാണ്. വിദ്യ മോഹൈകഹന്ത്രിയും അവിദ്യ മോഹമാതാവുമാണ്

**5.** സമാനതാളം കണ്ടെത്തുക:

"ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം

വേഗേന നഷ്ടമാമായുസ്സമോർക്ക നീ." ഈ വരികളുടെ സമാന താളത്തിലുള്ള വരികൾ താഴെ തന്നിരിക്കുന്നവയിൽ നിന്നും എടുത്തെഴുതുക.

(ക) "തരളമാം നിൻകണ്ണിലോമനേ കണ്ടു ഞാൻ

ചിരിയോ തിളങ്ങുന്ന കണ്ണുനീരോ?"

(ഖ) "ഒന്നു നടുങ്ങി ഞാനാ നടുക്കം തന്നെ

മിന്നുമുഡുക്കളിൽ ദൃശ്യമാണിപ്പൊഴും!"_

(ഗ) "പിന്നെ തർക്കം പറഞ്ഞില്ലയോമലാൾ

തന്വിയാണവൾ കല്ലല്ലിരുമ്പല്ല."

tharapadam_malayalam_mavelikara

(ഘ) "മുദ്രകൾകാട്ടി രസിക്കും വിരലുകൾ

മുഗ്ദ്ധമനോഹരമിളകുമ്പോൾ."

ഉത്തരം: "ഒന്നു നടുങ്ങി ഞാനാ നടുക്കം തന്നെ

മിന്നുമുഡുക്കളിൽ ദൃശ്യമാണിപ്പൊഴും!"

6)"പൗരുഷം ദുർബ്ബലന്മാരിൽ കാട്ടും വമ്പല്ല ലക്ഷ്മണ!

കൊതിയാൽ മുറയോരാത്ത ബുദ്ധിയല്ല വിവേകവും.

സത്യവാൻ സ്വന്തകൃത്യത്തിൽ ന്യായാന്യായങ്ങൾ ചിന്തിയാ;

തന്നിഷ്ടം നേടുവാൻ ശസ്ത്രമേന്താ ക്ഷത്രിയധാർമികൻ.

സ്വന്തചിത്തം കീഴടക്കാൻ സാമർത്ഥ്യമിയലാത്തവൻ

സർവരാജ്യം ജയിച്ചാലും സൗമിത്രേ! മെച്ചമില്ലതിൽ."

(ബാലരാമായണം-കുമാരനാശാൻ). - ഈ ആശയത്തെ തത്ത്വചിന്താരൂപത്തിൽ എഴുത്തച്ഛൻ അവതരിപ്പിച്ചതു ഗദ്യത്തിൽ എഴുതുക.

ഉത്തരം: കാണപ്പെടുന്ന ഈ ലോകവും, രാജ്യം,ധനം,ധാന്യം എന്നിവ സത്യമാണെങ്കിലല്ലേ നീ പ്രയാസപ്പെടേണ്ടതുള്ളൂ.

**III. മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക**

**3 സ്കോർ വീതം.**

1. 'നന്നല്ല ദേഹംനിമിത്തം മഹാമോഹം' - കവി; ദേഹത്തിന്റെ നശ്വരത വെളിപ്പെടുത്തുന്നത് എങ്ങനെയെല്ലാം ?

tharapadam_malayalam_mavelikara

ഉത്തരം: ദേഹം  പലവിധത്തിൽ നശിക്കുന്നതാണ്. അത് ജന്തുക്കൾ ഭക്ഷിച്ച കാഷ്ഠിച്ച പോകാം, വെന്ത വെണ്ണീറായി പോകാം, ചിതയിലെരിഞ്ഞ് നശിച്ച പോകാം, മറവ് ചെയ്യുന്ന ജഡം ജീർണിച്ച് കൃമികളായി മാറാം.

**2.**വരികളിലെ ഭാഷാപരമായ പ്രത്യേകതകൾ കണ്ടെത്തുക.

"ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം

വെന്തു വെണ്ണീറായി ചമഞ്ഞു പോയീടിലാം"

ഉത്തരം:  ദ്വിതീയാക്ഷര പ്രാസം, അന്ത്യപ്രാസം,  അനുപ്രാസം.

## 5 മാർക്കിന്റെ ചോദ്യങ്ങൾ.

**1.** ലക്ഷ്മണസാന്ത്വനം, രാമൻ ലക്ഷ്മണനു കൊടുക്കുന്ന ഉപദേശം മാത്രമല്ല, എഴുത്തച്ഛൻ ലോകർക്കു നൽകുന്ന ഉപദേശം കൂടിയാണ്. പാഠഭാഗത്തെ ആസ്പദമാക്കി ചർച്ച ചെയ്യുക.

ഉത്തരസൂചനകൾ:

⇒ ലക്ഷ്മണോപദേശത്തിന്റെ കേന്ദ്രാശയം

⇒ സമകാലിക സംഭവങ്ങളുമായി ചേർത്ത്  വിശദമാക്കുന്നു

**2.**  "ക്രോധം  പരിത്യജിക്കേണം  ബുധജനം"  എന്ന  എഴുത്തച്ഛന്റെ  വാക്കുകളെ വിലയിരുത്തി മുഖപ്രസംഗം തയ്യാറാക്കുക

ഉത്തരസൂചനകൾ:

⇒ ക്രോധം വിവേകമില്ലാതാക്കുന്നു.

tharapadam_malayalam_mavelikara

⇒ധർമ്മക്ഷയം വരുത്തുന്നു .

⇒മുക്തിക്ക് വിഘ്നം വരുത്തുന്നു.

⇒ബന്ധുക്കളെ പോലും വധിക്കുന്നു.

⇒മനസ്താപം ഉണ്ടാക്കുന്നു.

**3.**എഴുത്തച്ഛന്റെ തത്ത്വചിന്തയെക്കുറിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക.

ഉത്തരസൂചനകൾ:

⇒വരികൾ വ്യാഖ്യാനിക്കുന്നു .

⇒ചക്ഷു ശ്രവണ ഗളസ്ഥമാം....

⇒കാലിക പ്രാധാന്യം വ്യക്തമാക്കുന്നു.

tharapadam_malayalam_mavelikara

## 2. ഋതുയോഗം - കാളിദാസൻ

**(വിവ: എ. ആർ. രാജരാജവർമ്മ)**

മഹാഭാരതംവനപർവത്തിലെ ശകുന്തളോപാഖ്യാനത്തെ ആസ്പദമാക്കി കാളിദാസൻ രചിച്ച അഭിജ്ഞാനശാകുന്തളം ഭാരതീയനാടകങ്ങളിൽ അദ്വിതീയമാണ്. ഈനാടകം മലയാളശാകുന്തളം എന്നപേരിൽ എ ആർ രാജരാജവർമ്മ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. പ്രസ്തുതകൃതിയിലെ ഏഴാം അങ്കമാണ് പാഠഭാഗം. ദുർവാസാവിന്റെ ശാപംനിമിത്തം കൂടിച്ചേരാൻ കഴിയാത്ത ദുഷ്ഷന്തനും ശകുന്തളയും കണ്വാശ്രമത്തിൽ വച്ച് കണ്ടുമുട്ടുന്നതും ഒന്നിക്കുന്നതുമായ സംഭവവികാസമാണ് പാഠഭാഗത്തുള്ളത്.

tharapadam_malayalam_mavelikara

**I. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

ഒരു സ്കോർ വീതം .

**1.** പലനാളിവളുണ്ട് കാത്തിടുന്നു

<u>ഖലനാ</u>മെന്റെ വിയോഗ ദീക്ഷ സാധ്വി

അടിവരയിട്ട പദം **(**ഖലൻ**)** സൂചിപ്പിക്കുന്ന കഥാപാത്രം ആര്**?**

⇒ദുഷ്ഷന്തൻ ⇒കണ്വൻ

⇒ദുർവ്വാസാവ് ⇒സർവ്വദമനൻ

**(**ഉത്തരം**:** ദുഷ്ഷന്തൻ**)**

**2. '**എന്റെ മനോവിചാരം പൂർണമായി സിദ്ധിച്ചു**'.** ഇതുമായി യോജിക്കുന്ന പ്രസ്താവന ഏത് **?**

⇒രാജാവ് മകനെ തിരിച്ചറിഞ്ഞു.

⇒രാജാവ് സ്വപ്നം കാണുന്നു

⇒രാജാവിന്റെ മനസ്സിന് സ്വസ്ഥത ഇല്ല

⇒ രാജാവ് ആശങ്കപ്പെടുന്നു

**(**ഉത്തരം **:** രാജാവ് മകനെ തിരിച്ചറിഞ്ഞു**)**

**3.**ഹൃദയമേ, ഇനി ആശ്വസിക്കാം. ദൈവം മത്സരം വിട്ട് എന്റെ നേരേ കരുണ ചെയ്തു എന്നു തോന്നുന്നു. ആരുടെ വിചാരമാണിത്**?**

⇒ശകുന്തളയുടെ ⇒കണ്വന്റെ

tharapadam_malayalam_mavelikara

⇒ദുർവ്വാസാവിന്റെ ⇒ദുഷ്ഷന്തന്റെ

ഉത്തരം : ശകുന്തളയുടെ

**4. 'ചക്രവർത്തി ലക്ഷണം' - വിഗ്രഹാർഥം എഴുതുക.**

⇒ ചക്രവർത്തി പോലെ ലക്ഷണം

⇒ചക്രവർത്തിയും ലക്ഷണവും

⇒ ചക്രവർത്തിയുടെ ലക്ഷണം

⇒ ചക്രവർത്തിയാകുന്ന ലക്ഷണം

**(ഉത്തരം :ചക്രവർത്തിയുടെ ലക്ഷണം)**

**5.** ധർമ്മപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആര് ഉച്ചരിക്കും. താപസിയുടെ ഈ വാക്കുകളിൽ തെളിയുന്ന ഭാവമെന്ത്**?**

⇨സഹതാപം ⇨പരിഭവം

⇨പുച്ഛം ⇨ആശ്ചര്യം

**(ഉത്തരം : പുച്ഛം)**

tharapadam_malayalam_mavelikara

**II രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.**

**2 സ്കോർ വീതം.**

**1.** "തെറികാട്ടി ആശ്രമ വിരുദ്ധവൃത്തി നീ

ചെറുപാമ്പ് ചന്ദനമരത്തിലെന്നപോൽ"

ചെറുപാമ്പ്, ചന്ദനമരം എന്നീസാദൃശ്യ കൽപ്പനകളുടെ ഔചിത്യം വ്യക്തമാക്കുക.

ഉത്തരം: പാമ്പ് ഭയത്തിന്റെയും ചന്ദനമരം വിശുദ്ധി യുടെയും പ്രതീകമാണ്. വികൃതി കാട്ടുന്നത് ആശ്രമാന്തരീക്ഷ ത്തിന് വിരുദ്ധമാണ് .

**2.** 'എന്റെ ആശയ്ക്ക് ഒരു താങ്ങലും കൂടിയായി' - രാജാവ് ഇങ്ങനെ ചിന്തിക്കാനുള്ള കാരണം എന്ത് ?

ഉത്തരം:കുട്ടിയുടെ അമ്മയ്ക്ക് അപ്സരസുമായി ബന്ധമുണ്ടെന്ന് മനസ്സിലാക്കി, അവൻ രാജാവിന്റെ വംശമാണെന്ന് തിരിച്ചറിഞ്ഞു.

**3.** 'ഇത് വൈഷമ്യക്കാരനാണ്' - ശകുന്തള ഇങ്ങനെ പറയാനുള്ള സാഹചര്യം എഴുതുക.

ഉത്തരം: മോതിരത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത് , മോതിരം നഷ്ടപ്പെട്ടതിനാലാണ് ശകുന്തള വിരഹവേദന അനുഭവിച്ചത്.

**III** മൂന്നോനാലോ വാക്യത്തിൽ ഉത്തരം എഴുതുക

**3** സ്കോർ വീതം.

**1.** "സർവ്വദമനന്റെ ബാലലീലകളും കുസൃതിത്തരങ്ങളും വർത്തമാനങ്ങളും രാജാവിനെ ആകർഷിച്ചു." ഉചിതമായ സന്ദർഭ സൂചനകളിലൂടെ മേൽ പ്രസ്താവന സാധൂകരിക്കുക .

ഉത്തരം: സിംഹക്കുട്ടിയുടെ പല്ലെണ്ണുന്നു. കൈയിൽ ചക്രവർത്തി ലക്ഷണം കാണുന്നു. അവനെ സ്പർശിച്ചപ്പോൾ രാജാവിന് സന്തോഷം തോന്നുന്നു. രാജാവിനും സർവ്വദമനനും ഒരേ ഛായയും തോന്നുന്നു.

tharapadam_malayalam_mavelikara

**2.**സർവദമനൻ എന്ന് മഹർഷിമാർ നിനക്ക് പേരിട്ടത് ശരിതന്നെ. ഇങ്ങനെ പറയാനുള്ള സാഹചര്യമെന്ത്?

ഉത്തരം: മുലകുടിച്ചു കൊണ്ടിരിക്കുന്ന സിംഹക്കുട്ടിയുടെ സടപിടിച്ചു വലിക്കുകയും അതിന്റെ വായിളർന്ന് പല്ലെണ്ണി നോക്കുകയും ചെയ്യുന്ന ധൈര്യശാലിയായ ബാലനെ കാണുമ്പോൾ താപസി പറയുന്ന വാക്കുകളാണിത്.

**3.** "വിളങ്ങുന്ന രാഗം ഭൂശമെഴ-

മുഷസ്സിൽ ദ്രുലകുലം

തെളിഞ്ഞീടാതൊന്നായ് വിടരുമൊരു

തണ്ടാർ മലരുപോൽ" കാവ്യഭംഗി കണ്ടെത്തുക.

ഉത്തരസൂചനകൾ: സാദൃശ്യ കൽപ്പന , പ്രാസഭംഗി , ആശയ ഭംഗി.

**4.** "ദൈവം മത്സരം വിട്ട് എന്റെ നേരെ കരുണ ചെയ്തു എന്നു തോന്നുന്നു". ശകുന്തള ഇങ്ങനെ ചിന്തിക്കുവാനുള്ള കാരണം എന്ത്?

ഉത്തരസൂചനകൾ: തന്റെ ഭർത്താവായ ദുഷ്യന്തനാണ് വന്നിരിക്കുന്നതെന്ന് തിരിച്ചറിഞ്ഞപ്പോൾ.

ദീർഘകാലത്തെ വിരഹത്തിന്റെ അവസാനമായിരിക്കുന്നു എന്ന ചിന്ത.

തന്റെ ജീവിതം ഇനിയും സന്തോഷം നിറഞ്ഞതായിരിക്കും എന്ന ചിന്ത.

tharapadam_malayalam_mavelikara

**IV. അര പേജിൽ കവിയാതെ ഉത്തരം എഴുതുക**

**4 സ്കോർ വീതം.**

**1.** സർവ്വദമന ഇതാ ശകുന്തലാസ്യം നോക്കു ... നാടകഗതി തന്നെ മാറ്റുന്ന ഈ വാക്യം ഉപയോഗിച്ചതിലെ രചനാതന്ത്രം വിശദമാക്കുക.

ഉത്തരസൂചനകൾ: ഈ ഉപയോഗം ദുഷ്യന്തന്റേയും ശകുന്തളയുടെയും സർവ്വദമനന്റെയും പുനസ്സമാഗമമാണ്. മകനെ രാജാവ് കണ്ടുമുട്ടുന്നു, ശകുന്തളയെ രംഗത്തിൽ എത്തിക്കാനായി ശകുന്തലാസ്യം എന്ന പ്രയോഗത്തിലൂടെ നാടകകൃത്തിന് സാധിക്കുന്നു.

**2.** "ശരിയായി നിനച്ചിടുന്നു ഞാൻ

പെരിയോർക്കുള്ളൊരു വീരബാലനെ" - രാജാവിന്റെ പ്രവചനം കഥാന്ത്യവുമായി പൊരുത്തപ്പെടുന്നുണ്ടോ ? സമർഥിക്കുക.

ഉത്തരസൂചനകൾ: കുട്ടിയുടെ കുസൃതിത്തരങ്ങളും ബാലലീലകളും ചക്രവർത്തിലക്ഷണവും കണ്ട രാജാവ് ബാലൻ കേവലം ആശ്രമബാലനല്ലെന്ന് മനസ്സിലാക്കുന്നു. കഥാന്ത്യത്തിൽ പൂരുവംശത്തിൽപെട്ടവനാണെന്നും തന്റെയും ശകുന്തളയുടെയും പുത്രനാണെന്നും തീർച്ചപ്പെടുത്തുന്നു. വരികളുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. പ്രയോഗത്തിന്റെ അർഥം, ചമൽക്കാര ഭംഗി കണ്ടെത്തിയിട്ടുണ്ട്.

tharanadam_malayalam_mavelikara

**3.** "വിളങ്ങുന്നരാഗം ഭൃശമെഴുമുഷസ്സിൽദ്ദലകുലം തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരുപോൽ" ഈ വരികളുടെ ചമൽക്കാരഭംഗി വിശകലനം ചെയ്ത് കുറിപ്പാക്കുക **?**

ഉത്തരസൂചനകൾ: വരികളുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്

പ്രയോഗത്തിന്റെ അർഥം, ചമൽക്കാര ഭംഗി ഇവ കണ്ടെത്തിയിട്ടുണ്ട്.

**V** ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക

**5** സ്കോർ വീതം

**1.**"എണീക്കണം എണീക്കണം ആര്യപുത്രൻ എന്റെ മുൻജന്മപാപം അന്ന് ഫലോന്മുഖമായിരുന്നിരിക്കണം..." ശകുന്തള എന്ന കഥാപാത്രം, ആധുനിക സ്ത്രീസങ്കൽപവുമായി ചേർന്നുപോകുന്ന വ്യക്തിയാണോ**?** സ്വാഭിപ്രായം വ്യക്തമാക്കുക.

ഉത്തരസൂചനകൾ: പതിവ്രതയും നിരപരാധിയുമായ ശകുന്തള ദുഷ്യന്തനാൽ ഉപേക്ഷിക്കപ്പെട്ടിട്ടും പുനസ്സമാഗമവേളയിൽ കുറ്റപ്പെടുത്തുകയോ ദേഷ്യപ്പെടുകയോ ചെയ്യുന്നില്ല. തന്റേതന്നെ വിധിയിൽ സമാധാനിച്ചു. ആധുനിക സ്ത്രീകളിൽ സ്വത്വബോധം പ്രകടമാണ്. ശകുന്തളയോളം സഹിക്കാനോ വിധിയെ പഴിച്ച് ജീവിതം ഹോമിക്കാനോ അവൾ തയ്യാറല്ല.

therapadam_malayalam_mavelikara

**2.** കാളിദാസന്റെ ഭാവന ഏറ്റവും തെളിഞ്ഞുകാണുന്ന നാടകമാണ് **'**ശാകുന്തളം**'.** ശുഭകരമായ കഥാഗതിയെ വളർത്തി കൊണ്ടുവരുന്നതിന് കവി സ്വീകരിച്ച രചനാതന്ത്രങ്ങൾ **?**

ഉത്തരസൂചനകൾ**:** കാളിദാസന്റെ ഭാവന തെളിയുന്ന സന്ദർഭം കണ്ടെത്തിയിട്ടുണ്ട്**.** നാടകീയ മുഹൂർത്തം കണ്ടെത്തിയിട്ടുണ്ട്**.** ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്**.**

tharapadam_malayalam_mavelikara

## 3. പാവങ്ങൾ - നാലപ്പാട്ട് നാരായണ മേനോൻ

### (ലാമിറാബലെ - വിക്ടർ ഹ്യൂഗോ)

ലോകസാഹിത്യത്തിലെ നിത്യവിസ്മയം എന്ന വിശേഷിപ്പിക്കുന്ന കൃതിയാണ് 'ലാമിറാബലെ'. ഫ്രഞ്ച്സാഹിത്യകാരനായ വിക്ടർഹ്യൂഗോയാണ് ഇതിന്റെ കർത്താവ്, നാലപ്പാട്ട് നാരായണമേനോൻ 'പാവങ്ങൾ' എന്ന പേരിൽ ഈനോവൽ മലയാളത്തിലേക്ക് വിവർത്തനംചെയ്തു. മനുഷ്യജീവിതത്തിന്റെ മഹാസങ്കടങ്ങൾ അടയാളപ്പെടുത്തിയ' പാവങ്ങൾ' എല്ലാക്കാലത്തും പാവങ്ങളായി ജീവിച്ചുമരിച്ച് പോകുന്ന മനുഷ്യരുടെ മഹാഗാഥയായി നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു.

ദരിദ്രനായ മരംവെട്ടുകാരൻ ഴാങ് വാൽഴാങ്ങ് വിധവയായ സഹോദരിയുടെ മക്കളുടെ വിശപ്പകറ്റാൻ ഒരു റൊട്ടി മോഷ്ടിക്കുന്നു. ആ കുറ്റത്തിന് അഞ്ചുവർഷം ശിക്ഷിക്കപ്പെട്ട ഴാങ് വാൽഴാങ് മൂന്നുതവണ ജയിൽ ചാടിയതിനാൽ **19**വർഷം ശിക്ഷ അനുഭവിക്കേണ്ടി വന്നു. ഒടുവിൽ ജയിൽമോചിതനായി. പക്ഷേ ആരും അഭയം കൊടുത്തില്ല. അവസാനം ഡി പട്ടണത്തിലെ മെത്രാൻ താമസിക്കാനിടവും തന്നോടൊപ്പം തീൻമേശയിൽ അത്താഴവും നല്കുന്നു. എന്നാൽ അന്ന രാത്രി അവിടെക്കണ്ട വെള്ളിസ്സാമാനങ്ങളെടുത്ത് കടന്നുകളഞ്ഞു. പിറ്റേന്ന് പോലീസുകാർ പിടികൂടിയ അയാളെ മെത്രാന്റെ അരികിലെത്തിക്കുന്നു. മെത്രാനാകട്ടെ അയാളെ പോലീസുകാരിൽനി( ് രക്ഷിക്കുകമാത്രമല്ല മെഴുകുതിരിക്കാലുകൾകൂടി കൊടുക്കുകയും ചെയ്യുന്നു. ഇനിപ്ര വരുമ്പോൾക്ക നേരെയുള്ളപ്ര വാതിലിലൂടെപ്ര വരണമെന്നും

tharapadam_malayalam_mavelikara

സത്യവാനായിരിക്കാൻ മറക്കരുതേയെന്ന് ഉപദേശിക്കുന്നു. തെറ്റുകുറ്റങ്ങൾക്ക് മാപ്പുനൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥ കൂടി ലോകത്തുണ്ടെന്ന് ഴാങ്ങ് തിരിച്ചറിയുന്നതപ്പോഴാണ്.

## I. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.

ഒരു സ്കോർ വീതം .

**1.** "ഭൂമിയിലുള്ള ഒന്നും നമ്മുടെ സ്വന്തമല്ലല്ലോ. എല്ലാവർക്കും അവയിൽ അവകാശമുണ്ട്" എന്ന ആശയം സൂചിപ്പിക്കുന്ന സന്ദർഭം പാവങ്ങൾ എന്ന പാഠഭാഗത്തു നിന്നും തെരഞ്ഞെടുക്കുക

⇨രാത്രിയിൽ മുറിയുടെ വാതിൽമലർക്കെ തുറന്നിട്ടിരിക്കുന്നു

⇨അയാൾ കൊട്ടയിലെ വെള്ളിസ്സാമാനം എടുത്തിട്ട് കൊട്ടവലിച്ചെറിഞ്ഞു

⇨മെത്രാൻ മദാംമഗ്ലോറോടു ചോദിച്ചു; ആ വെള്ളിസ്സാമാനം നമ്മുടെയായിരുന്നുവോ?'

⇨മെഴുകുതിരിക്കാലുകൾ വിറ്റാൽ ഇരുന്നൂറു ഫ്രാങ്ക് കിട്ടും

ഉത്തരം: രാത്രിയിൽ മുറിയുടെ വാതിൽ മലർക്കെ തുറന്നിട്ടിരിക്കുന്നു

**2.** മാതൃകപോലെ എഴുതുക

സഗൗരവം - ഗൗരവത്തോടു കൂടി

സസ്നേഹം- സ്നേഹത്തോടു കൂടി

സാദരം –

tharapadam_malayalam_mavelikara

3." ഒരുകഷണം അപ്പം ഒരുകോപ്പ പാലിലെടുത്തു മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കൈലും കൂടെ ആവശ്യമില്ല" - ഈ വാക്യത്തിലൂടെ വെളിവാകുന്ന മെത്രാന്റെ സ്വഭാവസവിശേഷത എന്ത് ?

⇨ലാളിത്യം

⇨സത്യസന്ധത

⇨പരോപകാരം

ഉത്തരം: ലാളിത്യം

4. ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞു. - ഏത് അപകടമാണ് കഴിഞ്ഞത്?

➡️ തിരികുറ്റിയുടെ ഒച്ച ആരെയും ഉണർത്തിയില്ല.

➡️ നായയുടെ കുര ഉറങ്ങിയവരെ ഉണർത്തിയില്ല .

➡️ പൂച്ച അനക്കമില്ലാതെ കടന്നു പോയി.

➡️ വൃദ്ധ സ്ത്രീകൾ ശബ്ദമുണ്ടാക്കിയില്ല.

ഉത്തരം: തിരികുറ്റിയുടെ ഒച്ച ആരെയും ഉണർത്തിയില്ല.

5. സൗമ്യസ്വരം - വിഗ്രഹാർത്ഥം എഴുതുക

⇨സൗമ്യവും സ്വരവും

⇨സൗമ്യത്തിന്റെ സ്വരം

⇨സൗമ്യമായ സ്വരം

⇨സൗമ്യമുള്ള സ്വരം

ഉത്തരം: സൗമ്യമായ സ്വരം

tharapadam_malayalam_mavelikara

**6.** **'ഴാങ് വാൽഴാങിന്റെ കണ്ണുകൾ രണ്ടും മിഴിഞ്ഞുപോയി' - ഈ വരിയിലെ ഭാവം എന്ത്?**

⇨ഹാസ്യം

⇨ക്രോധം

⇨ദുഃഖം

⇨പരിഭ്രമം

**ഉത്തരം: പരിഭ്രമം**

**താഴെത്തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഒന്നോരണ്ടോ വാക്യത്തിൽ ഉത്തരംനല്കുക. രണ്ടുമാർക്ക് വീതം**

**1.** അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം കുറിക്കുക

രണ്ട് നിമിഷത്തേക്ക് അയാൾ തന്റെ കാര്യം"പോയി" എന്നു തീർച്ചപ്പെടുത്തി.

രാജു കടയിൽ സാധനങ്ങൾ വാങ്ങാൻ"പോയി"

**ഉത്തരം: ആദ്യത്തേത് ജീവൻപോയി എന്ന അർത്ഥത്തിൽ, രണ്ടാമത്തേത് പോവുക എന്ന ക്രിയാർത്ഥത്തിൽ.**

**2.** മെത്രാൻ കുനിഞ്ഞു നിന്ന്, കൊട്ട തടത്തിൽ വീണതു കൊണ്ട് കേടുവന്ന ഒരു പൂച്ചെടിയെ സൂക്ഷിച്ചു നോക്കി വ്യസനിക്കുകയായിരുന്നു. അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യമായി മാറ്റിയെഴുതുക.

ഉത്തരം: കൊട്ട തടത്തിൽ വീണതു കൊണ്ട് ഒരു പൂച്ചെടിക്ക് കേടുവന്നു. മെത്രാൻ കുനിഞ്ഞു നിന്ന് അതിനെ നോക്കി വ്യസനിക്കയായിരുന്നു.

**3.** വന്ന മനുഷ്യൻ ആരായിരുന്നു? കാഴ്ചയിൽ തന്നെ ഒരു പാവം. ചോദ്യഘടന മാറ്റി ഒറ്റവാക്യമാക്കുക

ഉത്തരം: വന്ന മനുഷ്യൻ കാഴ്ചയിൽത്തന്നെ ഒരു പാവമായിരുന്നു.

**4.** പോലീസുകാർ പോയതിനുശേഷം മെത്രാൻ, ഴാങ് വാൽഴാങിനോട് പറഞ്ഞതെന്ത്?

ഉത്തരസൂചന: ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളതു മറക്കരുതേ, ഒരിക്കലും മറന്നു പോകരുത്.

**5.** വെള്ളിസ്സാമാനങ്ങൾ മോഷണം പോയതറിഞ്ഞ് മെത്രാൻ പറഞ്ഞതെന്ത്?

ഉത്തരസൂചന: ആ വെള്ളിസ്സാമാനം വളരെക്കാലം സൂക്ഷിച്ചു പോന്നത് ഒരിക്കലും ശരിയായിട്ടില്ല. അത് പാവങ്ങളുടെയാണ്.

**6.** പോലീസുകാരൻ പറഞ്ഞു; അപ്പോൾ ഈ മനുഷ്യൻ പറഞ്ഞതു വാസ്തവമാണ്, ആ മനുഷ്യൻ എന്തെല്ലാമായിരിക്കും പറഞ്ഞിരിക്കുക?

ഉത്തരസൂചന: താൻ തലേന്ന് രാത്രി കഴിച്ച്കൂട്ടിയത് ഒരു വൃദ്ധമതാചാര്യന്റെ അടുക്കലായിരുന്നെന്നും അദ്ദേഹം സ്നേഹപൂർവ്വം സമ്മാനിച്ചതാണ് അവയൊക്കെയെന്നും അയാൾ പറഞ്ഞു കാണും.

tharapadam_manyalam_mavelikara

താഴെത്തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് മൂന്നോനാലോവാക്യത്തിൽ ഉത്തരം എഴുതുക:

**3** മാർക്കുവീതം.

**1.** 'മെത്രാൻ പറഞ്ഞു, 'സ്നേഹിതാ, ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്ക് തോട്ടത്തിലൂടെ കടന്നു വരണമെന്നില്ല; തെരുവിലേയ്ക്കുള്ള വാതിലിലൂടെ തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം.' മെത്രാന്റെ ഈ വാക്കുകൾ സമൂഹത്തിനു നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

ഉത്തരസൂചന: എല്ലാവരും ആട്ടിയോടിച്ച കുറ്റവാളിയായ ഴാങ്ങിനെ സ്നേഹപൂർവ്വം സ്വീകരിക്കുകയും പരിചരിക്കുകയും ചെയ്ത മനുഷ്യസ്നേഹിയാണ് മെത്രാൻ. തന്റെ അരമന എല്ലാവർക്കും എപ്പോഴും തുറന്നുകൊടുക്കുമെന്ന് ബിഷപ്പ് പറയുകയാണ് ആർക്കുംവേണ്ടാത്തവർക്കുള്ള അത്താണിയാണ് താനെന്ന് ഴാങ്ങിനെ ബോധ്യപ്പെടുത്തുന്നു. ഏതു കുറ്റവാളിയും സാഹചര്യങ്ങളുടെ സൃഷ്ടിയാണ്. സ്നേഹത്തിലൂടെ അവനെ കീഴടക്കാൻ സാധിക്കും.

**2** ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തത് ഒരിക്കലും മറക്കരുതേ.

മെത്രാൻ പറഞ്ഞു; "നിങ്ങളുടെ മുള്ളുകളും കൈലുകളും എടുത്ത കൂട്ടത്തിൽ മെഴുകുതിരിക്കാലുകൾ കൊണ്ടു പോയില്ലല്ലോ' - രണ്ടു സന്ദർഭങ്ങളിലും ഴാങ്ങിന്റെ മനോവികാരങ്ങൾ എന്താവാം? അയാളുടെ പ്രതികരണങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

tharapadam_malayalam_mavelikara

ഉത്തരസൂചന: ഴാങ്ങിന്റെ കണ്ണ രണ്ടും മിഴിഞ്ഞുപോയി. മനുഷ്യനെക്കൊണ്ട് പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാവവിശേഷത്തോടു കൂടി അയാൾ മെത്രാനെ തുറിച്ചു നോക്കി. മെത്രാൻ തന്നോടു ക്ഷമിച്ചു എന്ന് വിശ്വസിക്കാൻ ഴാങ്ങിനു കഴിയുന്നില്ല. താൻ ചെയ്തതിനെയോർത്ത് തീർച്ചയായും അയാൾക്ക് കുറ്റബോധം തോന്നിക്കാണും. സ്നേഹം കൊണ്ട് കീഴടക്കുകയായിരുന്നു മെത്രാൻ.

**3.** പരലോകത്തു വച്ച് ഇഹലോകകർമ്മങ്ങളെ വിചാരണയ്ക്കെടുക്കുമ്പോഴത്തെ തുളഞ്ഞു കയറുന്നതും ഭയംജനിപ്പിക്കുന്നതുമായ കാഹളശബ്ദംപോലെ തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലടിച്ചു. ഴാങ് വാൽഴാങ്ങിന്റെ മാനസികാവസ്ഥ പ്രതിഫലിക്കാൻ ഈ വരികൾക്ക് എത്ര മാത്രം കഴിയുന്നുണ്ട്?

ഉത്തരസൂചന: മോഷണവ്യഗ്രത, വിശ്വാസവഞ്ചന നടത്തിയെന്ന അപരാധബോധം, മറ്റുള്ളവർ പിടികൂടുമെന്ന ഭീതി

**4.** പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവം. ഒരു നായയെപ്പോലെ എല്ലാവരെയും എഴുന്നേൽപ്പിക്കാൻ അപകടമറിയിക്കാൻ കുരയ്ക്കുന്നു. - പൂച്ച, പട്ടി എന്നീ മൃഗങ്ങളുടെ രീതികളുമായി ഴാങ് വാൽഴാങ്ങിന്റെ മോഷണശ്രമത്തെ ബന്ധിപ്പിച്ചതിന്റെ ഔചിത്യം പരിശോധിക്കുക.

ഉത്തരസൂചന: എത്ര സ്നേഹം കാണിച്ചാലും അവസരമൊത്തുവന്നാൽ മോഷ്ടിക്കുന്ന പൂച്ച - ഴാങ് വാൽഴാങ്ങുമായി നല്ല സാദൃശ്യം. നായ ഒരുവീട് എപ്രകാരമാണോ സംരക്ഷിക്കുന്നത് അതേകാര്യം ഇവിടെ തിരികുറ്റി ചെയ്യുന്നു. തിരികുറ്റിയുടെ ശബ്ദം ഉറങ്ങുന്നവരെ ഉണർത്താനാണ് എന്ന് സൂചന.

thirapalam_malayalam_mavelikara

**താഴെത്തന്നിട്ടുള്ള ചോദ്യങ്ങൾക്ക് അര പേജിൽ ഉത്തരം എഴുതുക. 4 മാർക്ക് വീതം**

**1** ഉപ്പുകൊണ്ടുള്ള പ്രതിമ പോലെ, അയാൾ നിന്നേടത്തു തന്നെ മിഴിച്ചുകൊണ്ടുനിന്നു 'ഴാങ്ങിനെ ഉപ്പുപ്രതിമയോട് ഉപമിച്ചതിന്റെ ഔചിത്യമെന്ത്?

ഉത്തരസൂചനകൾ : ഉപ്പുപ്രതിമ കാരിരുമ്പിന്റെ പ്രതിമപോലെ കരുത്തുള്ളതല്ല, ചൂടേറ്റ് ഉറഞ്ഞുപോയ ലവണമാണ് ഉപ്പ്. പെട്ടെന്നുതന്നെ മറ്റൊരു രൂപത്തിലേക്ക് അതിനെ മാറ്റാം. സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടുമാത്രം കുറ്റവാളിയായ ആളാണ് ഴാങ്. സ്നേഹവും കരുതലും അയാളെ മാറ്റിമറിക്കുന്നു.

**2.** **19**വർഷക്കാലം ജയിൽശിക്ഷ അനുഭവിച്ചിട്ടും ഉണ്ടാകാത്ത മനംമാറ്റമാണ് കേവലം ഒരുരാത്രിയിലെ മെത്രാന്റെ പെരുമാറ്റത്തിലൂടെ ഴാങ്ങ് വാൽഴാങ്ങിന് കൈവന്നത്. ചെറിയകുറ്റത്തിന് വലിയശിക്ഷ നൽകുന്ന നിയമവ്യവസ്ഥ മാത്രമല്ല, തെറ്റുകുറ്റങ്ങൾക്ക് മാപ്പുനൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥ കൂടി ലോകത്തുണ്ടെന്ന് ഴാങ്ങ് തിരിച്ചറിയുന്നതപ്പോഴാണ്' - ഈ പ്രസ്താവന വിലയിരുത്തി കുറിപ്പുതയ്യാറാക്കുക

ഉത്തരസൂചനകൾ : ആരാലും സ്വീകരിക്കപ്പെടാതിരുന്ന ഴാങ്ങിനെ ഒരു വിശിഷ്ട വ്യക്തിയെന്നോണം മെത്രാൻ സ്വീകരിച്ചു. പോലീസുകാരിൽനിന്നും രക്ഷിക്കുന്നു, മെഴുകുതിരിക്കാലുകളും സമ്മാനിക്കുന്നു. സ്നേഹം കൊണ്ട് വീർപ്പുമുട്ടിക്കുന്നു.

**3.** ഴാങ് വാൽഴാങ്ങ് വാതിൽതള്ളിത്തുറക്കുന്നതുമായി ബന്ധപ്പെട്ട സാദൃശ്യകൽപ്പനകളുടെ സവിശേഷതകൾ വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.

ഉത്തര സൂചനകൾ: അകത്തുകടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ ഭാവം, ഇഹലോകകർമങ്ങളെ വിചാരണയ്ക്കെടുക്കുന്ന സമയത്തെ കാഹളശബ്ദം പോലെ തിരികുറ്റി നായയായി മാറുന്നതും കുരയ്ക്കുന്നതും രണ്ട് ചെന്നിക്കുമുള്ള രക്തനാഡികൾ കൊല്ലന്റെ രണ്ടുകൂടങ്ങൾപോലെ ആഞ്ഞടിക്കുന്നതും ഗുഹയിൽനിന്ന് പുറപ്പെടുന്ന കാറ്റിന്റെ ഇരമ്പിച്ചയോടുകൂടി നിശ്വാസവായു പുറത്തേക്ക്.

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഒരു പേജിൽ ഉത്തരമെഴുതുക. .5 മാർക്ക് വീതം

**1.** പൗരോഹിത്യത്തിന്റെ ഉദാത്തവുംഉജ്ജ്വലവുമായ മാതൃകയാണ് മെത്രാൻ. പാഠപുസ്തകത്തിലെ ആശയങ്ങൾ പ്രയോജനപ്പെടുത്തി ഉപന്യാസം തയ്യാറാക്കുക.

ഉത്തര സൂചനകൾ: ➡️ലളിതജീവിതത്തിന്റെ മഹത്തായ മാതൃക സ്വജീവിതത്തിൽ പകർത്തുന്നു. ആഡംബരത്തിന്റെ തൊങ്ങലുകൾ നിരർത്ഥകമെന്ന് സ്ഥാപിക്കുന്നു. ഒരു കഷ്ണം അപ്പം, ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരംകൊണ്ടുള്ള മുള്ളുംകൈലും കൂടി ആവശ്യമില്ല. ➡️അദ്ധ്വാനിക്കുന്നവർക്കും ഭാരംവഹിക്കുന്നവർക്കും ആശ്രയമാകേണ്ടവനാണ് പുരോഹിതൻ. ഴാങ് വാൽഴാങിന് അഭയം നല്കുന്ന ഭൃതദയ ➡️കേടുവന്ന പൂച്ചെടിയെ നോക്കി വ്യസനിക്കുന്നു. ➡️തെറ്റുകുറ്റങ്ങൾക്ക് മാപ്പു നൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥ. ➡️നന്മയുടെ വിളക്കുമരം. സർവർക്കും അഭയസ്ഥാനമായി സദാനിലയുറപ്പിക്കുന്നു.

tharapadam_malayalam_mavelikara

**2.** കഥാപാത്ര നിരൂപണം തയ്യാറാക്കൽ

**'ഡി നഗരത്തിലെമെത്രാൻ'**

ഉത്തരസൂചനകൾ : ഴാങ്ങ് വാൽഴാങ്ങ് എന്ന കുറ്റവാളിയെ സ്വീകരിക്കുന്നു, വെള്ളിസ്സാമാനങ്ങൾ പാവങ്ങൾക്കുള്ളതാണ് എന്ന നിലപാട്, ഴാങ്ങിനെ പോലീസുകാരിൽ നിന്നും രക്ഷപെടുത്തുന്നു, ഴാങ്ങിനോട് ക്ഷമിക്കുകയും സ്നേഹം കൊണ്ട് വീർപ്പുമുട്ടിക്കുകയും ചെയ്യുന്നു.

**3.** പരലോകത്തു വച്ച് **..........** കാഹളശബ്ദം പോലെ

അതു പെട്ടെന്ന് ഒരു ഭയങ്കര **.......** ഒരു നായയെപ്പോലെ

രണ്ട് ചെന്നി **..........** കൊല്ലന്റെ കൂടങ്ങൾ പോലെ

തിരികുറ്റി**.......** ഭൂകമ്പത്തിന്റെ ഉപ്പുക്കൊണ്ടുള്ള **'**

ഈ ആലങ്കാരിക കല്പനകൾ കഥയ്ക്ക് ഭാവതീവ്രത കൂട്ടുന്നുണ്ടോ **?** വിലയിരുത്തുക

ഉത്തരസൂചനകൾ: **19**വർഷം ജയിലിൽക്കിടന്ന കുറ്റവാളിയാണ് ഴാങ്. ചെറിയകുറ്റത്തിന് വലിയശിക്ഷ വാങ്ങി, എല്ലാവരാലും തിരസ്കരിക്കപ്പെടുന്നു. അമർഷംപുകയുന്ന മനസ്സിന്റെ ഉടമ, സംഘർഷങ്ങൾ, ആകുലതകൾ നിറഞ്ഞ മനസ്സിനെ മേൽപ്പറഞ്ഞ ഉപമകൾ പ്രതീകവല്ക്കരിക്കുന്നു, കഥയ്ക്ക് ഭാവം നല്കുന്നു, ആലങ്കാരികകല്പനകൾ എപ്പോഴും അർത്ഥത്തെയും ഭാവത്തെയും ദൃഢീകരിക്കുന്നു.

**4..** **"പാവങ്ങൾ"** എന്ന പാഠഭാഗം നൽകുന്ന സന്ദേശം ഉൾക്കൊള്ളിച്ച് സ്കൂൾ അസംബ്ലിയിൽ നടത്താൻ ഒരു ലഘുപ്രസംഗം തയ്യാറാക്കുക.

tharapadam_malayalam_mavelikara

**ഉത്തരസൂചനകൾ : ⇨പ്രസംഗത്തിന്റെ ഘടന, ⇨നമുക്ക് സ്വന്തമെന്നു തോന്നുന്നവയെല്ലാം മറ്റുള്ളവരുടേത് കൂടിയാണ്. ⇨ഒരാളെ കുറ്റവാളിയാക്കുന്നതിൽ സമൂഹത്തിന് വലിയ പങ്കുണ്ട്. ⇨മെത്രാനെപ്പോലെ സഹജീവി സ്നേഹമുള്ളവരായി എല്ലാവരും വളരണം.**

tharapadam_malayalam_mavelikara

## യൂണിറ്റ്- 2

## അനുഭൂതികൾ ആവിഷ്ക്കാരങ്ങൾ

- വിശ്വരൂപം
- പ്രിയദർശനം
- കടൽത്തീരത്ത്

### I. വിശ്വരൂപം (കഥ) - ലളിതാംബിക അന്തർജനം

കുഞ്ഞുങ്ങളെ പ്രസവിച്ചാൽ മാത്രം പോരാ, സ്നേഹവാത്സല്യങ്ങൾ നൽകി വളർത്തുകയും വേണമെന്ന് വാർധക്യത്തിൽ തിരിച്ചറിഞ്ഞ സ്ത്രീയുടെ വിശ്വരൂപത്തിന്റെ മഹത്ത്വം ഉൾക്കൊണ്ട താഴത്തുകുഞ്ഞുക്കുട്ടിയമ്മയുടെ കഥയാണ് ലളിതാംബിക അന്തർജനത്തിന്റെ വിശ്വരൂപം. വളരെ പ്രതാപത്തോടെ ജീവിച്ചിരുന്ന സ്ത്രീയായിരുന്ന മിസ്സിസ് തലത്ത്. വിദേശത്തായിരുന്ന അവരുടെ വാസം. വിദേശകാര്യവകുപ്പിൽ ഉയർന്നഉദ്യോഗസ്ഥനായ ഡോ.തലത്തിന്റെ ഭാര്യ.

tharapadam_malayalam_mavelikara

ഭർത്താവിനോടൊപ്പം ആഘോഷങ്ങളിലുംസൽക്കാരങ്ങളിലും അവർ നിറഞ്ഞുനിന്നു. ആദ്യമായി വീട്ടിൽച്ചെന്ന തന്നെ ഡോ.തലത്ത് ഭാര്യയ്ക്ക് പരിചയപ്പെടുത്തിയസന്ദർഭം സുധീർ ഓർക്കുന്നു. ഒരു യജമാനത്തിയുടെ അകൽച്ചപാലിച്ച് അവർ സുധീറിനു നേരെ കൈനീട്ടി. ആ അകൽച്ച അവർ എല്ലാവരോടും പാലിച്ചിരുന്നു. ഹൃദയംതുറന്നുചിരിക്കാനോകരയാനോ ഒന്നും അവർക്ക് കഴിഞ്ഞിരുന്നില്ല. ഔപചാരികമായിരുന്നു അവരുടെ ഇടപെടലുകളെല്ലാം. മക്കളെ ലാളിക്കുകയോശാസിക്കുകയോശിക്ഷിക്കുകയോ ചെയ്തില്ല. നാലുമക്കളും ബോർഡിംഗിലും മറ്റുംവളർന്നു. വർഷങ്ങൾക്കുശേഷം മിസ്സിസ് തലത്തിനെ സുധീർ കാണുന്നു. പട്ടണത്തിന്റെ ഒഴിഞ്ഞകോണിലുള്ള വീട്ടിലാണ് ഇപ്പോൾ അവരുടെതാമസം. കാലം അവരിൽ വലിയമാറ്റങ്ങൾ വരുത്തിയിരുന്നു. താപസോചിതമായിരുന്നുവേഷം. ഭർത്താവ്മരിച്ചു. മക്കൾനാലുപേരും നാലിടങ്ങളിൽ. വാർധക്യകാലത്ത് ഒറ്റപ്പെട്ടുപോയി അവർ. ഈമാറ്റങ്ങളൊക്കെ അവരുടെജീവിതത്തിലും പ്രകടമായി. അമ്മയെന്നഭാവമാണ് സ്ത്രീയുടെ വിശ്വരൂപമെന്ന ശാശ്വതസത്യം ഉദ്ഘോഷിക്കുന്നകഥയാണ് വിശ്വരൂപം.

tharapadam_malayalam_mavelikara

## II. പ്രിയദർശനം (നളിനി , ഖണ്ഡകാവ്യം) - കുമാരനാശാൻ

മലയാളകവിതയിലെ സ്ത്രീസങ്കല്പങ്ങളെ മാറ്റിമറിച്ച കവിതയാണ് കുമാരനാശാന്റെ നളിനി എന്ന ഖണ്ഡകാവ്യം. നളിനിയും ദിവാകരനും കളിക്കൂട്ടുകാരായിരുന്നു. ഒരുമിച്ച് പാഠശാലയിൽപഠിച്ചവർ. സ്നേഹം പങ്കുവച്ചുവളർന്നവർ. യുവാവായപ്പോൾ ദിവാകരൻ സന്ന്യാസത്തിൽ തല്പരനായി നാടുവിട്ടു. തന്റെവിവാഹം നിശ്ചയിച്ചതറിഞ്ഞ നളിനി ദിവാകരനെത്തേടിയലഞ്ഞു. നിരാശയായിരുന്നു ഫലം. ജീവിതം അവസാനിപ്പിക്കുവാൻ തീരുമാനിച്ച അവളെ ഒരുസന്ന്യാസിനി രക്ഷിച്ച് ആശ്രമത്തിലേക്കുകൊണ്ടുപോയി. ദിവാകരനെത്തന്നെ ധ്യാനിച്ച് അവളുടെ ഓരോദിവസവും കടന്നുപോയി. വർഷങ്ങൾക്കുശേഷം അവൾ ദിവാകരയോഗിയെ കണ്ടുമുട്ടുന്നു. ആനിമിഷം തന്റെ കഷ്ടകാലമെല്ലാം മാറി താൻ ധന്യയായെന്നു നളിനി വിചാരിച്ചു. ദിവാകരൻ തന്നെ ഓർക്കുന്നുണ്ടോ വിസ്മരിച്ചോ എന്നതൊന്നും അവൾ കാര്യമാക്കുന്നില്ല. തിരിച്ചൊന്നും പ്രതീക്ഷിക്കാതെ സ്നേഹിക്കുന്ന നളിനിയെയാണ് കുമാരനാശാൻ അവതരിപ്പിക്കുന്നത്. കറപുരളാത്തസ്നേഹത്തിന്റെ അടയാളമായി നളിനിമാറുന്നു.

tharapadam_malayalam_mavelikara

## III. കടൽത്തീരത്ത് (കഥ)- ഒ. വി. വിജയൻ

വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട തന്റെമകൻ കണ്ടുണ്ണിയെ കാണാൻ വൃദ്ധനായ വെള്ളായിയപ്പൻ പാഴുതറ ഗ്രാമത്തിന്റെ മുഴുവൻവേദനയും ഏറ്റുവാങ്ങി കണ്ണൂർജയിലിലേക്ക് യാത്രയാവുന്നു. പണമില്ലാത്തതുകൊണ്ട് കുടുംബക്കാർക്കോ അയൽവാസികൾക്കോ നിസ്സഹായനായ ആ വൃദ്ധനെ പിന്തുടരാൻ കഴിഞ്ഞില്ല. പാഴുതറയുടെ പ്രതിനിധിയായി ഗ്രാമവാസികളുടെ നിലവിളികൾക്ക് സാക്ഷ്യം വഹിച്ച് അയാൾ നാട്ടുപാതയിലൂടെ നടന്നു. പുലർച്ചെ വെള്ളായിയപ്പൻ ജയിലിലെത്തി. വികാരതീവ്രമായ കണ്ടുമുട്ടലിൽ കണ്ടുണ്ണി തന്റെ നിരപരാധിത്വം വിളിച്ചുപറയുന്നു. പിറ്റേദിവസം വെളുപ്പിന് മകന്റെ മൃതശരീരം പാറാവുകാരനിൽ നിന്ന് ഒരു പേറ്റിച്ചിയെപ്പോലെ ഏറ്റുവാങ്ങി. ഉന്തുവണ്ടിയിൽ കൊണ്ടുപോയ കണ്ടുണ്ണിയുടെ ശവംകുഴിച്ചുമൂടി. കോടച്ചിനൽകിയ പൊതിച്ചോറ് മകനുള്ള ബലിതർപ്പണമെന്നോണം വെള്ളായിയപ്പൻ കടപ്പുറത്ത് വിതറി. ബലിക്കാക്കകൾ അത് സ്വീകരിക്കാനെത്തുന്നതോടെ കഥ അവസാനിക്കുന്നു.

## ഒരു മാർക്കിനുള്ള ചോദ്യോത്തരങ്ങൾ

**1.** "വീടിനെ കുറിച്ചോർക്കുന്നത് അദ്ദേഹത്തിനൊരു ലഹരിയായിരുന്നു'. അദ്ദേഹം എന്നത് കൊണ്ട് സൂചിപ്പിക്കുന്നതാരെയാണ്?

ഉത്തരം : ഡോ. തലത്ത്.

**2.** ആശയഗംഭീരൻ, ഉജ്ജ്വല ശബ്ദാഢ്യൻ, ശബ്ദസൗകുമാര്യൻ എന്നീ വിശേഷണങ്ങളിൽ കുമാരനാശാന് യോജിച്ചത് ഏത്?

ഉത്തരം : ആശയഗംഭീരൻ

**3.** "കടൽത്തീരത്ത് എന്ന കഥയുടെ ഏറ്റവും വലിയ സവിശേഷത അതിലെ മൗനങ്ങളാണ്. കഥയിലെ ഏറ്റവും പ്രധാനപ്പെട്ട മൗനം ഏതാണ്?

ഉത്തരം : ജയിലിൽ വെച്ച് വെള്ളായിയപ്പനും മകനും തമ്മിൽ കണ്ടുമുട്ടുമ്പോഴുണ്ടാകുന്ന മൗനം.

tharapadam_malayalam_mavelikara

## <u>യൂണിറ്റ് 2</u>

## അനുഭൂതികൾ ആവിഷ്കാരങ്ങൾ

## പാഠം വിശ്വരൂപം ലളിതാംബിക അന്തർജ്ജനം

### ആശയ സംഗ്രഹം

ലളിതാംബിക അന്തർജനത്തിന്റെ ശ്രദ്ധേയമായ ചെറുകഥയാണ് വിശ്വരൂപം " .സുധീർ എന്ന ചെറുപ്പക്കാരൻ വര്ഷങ്ങൾക്ക് മുൻപ് തന്റെ മേലുദ്യോഗസ്ഥനായിരുന്ന ഡോക്ടർ തലത്തിന്റെ ഭാര്യയെ അന്വേഷിച്ചു നഗരത്തിനു പുറത്തുള്ള അവരുടെ വീട്ടിൽ എത്തുന്നത് വിവരിച്ചു കൊണ്ടാണ് കഥ ആരംഭിക്കുന്നത് .തന്റെ പ്രതീക്ഷകൾക്കു വിരുദ്ധമായി ആഡംബരത്തിന്റെ ആൾരൂപമായിരുന്ന മിസ്സിസ് തലത്തിനെയല്ല അയാൾക്ക് കാണാൻ കഴിഞ്ഞത് .താഴത്തു കുഞ്ഞിക്കുട്ടിയമ്മ എന്ന വൃദ്ധയായ ഗ്രാമീണ സ്ത്രീയെയാണ് .ജീവിത സായാഹ്നത്തിൽ അവർക്കു സംഭവിച്ച മാറ്റം അവർ സംഭാഷണത്തിൽ വിശദീകരിക്കുന്നുണ്ട്.ഒരു സ്ത്രീയുടെ ജീവിതത്തിലെ രണ്ടു വ്യത്യസ്ത ജീവിതാവസ്ഥകളെ ആവിഷ്കരിക്കുന്ന കഥാപാത്രമാണ് താഴത്തു കുഞ്ഞിക്കുട്ടിയമ്മ .

### 1 മാർക്ക്

1.നമുക്ക് അഞ്ചാമതൊരു കുട്ടി ഉണ്ടായിരിക്കുന്നു .പക്ഷെ ഒരു വ്യത്യാസമുണ്ട് . <u>അവൻ കുറച്ചുനാൾ നമ്മോട് കൂടി താമസിക്കും</u>. അടിവരയിട്ടിരിക്കുന്ന പ്രയോഗത്തിൽ ഡോക്ടർ തലത്ത് ഒളിച്ചു വച്ചിരിക്കുന്ന സൂചനയെന്ത്?

2 ."സ്ഥല കാലങ്ങളോട് പൊരുത്തപ്പെടാത്ത അതിഥി " ഈ പ്രയോഗത്തിന്റെ അർത്ഥ സാധ്യത എന്തായിരിക്കാം ?

3 . ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു മാഡം വൃദ്ധന്റെ ഈ വാക്കുകളിൽ തെളിയുന്ന മാനസികാവസ്ഥ എന്ത്?

### 11 . രണ്ടുമാർക്ക്

1 . ജീവിതസായാഹ്നത്തിൽ കർത്തവ്യങ്ങൾ വിസ്മരിച്ചതിൽ പാശ്ചാത്തപിക്കുന്ന മാതൃത്വത്തിന്റെ പ്രതീകമായി താഴത്ത്കുഞ്ഞികുട്ടിയമ്മ എന്ന കഥാപാത്രത്തെ ചൂണ്ടിക്കാണിക്കാൻ കഴിയുമോ ?

2 . മിസ്സിസ് തലത്തിൽനിന്നും താഴത്ത് കുഞ്ഞികുട്ടിയമ്മ എന്ന വ്യക്തിയിലേക്കുള്ള മാറ്റത്തെ വിശ്വരൂപം എന്ന തലക്കെട്ടുമായി ബന്ധിപ്പിച്ചു കുറിപ്പ് തയ്യാറാക്കുക.

3 . മാഡം തലത്ത് മരിച്ചുപോയി മോനെ . ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി. ഈ വാക്കുകൾ അവരുടെ ജീവിതത്തെക്കുറിച്ചു നൽകുന്ന സൂചനകൾ എന്തെല്ലാം ---- വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക .

**3 മാർക്ക്**

1 )" ഔപചാരികമായി ചിട്ടപ്പെടുത്താതെ ചിരിക്കാനൊ കരയാനോകൂടി മാഡം തലത്തിന് കഴിയുമായിരുന്നില്ല. " നാഗരികതയുടെയും ഔദ്യോഗിക പദവികളുടേയും നിറപ്പകിട്ടുകൾക്കുള്ളിൽ യാന്ത്രികമായിപോകുന്ന മനുഷ്യാവസ്ഥയുടെ പ്രതീകമാണോ മാഡം തലത്ത് . മുകളിൽ സൂചിപ്പിച്ച പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക

2) മിസ്സിസ് തലത്തിന്റെയും സുധീറിന്റെയും സംഭാഷണത്തിൽ തെളിയുന്ന സൂചനകൾ വെച്ച് ഡോക്ടർ തലത്ത് എന്ന വ്യക്തിയെക്കുറിച്ചു നിങ്ങൾ മനസ്സിലാക്കിയ സ്വഭാവ ചിത്രം എഴുതുക

**4 മാർക്ക്**

1. " കാലത്തിനും ദേശത്തിനും അനുസരിച്ചു രൂപപ്പെട്ട വ്യക്തിത്വമാണ് മിസ്സിസ് തലത്തിന്റേത്".

ജീവിതാവസ്ഥയ്ക്കു അനുസരിച്ച് വേഷം കെട്ടേണ്ടി വന്ന മനുഷ്യരുടെ പ്രതീകമാണോ മിസ്സിസ് തലത്ത് ----- കുറിപ്പ് തയ്യാറാക്കുക .

III (2) . "മക്കളുമായി ഊഷ്മളമായി ബന്ധം സ്ഥാപിക്കാൻ കഴിയാതെ പോയ കഥാപാത്രമാണ് മിസ്സിസ് തലത്ത് ".

നാഗരിക ജീവിതത്തിന്റെ നിറപ്പകിട്ടുകൾക്കുള്ളിൽ പെട്ട് പോകുന്ന മനുഷ്യർക്ക് സാധാരണ സംഭവിക്കുന്ന ദുരന്തമായി ഇതിനെ സങ്കല്പിക്കാമോ ? വിമർശനാത്മകമായി വിലയിരുത്തുക .

tharapatham malayalam _mavelikara

**5 മാർക്ക്**

1.' വിശ്വരൂപം ' എന്ന ശീർഷകം കഥയ്ക്ക് നൽകുന്ന അർഥസൂചനകൾ മിസ്സിസ് തലത്ത് എന്ന കഥാപാത്രത്തെ മുൻനിർത്തി വിശകലനം ചെയ്യുക .

2 ." യാന്ത്രികമായ ജീവിതസാഹചര്യങ്ങളിൽ വളർന്നു വരുന്ന കുട്ടികൾ ഊഷ്മളമായ സ്നേഹബന്ധങ്ങൾ സൂക്ഷിക്കുന്നില്ല " മിസ്സിസ് തലത്തിന്റെ മക്കളുടെ സ്വഭാവം വിശകലനം ചെയ്ത് ഒരു ലഘു ഉപന്യാസം തയ്യാറാക്കുക

tharapadam_malayalam_mavelikara

## യൂണിറ്റ്-2
## പ്രിയദർശനം

1 മാർക്കിന്റെ ചോദ്യങ്ങൾ

1. കഷ്ടകാലമഖിലം കഴിഞ്ഞു; ഹാ

ഇവിടെ ഹാ എന്ന ശബ്ദം കാവ്യ സന്ദർഭത്തിൽ ധ്വനിപ്പിക്കുന്ന ഭാവം?

1. അത്ഭുതം
2. ആശ്വാസം
3. സങ്കടം
4. പരിഹാസം

ഉത്തരം: ആശ്വാസം

2'ഏകമർത്ഥിയാം പ്രാണിതൻ പ്രിയ മൊരിക്കലീശ്വരൻ'. ഇവിടെ അർത്ഥി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതാരെ?

1. നളിനി
2. ദിവാകരൻ
3. സന്യാസിനി
4. ലീല

ഉത്തരം: നളിനി

3." ഭാവശാലികൾ പിരിഞ്ഞു കൂടിയാൽ

ഈ വിധം വികലമാം സുഖോദയം". ഭാവശാലികൾ എന്ന വാക്കിന്റെ അർത്ഥം എന്ത്?

1. സ്നേഹമുള്ളവർ
2. അലിവുള്ളവർ
3. ഭാവമുള്ളവർ
4. അനുകമ്പയുള്ളവർ

ഉത്തരം: സ്നേഹമുള്ളവർ

4. ' നിന്നെയൊരിളം കുരുന്ന തായ്

കണ്ടു ഞാൻ സപദി വല്ലിയായി നീ.' ആരെക്കുറിച്ചാണ് ഈ പരാമർശം.

1. നളിനി
2. വാസവദത്ത
3. ലീല
4. മാതംഗി

ഉത്തരം: നളിനി

tharapadam_malayalam_mavelikara

5.' ഒരു സ്നേഹം' എന്നു കൂടി അറിയപ്പെടുന്ന ആശാന്റെ ഖണ്ഡകാവ്യം?

1. നളിനി

2. ലീല

3. ദുരവസ്ഥ

4. കരുണ

ഉത്തരം: നളിനി

6. ചാരുശൈശവം- വിഗ്രഹിക്കുക.

1 ചാരുവായ ശൈശവം

2. ചാരുവും ശൈശവവും

3. ചാരുവാകുന്ന ശൈശവം

4. ചാരുള്ള ശൈശവം

ഉത്തരം: ചാരുവായ ശൈശവം

2 മാർക്കിന്റെ ചോദ്യങ്ങൾ

1. കഷ്ടകാലമഖിലം കഴിഞ്ഞു എന്ന് നളിനി ആശ്വസിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ?

ഉത്തരം: ദിവാകരദർശനം സാധ്യമായതിനാൽ,
ദിവാകരനോടൊപ്പം ഒരു കുടുംബ ജീവിതം നയിക്കാമെന്നുള്ള അമിത പ്രതീക്ഷ

2. ധന്യയായ് സപദി കാൺക മൂലമ- ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും ഈ വരികളിൽ തെളിയുന്ന നളിനിയുടെ മാനസികാവസ്ഥ വ്യക്തമാക്കുക?

ഉത്തരം: ദിവാകരനോടുള്ള സ്നേഹതീവ്രത,
ദിവാകരൻ തന്നെ ഓർത്താലും ഓർക്കാതിരുന്നാലും തന്റെ സ്നേഹത്തിൽ മാറ്റമില്ല. നളിനിയുടേത് അനശ്വരമായ സ്നേഹമാണ്.

3 മാർക്കിന്റെ ചോദ്യങ്ങൾ

1.'' ഭവാനുപണ്ടിഷ്ടയാം നളിനി ഞാൻ മഹാമതേ''. നളിനിയുടെ ഈ ഓർമ്മപ്പെടുത്തലിന്റെ ഔചിത്യം എന്ത്?

ഉത്തരം: ആഗ്രഹസാഫല്യം, ബാല്യകാലസ്മരണകൾ, സ്നേഹ ബന്ധത്തിന്റെ തീവ്രത

2.'' നിന്നിലീ പ്രണയ ചാപലത്തെ ഞാനന്നു മിന്നുമൊരു പോലെ വത്സലേ''. ഇങ്ങനെ ദിവാകരൻ പറയാനുള്ള കാരണം എന്ത്?

ഉത്തരം: ദിവാകരന്റെ സ്നേഹം കേവലം മാംസ നിബദ്ധമല്ലായിരുന്നു, ദിവാകരൻ വാൽസല്യത്തോടെ നളിനിയെ സമീപിക്കുന്നു, നളിനിയുടെ മനോഗതം ദിവാകരൻ നന്നായി മനസിലാക്കിയിട്ടുണ്ട്

3. 'ആയതത്ത്വമറിവിന്നു മാർന്നു ' എന്ന് ദിവാകരൻ അഭിപ്രായപ്പെടാൻ കാരണം എന്ത്?

ഉത്തരം: നളിനിയുടെ മനോഗതം അറിഞ്ഞ് അവളെ പിന്തിരിപ്പിക്കാൻ, മനുഷ്യർ ആഗ്രഹ പൂർത്തിക്കായി പ്രവർത്തിക്കും എന്ന തിരിച്ചറിവ്, തന്റെ ജീവിതം മറ്റുള്ളവർക്കു വേണ്ടിയാണ് എന്ന ഓർമ്മപ്പെടുത്തൽ

4. 'മൊഴി കുഴങ്ങി നിന്നവൾ' ഈ വർണ്ണനയുടെ സാംഗത്യം ?

ഉത്തരം: നളിനിയുടെ വൈകാരികാവസ്ഥ, അപ്രതീക്ഷിതമായി കണ്ടുമുട്ടിയതിലുള്ള സന്തോഷം, സുഖ ദുഃഖ സമ്മിശ്രമായ മാനസികാവസ്ഥ

4 മാർക്കിന്റെ ചോദ്യങ്ങൾ

dhanapadam_malayalam_mavelikara

1. ചമൽക്കാരഭംഗി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

" ധീരനായ യതി നോക്കി തന്വിതൻ

ഭൂരി ബാഷ്പരിപാടലം മുഖം

പൂരിതാഭയൊടുസ്സിൽ മഞ്ഞു തൻ ധാരയാർന്ന പനിനീർ സുമോപമം".

സൂചനകൾ: സാദൃശ്യകല്പന

ഔചിത്യ ഭംഗി

ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്

2. താഴെപ്പറയുന്ന വരികളുടെ കാവ്യപരമായ സവിശേഷതകൾ വ്യക്തമാക്കിക്കൊണ്ട് ആശയഭംഗി കുറിയ്ക്കു ക.

" കണ്ടുടൻ സ്വയമറിഞ്ഞിടാത്ത തോർ-

ത്തിണ്ടൽ വേണ്ട സഖികേണ്ടിടേണ്ട കേൾ

പണ്ടു നിന്നെയൊരിളം കുരുന്നതായ് കണ്ടു ഞാൻ, സപദി വല്ലിയായി നീ"

സൂചനകൾ: കാവ്യപരമായ പ്രത്യേകതകൾ കണ്ടെത്തിയിട്ടുണ്ട്,

ശബ്ദഭംഗി തിരിച്ചറി ഞ്ഞിട്ടുണ്ട്,

ആശയം വിശകലനം ചെയ്തിട്ടുണ്ട്

3.' ഭവാനു പണ്ടിഷ്ടയാം നളിനി '. നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിന് കാരണമെന്ത്?

സൂചനകൾ: ആശയ സൂചന, സന്ദർഭ വിശകലനം, ക്രോഡീകരണം

5 മാർക്കിന്റെ ചോദ്യങ്ങൾ

1.'പ്രാണനോടുമൊരുനാൾ ഭവൽപദം

കാണുവാൻ ചിരമഹോ! കൊതിച്ച ഞാൻ'

'ധന്യയായ് സപദി കാൺക മൂലമ-

ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും"

സ്നേഹ ഗായകനായ ആശാനെയാണോ വരികളിൽ കാണാനാകുന്നത് ? വരികൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക

സൂചനകൾ: ആമുഖം, ആശയ വിശകലനം, ആശാന്റെ സ്നേഹ സങ്കല്പം വിശദമാക്കിയിട്ടുണ്ട്, ഉപസംഹാരം

2.' അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ'(കുമാരനാശാൻ)

'അവനവനാത്മസുഖത്തിനാചരിക്കുന്ന വ-

യപരന്നു സുഖത്തിനായി വരേണം'(ശ്രീനാരായണ ഗുരു)

തന്നിരിക്കുന്ന വരികളിലെ ജീവിത ദർശനം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

സൂചനകൾ: ആമുഖം, ആശയം, താരതമ്യപ്പെടുത്തൽ, ജീവിത ദർശനം കണ്ടെത്തൽ, ഉപസംഹാരം

thanpadam_malayalam_mavelikara

## കടൽത്തീരത്ത്- ഒ.വി.വിജയൻ

1 മാർക്കിന്റെ ചോദ്യങ്ങൾ

1. ഇുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞി നനവ് കൈയ്യിൽ തട്ടി. ഒരു പിതാവ് എന്ന നിലയിൽ ഇവിടെ തെളിയുന്ന വെള്ളായിയപ്പന്റെ ഭാവം എന്ത്?

. ആർദ്രത

. വിദ്വേഷം

. അനുകമ്പ

. വാത്സല്യം

ഉത്തരം: ആർദ്രത

2 അപരിചിതരുടെ താത്പര്യ രഹിതമായ സംഭാഷണം വെള്ളായിയപ്പന് അനുഭവപ്പെടുന്നതെങ്ങനെ?

. ആഹ്ലാദകരമായി

. നിരാശയായി

. കൊലക്കയറുകളായി

. വിസ്മയകരമായി

ഉത്തരം: കൊലക്കയറുകളായി

3. എന്തിന്റെ നനവാണ് വെള്ളായിയപ്പന്റെ കൈപ്പടങ്ങളിൽ പടർന്നത്?

. പൊതിച്ചോറിന്റെ

. കണ്ണുനീരിന്റെ

.വിയർപ്പിന്റെ

ഉത്തരം: പൊതിച്ചോറിന്റെ

4. വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്- ഈ വരിയുടെ പൊരുളെന്ത്?

. നന്മ നിറഞ്ഞ പ്രവർത്തിയുടെ പ്രസക്തി

. കടങ്ങൾ പടച്ചവൻ വീട്ടിക്കൊള്ളും എന്ന ചിന്ത

. കടം വീട്ടാനുള്ള മടി

. കടം വീട്ടേണ്ടതല്ല എന്ന തോന്നൽ

ഉത്തരം: നന്മ നിറഞ്ഞ പ്രവർത്തിയുടെ പ്രസക്തി

5. ജയിലിലെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നടതുറക്കാൻ കാത്തിരിക്കുന്നതു പോലെ .- ഇവിടെ തെളിയുന്ന പിതാവിന്റെ ഭാവം

tharapadam_malayalam_mavelikara

. വാത്സല്യം

. വിദ്വേഷം

. സഹതാപം

. അനുകമ്പ

ഉത്തരം: വാത്സല്യം

6. അപരിചിതരുടെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി.- ഈ പ്രയോഗം സന്ദർഭത്തിനു നൽകുന്ന ഭാവതീവ്രത വ്യക്തമാക്കുക?

. ഒരച്ഛൻ എന്ന നിലയിലുള്ള വെള്ളായിയപ്പന്റെ വ്യാകുലതയും സങ്കടവും

. ഒരു ഗ്രാമീണന്റെ നിസ്സ
ഹായത

.പലരുടെയും ചോദ്യങ്ങളെ നേരിടാനുള്ള വൈമുഖ്യം

2 മാർക്കിനുള്ള ചോദ്യങ്ങൾ

7. "പുലർച്ചെ ആരാ വരാമ്പറഞ്ഞത്?" പാറാവുകാരൻ പരുക്കനായി പറഞ്ഞു. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി. 'നാളെയാണ് അല്ലേ'?- പാറാവുകാരനിൽ പൊടുന്നനെ ഉണ്ടായ ഭാവമാറ്റത്തിന്റെ കാരണം വ്യക്തമാക്കുക?

ഉത്തരം: പിതാവായ വെള്ളായിയപ്പന്റെ നിസ്സഹായതയും സങ്കടവും തിരിച്ചറിഞ്ഞത്,
പോലീസുകാരനാണെങ്കിലും പുറമേ പരുക്കനാണെങ്കിലും ഒരച്ഛന്റെ വൈകാരികത തിരിച്ചറിഞ്ഞതിനാൽ

3 മാർക്കിനുള്ള ചോദ്യങ്ങൾ

8." കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം"

'എങ്ങട്ടാ ഈ രാവിലെ?'- വെള്ളായിയപ്പനോടുള്ള നാഗരിക സമൂഹത്തിന്റെ ഈ മനോഭാവത്തോടുള്ള പ്രതികരണമെന്ത്?

ഉത്തരം: എന്തിനേയും പുച്ഛത്തോടെ സമീപിക്കുന്ന പുതു തലമുറയുടെ മനോഭാവം, മുതിർന്ന തലമുറയോടുള്ള അവഗണന, മാനുഷിക മൂല്യങ്ങളുടെ അഭാവം

9. പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി. പുഴ കടന്ന് അപ്പുറത്തെ മേട്ട കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു- കഥാപാത്രത്തെ ഈ അവസ്ഥയിലേക്കെത്തിച്ച സന്ദർഭങ്ങൾ വിശകലനം ചെയ്യുക?

ഉത്തരം: മകന്റെ ബാല്യകാലത്തെപ്പറ്റിയുള്ള സ്മരണ, അച്ഛന്റെ മരണത്തെപ്പറ്റിയുള്ള ചിന്ത, വരാൻ പോകുന്ന ദുരന്ത സൂചന

10. രണ്ടു ചിത്രങ്ങൾ, അവയ്ക്കിടയിൽ രണ്ടു പേരുകൾക്കിടയിലെന്ന  പോലെ രണ്ടു വാക്കുകൾക്കിടയിലെന്നപോലെ എന്തിന്റെ യോ നിറവ്- ഈ വരികളിൽ വ്യക്തമാകുന്ന ഭാവതലം വ്യക്തമാക്കുക:-

ഉത്തരം: തന്റെ ചെറുവിരലിൽ പിടിച്ച കൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകന്റെ ഓർമ്മ, അസ്തമനത്തിലൂടെ പാടത്തേക്കിറങ്ങി നടന്ന അപ്പന്റെ ഓർമ്മ, മരണത്തെക്കുറിച്ചുള്ള സൂചന

4 മാർക്കിന്റെ ചോദ്യങ്ങൾ

11." അച്ഛനും മകനും നേരോടു നേരായി തെല്ലിട നേരം " കണ്ടുണ്ണി ശ്രവണത്തിനപ്പുറമുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു. കഥയെ ഭാവസാന്ദ്രമാക്കുന്നതിൽ ഇത്തരം മുഹൂർത്തങ്ങൾ എത്ര മാത്രം അനുയോജ്യമാണ്. കുറിപ്പ് തയ്യാറാക്കുക?

സൂചനകൾ:

ആമുഖം,

thanpadam_malayalam_mavelikara

സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്,

മറ്റു സന്ദർഭങ്ങൾ പരിഗണിക്കുന്നു,

ഉപസംഹാരം

12." അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി". "പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ അരുടെയൊക്കെയോ ദു:ഖ സഞ്ചാരങ്ങളുടെ നിഴലായി ചവിട്ടടിപ്പാത നീണ്ടു പോകുന്നു". -കാവ്യാത്മകമായ ഇത്തരം പ്രയോഗങ്ങളാണ് കടൽത്തീരത്ത് എന്ന കഥയെ മനോഹരമാക്കുന്നത്. ഉചിതമായ മറ്റു സന്ദർഭങ്ങൾ കൂടി കണ്ടെത്തി സമർത്ഥിക്കുക.

സൂചനകൾ

.ആമുഖം

. ആശയം കണ്ടെത്തിയിട്ടുണ്ട്

. മറ്റു സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്

. സ്വാഭിപ്രായം സമർത്ഥിച്ചിട്ടുണ്ട്

. ഉപസംഹാരം

5 മാർക്കിനുള്ള ചോദ്യങ്ങൾ

13." എന്റെ ഉള്ളു പൊട്ടുന്നു, എന്റെ പ്രാണൻ പറയുന്നു".

" യജമാനന്മാരേ, എന്റെ കൈയ്യിൽ പണമില്ല".

"വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു"- നൽകിയിട്ടുള്ള സൂചനകളും മറ്റു കഥാസന്ദർഭങ്ങളും പരിഗണിച്ച് വെള്ളായിയപ്പ നെക്കുറിച്ചുള്ള കഥാപ്രാ ത്ര നിരൂപണം തയ്യാറാക്കുക?

സൂചനകൾ

. ആ മുഖം

. കഥാപാത്രത്തിന്റെ രൂപഭാവം, വേഷം,മാനസികാവസ്ഥ ഇവ കണ്ടെത്തിയിട്ടുണ്ട്

. കഥയിൽ കഥാപാത്രത്തിന്റെ സ്ഥാനം

.കഥാപരിണാമത്തിൽ കഥപാത്രങ്ങൾ വഹിക്കുന്ന പങ്ക്

## GOVT VHSS CHUNAKKARA

**.എസ്.എസ്.എൽ.സി വാർഷിക മൂല്യനിർണ്ണയം 2022**

**മലയാളം - കേരള പാഠാവലി**

**യൂണിറ്റ് - 2**

വിശ്വരൂപം - ലളിതാംബിക അന്തർജ്ജനം

1 മാർക്കിന്റെ ചോദ്യങ്ങൾ

1.' നീ തന്നെ യജമാനനായിരിക്കുന്നു'. ആരെക്കുറിച്ചാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്?

. മിസ്റ്റർ തലത്ത്

. മാഡം തലത്ത്

.സുധീർ

. രവി

ഉത്തരം: സുധീർ

2.' എനിയ്ക്ക് അച്ഛനേക്കാൾ വലുതായിരുന്ന അദ്ദേഹം'. സുധീർ ആരെക്കുറിച്ചാണ് പറയുന്നത്?

harapadam_malayalam_mavelikara

. മിസ്റ്റർ തലത്ത്

. രവി

. രമേഷ്

.ഉണ്ണി

ഉത്തരം: മിസ്റ്റർ തലത്ത്

3.' മറ്റൊന്നുമില്ലെങ്കിലും

ഞാൻ ഞാനായി മരിയ്ക്കട്ടെ'. ഇങ്ങനെ പറയുന്നതാര്?

. മിസ്സിസ് തലത്ത്

. മിസ്റ്റർ തലത്ത്

.സുധീർ

. പ്രേമ

ഉത്തരം: മിസ്സിസ് തലത്ത്

4. പ്രൗഢവനിത- വിഗ്രഹിക്കുക

. പ്രൗഢയാകുന്ന വനിത

. പ്രൗഢയും വനിതയും

. പ്രൗഢയായ വനിത

.പ്രൗഢിയുടെ വനിത

5. രൂപം കൊണ്ട് പിടി കിട്ടാത്ത വ്യക്തിയെ ഉയരം കൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു. കഥാസന്ദർഭത്തിൽ പ്രകടമാകുന്ന ഭാവം എന്ത്?

. സ്നേഹം

. ദയ

. അത്ഭുതം

. വെറുപ്പ്

ഉത്തരം: അത്ഭുതം

6. ഇവിടെ വന്നിട്ട് പോലും സംശയം തീർന്നിട്ടില്ല. മാഡം ഇങ്ങനെയൊരു സ്ഥലത്ത് ഇതുപോലെ.സുധീർ ഇത്തരത്തിൽ ചിന്തിച്ചതെന്തുകൊണ്ട്?

. ആ വീട്ടിലെ വിപുലമായ സൗകര്യങ്ങൾ കണ്ടതുകൊണ്ട്

. ആ വീടും വേഷവും കണ്ടതുകൊണ്ട്

. മിസ്സിസ് തലത്തിന്റെ രൂപത്തിലും ഭാവത്തിലും മാറ്റം വരാത്തതു കൊണ്ട്

. മിസ്സിസ് തലത്ത് സുധീറിനെ തിരിച്ചറിഞ്ഞതു കൊണ്ട്

ഉത്തരം: ആ വീടും വേഷവും കണ്ടതുകൊണ്ട്

2 മാർക്കിന്റെ ചോദ്യങ്ങൾ

7. കുട്ടികളെ അമ്മ തന്നെ വളർത്തണം. എങ്കിലേ അമ്മ കുട്ടിയുടെ ഭാഗവും കുട്ടികൾ അമ്മയുടെ ഭാഗവും ആകുകയുള്ളൂ ഈ വരികളിൽ തെളിയുന്ന മിസിസ് തലത്തിന്റെ മാനസികാവസ്ഥ വ്യക്തമാക്കുക?

ഉത്തരം: കുട്ടികളെ സ്നേഹിക്കാൻ കഴിയാത്തതിലുള്ള കുറ്റബോധം ,സ്വന്തം അനുഭവത്തിൽ നിന്ന് വരുംതലമറയ്ക്ക് നൽകുന്ന ഉപദേശം

thirapadam_malayalam_mavelikara

8." നോക്കു നമുക്ക് അഞ്ചാമതൊരു കുട്ടിയുണ്ടായിരിക്കുന്നു. ഒരു മകൻ .പക്ഷേ ഒരു വ്യത്യാസമുണ്ട്. ഇവൻ കുറച്ചു നാൾ നമ്മോടു കൂടി താമസിക്കും. ഇങ്ങനെ പറയാൻ ഡോക്ടർ തലത്തിനെ പ്രേരിപ്പിച്ച സൂചനകൾ എഴുതുക?

ഉത്തരം: നാല് മക്കളുണ്ടായിട്ടും ഒരാൾ പോലും വീട്ടിൽ തനിക്കൊപ്പം കിട്ടാത്ത വിധം അകലങ്ങളിലാണ്. സുധീറെങ്കിലും അടുത്തുണ്ടാകണം എന്ന ചിന്ത, മക്കളെ വേണ്ട വിധം സ്നേഹിക്കാനും അവരിൽ നിന്നും സ്നേഹം തിരിച്ചു കിട്ടാനും അവസരം ലഭിക്കാത്ത ഒരു പിതാവിന്റെ സങ്കടം

3 മാർക്കിന്റെ ചോദ്യങ്ങൾ

9. "മാഡം എത്രയോ തവണ എനിയ്ക്ക് കാപ്പി തന്നിട്ടുണ്ട്. എന്നാൽ ഇത്രയും രുചി തോന്നിയിട്ടില്ല. വയററിയാതെ കഴിച്ചു പോകുന്നു. സുധീർ ഇങ്ങനെ പറയാനിടയായ സാഹചര്യം എന്ത്?

ഉത്തരം: മാഡം തലത്തിൽ നിന്ന് താഴത്ത് കുഞ്ഞിക്കുട്ടിയമ്മയിലേക്കുള്ള മാറ്റം, നാട്ടിൻപുറത്തിന്റെ മഹത്വം, തന്റെ അമ്മയെ കുഞ്ഞിക്കുട്ടിയമ്മയിൽ സുധീർ കാണുന്നു

10 . ഔദ്യോഗിക വിരുന്നുകളിലും പൊതു ചടങ്ങുകളിലും വച്ച് 'ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസിഡർ' എന്ന് വിളിയ്ക്കാറുണ്ടവരെ. ആരെക്കുറിച്ചാണ് ഈ പരാമർശം. എന്തുകൊണ്ട്?

ഉത്തരം: മിസ്സിസ് തലത്ത്. ഭാവത്തിലും രൂപത്തിലും വേഷവിധാനത്തിലും ഉള്ള ആഢ്യത്വം, അതിഥി സൽക്കാരവേളയിലെ ഔചിത്യമര്യാദ, മിസ്റ്റർ തലത്തിന്റെ നിഴലായി പ്രവർത്തിയ്ക്കാനുള്ള കഴിവ്

11.'നൽകിയതു മാത്രമേ നേടാനാകൂ. ഈ ചൊല്ലിനാസ്പദമായി വിശ്വരൂപം എന്ന പാഠത്തിലെ സന്ദർഭം കണ്ടെത്തുക?

ഉത്തരം: മക്കളെ സ്നേഹിച്ചിട്ടില്ല, ലാളിച്ചിട്ടില്ല. അതിനാൽ വാർധക്യത്തിൽ തിരിച്ചൊന്നും പ്രതീക്ഷിയ്ക്കുന്നില്ല, സ്വന്തം കാര്യങ്ങളിൽ മക്കൾ മുഴുകുമ്പോൾ വാർധക്യത്തിൽ നേരിടേണ്ടി വരുന്ന ഏകാന്തത

12.' കാലത്തിനും ദേശത്തിനുമനുസരിച്ച് ജീവിതം രൂപപ്പെടുകയാണ്'. സുധീർ ഇപ്രകാരം അഭിപ്രായപ്പെടാനുള്ള കാരണം എന്ത്?

ഉത്തരം: മിസ്റ്റർ തലത്തിന്റെ നിഴലായി ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസിഡറായി പ്രൗഢ വനിതയായി മാറിയ മാഡം തലത്ത് താഴത്തു കുഞ്ഞിക്കുട്ടിയമ്മയായി അമ്മയുടെ വിശ്വരൂപത്തിലേയ്ക്ക് മാറി.

4 മാർക്കിന്റെ ചോദ്യങ്ങൾ

13. കാലവും അനുഭവങ്ങളും മിസ്സിസ് തലത്തിലുണ്ടാക്കിയ മാറ്റത്തെ സുധീറിന്റെ കാഴ്ചപ്പാടിലൂടെ കഥാകാരി എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു എന്ന് വിശദമാക്കുക?

tharapadam_malayalam_melkam

കടൽത്തീരത്ത് - ഒ.വി.വിജയൻ

**പാഠപ്രമേയം**

തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട് ജയിലിൽ അടയ്ക്കപ്പെട്ട മകനെ കാണാൻ പാഴുതറ എന്ന ഗ്രാമത്തിൽ നിന്നും കണ്ണൂരിലേക്കു യാത്ര തിരിക്കുന്ന വെള്ളായിയപ്പൻ എന്ന വൃദ്ധന്റെ ഹൃദയവേദന ആവിഷ്കരിക്കുന്ന കഥ . ഭാര്യ യാത്രയിൽ വിശപ്പടക്കാൻ പൊതിഞ്ഞു നൽകിയ വഴിച്ചോറുമായാണ് യാത്ര. മകന്റെ ജഡശരീരം മറവു ചെയ്യുന്ന 'കടൽത്തീരത്ത്' ബലിക്കാക്കകൾക്കായി ആ പൊതിച്ചോറ് വിളമ്പുന്നിടത്തു കഥ അവസാനിക്കുന്നു.വെള്ളായിയപ്പന്റെ ദുഃഖം വായനക്കാരുടെ മുഴുവൻ ദുഃഖമായി പരന്നൊഴുകുന്ന അനുഭവമാണ് കഥ നൽകുന്നത് .

1 . " വീട്ടിൽ നിന്നുയർന്ന കൂട്ട നിലവിളി തൊട്ടടുത്ത വീടുകളിലേക്ക് പടരുന്നു ". ഈ പ്രസ്താവനയിൽ നിന്ന് ലഭിക്കുന്ന സൂചന എന്ത്?

വ്യക്തി - കുടുംബം -സമൂഹം എന്നീ തലങ്ങളിലേക്ക് ദുഃഖം പടരുന്നു.

2. "അപരിചിതരുടെ സംഭാഷണം കൊലക്കയറിനെപോലെ വെള്ളായിയപ്പന്റെ കഴുത്തിൽ മുറുകി -" വെള്ളായിയപ്പന്റെ മാനസികാവസ്ഥ വ്യക്തമാക്കുക .

വെള്ളായിയപ്പൻ ആ സമയത്തു അനുഭവിക്കുന്ന തീവ്രമായ മാനസിക വ്യഥ.

**രണ്ടു മാർക്ക്**

4 . ' ഒരു പേറ്റിച്ചിയെപ്പോലെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ ഏറ്റു വാങ്ങി '- പേറ്റിച്ചി എന്ന പദം നൽകുന്ന അർത്ഥ സാധ്യതകൾ .

തീവ്രമായ ഹൃദയ വ്യഥയിലും മകന്റെ ജഡ ശരീരത്തെ സൂക്ഷ്മതയോടെ ഏറ്റ് വാങ്ങണം എന്ന സൂചന .

5 . " നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ " കുട്ട്യസൻ മാപ്പിളയുടെ പ്രാർത്ഥന കഥയ്ക്ക് നൽകുന്ന അർത്ഥ സൂചനയെന്ത് ?

ജാതി മത ചിന്തകളെ മറികടക്കുന്ന മനുഷ്യ ബന്ധങ്ങളുടെ തീവ്രത

tharapadam malayalam_kavalara

6 .ഗ്രാമവാസികൾ ഒന്നടങ്കം കണ്ണൂരിലേക്ക് പോകുമായിരുന്നു." എന്ന കഥാകൃത്തിന്റെ നിരീക്ഷണത്തിന്റെ പൊരുൾ എന്ത് ?

വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ മുഴുവൻ ദുഃഖമാകുന്നു

**<u>മൂന്ന് മാർക്ക്</u>**

7 . കടൽത്തീരത്ത് എന്ന കഥ വിശകലനം ചെയ്ത് കഥയിൽ പൊതിച്ചോറ് എന്ന ബിംബം നൽകുന്ന വൈകാരിക തീവ്രതയെകുറിച്ച ഒരു കുറിപ്പ് തയാറാക്കുക ?

കോടച്ചി കൊടുത്തയയ്ക്കുന്നത്.

യാത്രയിലുടനീളം സൂക്ഷിക്കുന്നത്.

വിശപ്പുണ്ടായിട്ടും ഹൃദയവേദനകൊണ്ട് അത് കഴിക്കുന്നില്ല .

ബലിച്ചോറ് എന്ന കർത്തവ്യപൂർത്തിക്കായി അത് കഥാന്ത്യത്തിൽ ഉപയോഗിക്കുന്നു.

8 . " മുണ്ടകപ്പാട വരമ്പത്തു തന്റെ ചെറുവിരലിൽ പിടിച്ച അസ്തമയത്തിന്റെ പക്ഷികളെ നോക്കുന്ന മകനെ ഓർത്തു "

" അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങിനടക്കുന്ന സ്വന്തം അപ്പനെ ഓർത്തു"

കടൽത്തീരത്തു എന്ന കഥയിൽ അസ്തമയം എന്ന പദം നൽകുന്ന അർത്ഥ സൂചനകൾ.

മകന് സംഭവിക്കാൻ പോകുന്ന ദുരന്തത്തിന്റെ സൂചന .

അസ്തമയം ദുരന്തത്തിന്റെ സൂചന നൽകുന്നു.

**<u>നാലു മാർക്ക്</u>**

1 . വെള്ളായിയപ്പന്റെ ദുഃഖം പാഴുത്തുറ എന്ന ഗ്രാമത്തിന്റെ ദുഃഖമായി മാറുന്ന ചിത്രമാണ് ' കടൽത്തീരത്ത്” എന്ന കഥയിൽ കാണാൻ കഴിയുന്നത്. കഥയിലെ സൂചനകൾ അടിസ്ഥാനപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക .?

വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ  കൂട്ട നിലവിളി ഉയരുന്നു .

പാഴുതുറയിലെ അമ്പതിലധികം കുടിലുകളിലത്രയും വിഷാദം നിറഞ്ഞു .

പണമുണ്ടായിരുന്നെങ്കിൽ ഗ്രാമീണർ മുഴുവൻ കണ്ണൂരിലേക്ക് പോകുമായിരുന്നു .

2 . അസ്തമയം , പൊതിച്ചോർ ,കാറ്റ് , തുടങ്ങിയ പ്രതീകങ്ങൾ കഥയ്ക്ക് നൽകുന്ന പ്രത്യേക അർത്ഥമാനങ്ങൾ  ചർച്ച ചെയുക .

tharapadam_malayalam_mavelikara

മരണത്തിന്റെ സൂചകമായി  അസ്തമയം

സ്നേഹത്തിന്റെ പൊതിച്ചോറും

**<u>5 മാർക്ക്</u>**

13."അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപോലെ വെള്ളായിയപ്പന്റെ കഴുത്തിൽ മുറുകി ."

" സാരമില്ല മകനെ ഇനിയൊന്നും ഓർക്കേണ്ടതില്ല ."

" മണ്ണ് മൂടുന്നതിനു മുൻപ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ ഒരു നോക്ക് കണ്ടു ."

മുകളിൽ കൊടുത്തിരിക്കുന്ന സംഭാഷണങ്ങളും കഥയിലെ സന്ദർഭങ്ങളും വിശകലം ചെയ്ത് വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക .

കഥയിലെ കേന്ദ്ര കഥാപാത്രം .

സ്നേഹസമ്പന്നനായ പിതാവ്

ഗ്രാമീണ നന്മകൾ സൂക്ഷിക്കുന്നു

നിരക്ഷരനും ദരിദ്രനും വൃദ്ധനുമാണ് .

മകന് ബലിച്ചോർ നൽകേണ്ടി വന്ന പിതാവിന്റെ നിസ്സഹായാവസ്ഥ .

14 . അതിസങ്കീർണമായ മനുഷ്യാവസ്ഥകളെ ആവിഷ്കരിക്കുന്ന കഥയാണ് ഒ വി വിജയൻറെ കടൽത്തീരത്ത്. കഥ വിശകലനം ചെയ്ത് കഥയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

കഥയുടെ പ്രമേയം

കഥാപാത്രങ്ങൾ

കഥാപശ്ചാത്തലം

ആഖ്യാന രീതി

ഭാഷ

വൈകാരിക തീവ്രത തുടങ്ങിയവ

tharapadam_malayalam_mavelikara

# യൂണിറ്റ്- 3

## സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

- പ്രലോഭനം
- യുദ്ധത്തിന്റെ പരിണാമം
- ആത്മാവിന്റെ വെളിപാടുകൾ

### I. പ്രലോഭനം (നളചരിതംആട്ടക്കഥ)- ഉണ്ണായിവാര്യർ

മഹാഭാരതത്തിലെ നളോപാഖ്യാനം എന്ന ഉപകഥയെ അവലംബമാക്കി ഉണ്ണായിവാര്യർ രചിച്ച കൃതിയാണ് നളചരിതംആട്ടക്കഥ. ദമയന്തിസ്വയംവരത്തിൽ പങ്കെടുക്കാൻ കഴിയാതെവന്ന കലി നളനെയും ദമയന്തിയെയും തമ്മിൽ അകറ്റി രാജ്യത്തുനിന്ന് പുറത്താക്കുന്നതിനുവേണ്ടി ദ്വാപരൻ എന്ന സഹായിയോടൊപ്പം നളന്റെസഹോദരനായ പുഷ്കരനെ പ്രലോഭിപ്പിച്ച് സ്വാധീനിക്കുവാൻ ശ്രമിക്കുന്നതാണ് പാഠസന്ദർഭം.

tharapadam _malayalam _mavelikara

## ഒരു മാർക്കിന്റെ ചോദ്യങ്ങൾ

**1)** " കോപമത്സരവശംവദഃ കലിർ-

ദ്വാപരേണസഹ മേദിനീം ഗതഃ" ഈ വരികളിലെ ഭാഷാപരമായ സവിശേഷത കണ്ടെത്തുക

ഉത്തരം : ദ്വിതീയാക്ഷരപ്രാസം

**2) "ശ്ലോകത്തിൽ കഴിക്കുക " എന്നശൈലി കൊണ്ട് അർത്ഥമാക്കുന്നതെന്ത്?**

ഉത്തരം : ചുരുക്കിപ്പറയുക

**3)** കേരളത്തിലെശാകുന്തളം എന്ന് വിശേഷിപ്പിക്കുന്ന കൃതി ഏത്?

ഉത്തരം : നളചരിതം ആട്ടക്കഥ

**4)** കുടയും ചാമരവും ഇല്ല - എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

ഉത്തരം : അധികാരമില്ല

**5)** കലിക്ക് ഒപ്പം വന്ന കഥാപാത്രം ആര്?

ഉത്തരം : ദ്വാപരൻ

**6)** പ്രലോഭനത്തിലെ ചില സംഭാഷണശകലങ്ങൾ താഴെത്തന്നിരിക്കുന്നു. അവയിൽ പുഷ്കരന്റെ ജീവിതനൈരാശ്യം പ്രകടമാക്കാത്ത വരി ഏത്?

**a)**നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും

**b)** നളനു വേറെ കർമ്മം നമുക്കു കർമം വേറെ

**c)** അരികിൽ വന്നു നിന്നതാരെന്തഭിമതം

**d)** ദൂരത്തുന്നാരും വരികയില്ലനമ്മെ കാണ്മാൻ

ഉത്തരം : **c)** അരികിൽ വന്നു നിന്നതാരെന്തഭിമതം

**7)** സ്വാപദേ സ്വയമചോദയജ്ജളം സ്വാപതേയ ഹരണായ പുഷ്ക്കരം - പുഷ്കരനെ ജളൻ എന്ന് വിശേഷിപ്പിച്ചതിന് ഏറ്റവും യോജിച്ച പ്രസ്താവന ഏതാണ്?

tharapadam_malayalam_mavelikara

**a)**കലിയെയും ദ്വാപരനെയും ആതിഥ്യമര്യാദയനുസരിച്ച് സ്വീകരിച്ചിരുത്തിയതിനാൽ

**b)**കോപമത്സരങ്ങൾക്കു വശംവദനായതിനാൽ

**c)**മുൻപരിചയമില്ലാത്തവരോട് തന്റെ മനോഗതം തുറന്നുപറയുന്നതിനാൽ

**d)**നളനെ സ്ഥാനഭ്രഷ്ടനാക്കാൻ ഒരുങ്ങിപ്പുറപ്പെട്ടതിനാൽ

ഉത്തരം **: C)** മുൻപരിചയമില്ലാത്തവരോട് തന്റെ മനോഗതം തുറന്നുപറയുന്നതിനാൽ

**8) "**നേരേ നിന്നോടെടോ ഞാൻ പുനരാരെന്നും പറയാം പാരിലെന്നെയിന്നാരറിയാതവർ" **- ഈ വാക്കുകളിലൂടെ കലി സൂചിപ്പിക്കുന്നതെന്ത്?**

**a)**ലോകത്തിലാർക്കുമെന്നെ അറിയില്ല

**b)** പുഷ്കരന് പാരിലാരെയും അറിയില്ല

**c)** തന്നെ അറിയാത്തവരായി ലോകത്ത് ആരുമില്ല

**d)** പുഷ്കരന് തന്നെ അറിയില്ല

ഉത്തരം **: C)** തന്നെ അറിയാത്തവരായി ലോകത്ത് ആരുമില്ല

**9)** പഴുതേ എന്ന വാക്കിന്റെ അർത്ഥം എന്ത്**?**

ഉത്തരം **:** വെറുതേ

**10)** ദൂരത്തുന്നാരും വരികയില്ല നമ്മെക്കാൺമാൻ ഇവിടെ തെളിയുന്ന പുഷ്കരന്റെ മനോഭാവം

ഉത്തരം **:** നിരാശ

**11)**പാരിലെന്നെയിന്നാരറിയാതവർ ഇത് ഏത് കഥാപാത്രത്തെ സൂചിപ്പിക്കുന്നു

ഉത്തരം **:** കലി

tharapacam_malayalam_mavelikara

രണ്ടു മാർക്കിന്റെ ചോദ്യങ്ങൾ

**1)** "വൈരി വൈരസേനിക്കിഹ ഞാൻ കലി

തവ ഞാൻ മിത്രം, തസ്യ നാടു ഞാൻ

തേ തരുന്ന ചൂതു പൊരുക പോരിക" - കലി ഇവിടെ 'ഞാൻ', ഞാൻ എന്ന് ആവർത്തിച്ച് പറയുന്നതായി കാണാം. ഇങ്ങനെ പറയുന്ന കലിയുടെ രണ്ട് ഭാവങ്ങൾ കണ്ടെത്തിയെഴുതുക

ഉത്തരം : ⇒ പാരിലെന്നെ ആരാണ് അറിയാത്തത്.

⇒ അഹംഭാവം

**2)** "സ്വാപദേ സ്വയമചോദയജ്ജളം

സ്വാപതേയ ഹരണായ പുഷ്കരം" - സ്വാപദേ, സ്വാപതേയ എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം എഴുതുക.

ഉത്തരം : ⇒സ്വാപദേ - തനിക്ക് ആപത്തിനായി

⇒സ്വാപതേയ - ധനം

**3)** "ദുഷ്കരമായിട്ടൊന്നുമില്ല കേൾ

മത്സഹായമുണ്ടായാലേവനും " കലിയുടെ വാക്കുകളിൽ പ്രകടമാകുന്ന സവിശേഷതകൾ എന്തെല്ലാം?

ഉത്തരം : ⇒അന്യരിൽ വിശ്വാസം ജനിപ്പിക്കാനുള്ള കഴിവ്

⇒പുഷ്കരനെ വശപ്പെടുത്താനുള്ള തന്ത്രം

**4)** പുഷ്കര! നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ

കലിയുടെ ഈ വാക്കുകൾ നൽകുന്ന സൂചനകൾ എന്തെല്ലാം?

ഉത്തരം : ⇒പുഷ്കരന് പലതും ചെയ്യാനുണ്ട്

⇒നളനെ വെല്ലാൻ പുഷ്കരന് കഴിയും

tharapadam_malayalam_mavelikara

⇒നളനും പുഷ്കരനും തമ്മിൽ ഒരു ഭേദവും ഇല്ല

**5)** വൈരി വൈരസേനിക്കിഹ ഞാൻ കലി, ഈ പരിചയപ്പെടുത്തലിലൂടെ കലി ലക്ഷ്യമാക്കുന്ന കാര്യങ്ങൾ എന്തൊക്കെ.

ഉത്തരം : ⇒പുഷ്കരന്റെ മനസ്സിൽ നളനോടുള്ള ശത്രുതയ്ക്ക് ആക്കം കൂട്ടുക, ⇒നളന്റെ ശത്രുവായതിനാൽ കലി പുഷ്ക്കരന്റെ പക്ഷത്താണെന്ന് വരുത്തുക

**6) "**അറികയില്ലെങ്കിലും അഭിമുഖൻമാരെക്കണ്ടേൻ മനതാരിലുണ്ടൊന്നഭിഷിതം ഝടിതി **"-** പുഷ്കരന്റെ മാനസികാവസ്ഥയെക്കുറിച്ച് ഈ വരികൾ നൽകുന്ന സൂചന എന്ത്**?**

ഉത്തരം : ⇒വന്നിരിക്കുന്നവരോട് അടുപ്പം കൂടാനുള്ള മാനസികാവസ്ഥ ⇒നിരാശയും അസൂയയും നിറഞ്ഞ മനസ്സ്

## മൂന്നു മാർക്കിന്റെ ചോദ്യങ്ങൾ

**1)**നളചരിതത്തിലെ ഭാഷയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക

ഉത്തരസൂചന :ശുദ്ധമലയാളവും ശുദ്ധസംസ്കൃതവും നളചരിതത്തിലെ ഭാഷയുടെ പ്രത്യേകതകളാണ്. ഉണ്ണിയായിവാര്യർ അർത്ഥം, സംഗീതം, അഭിനയം തുടങ്ങിയ നിഷ്കർഷ പാലിച്ചാണ് നളചരിതം രചിച്ചിരിക്കുന്നത്.

**2)** ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നുകാണും

അവർക്ക് വേണ്ടും കാര്യം നളനും സാധിപ്പിക്കും,

ദൂരത്തുന്നാരും വരികയില്ല നമ്മെകാണ്മാൻ..." മുകളിൽ തന്നിരിക്കുന്ന വരികളെ അടിസ്ഥാനമാക്കി പുഷ്കരൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ കണ്ടെത്തി കുറിപ്പെഴുതുക.

tharapadam malayalam_mavelikara

ഉത്തരസൂചന : സ്വന്തം കഴിവില്ലായ്മ, നളനോടുള്ള അസൂയ, ജന്മം നിഷ്ഫലമാണെന്ന വിചാരം

**3)'**പ്രലോഭനം**'** എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക **?**

ഉത്തരസൂചന **:**പ്രലോഭനം എന്ന ശീർഷകം തികച്ചും ഉചിതമാണ്. ദമയന്തിയുടെ സൗന്ദര്യത്തിൽ പ്രലോഭിതനാണ് കലി . നളനോടുള്ള പ്രതികാരബുദ്ധിക്ക് ഇതാണ് കാരണം. പ്രതികാരം ചെയ്യുന്നതിന് അനുയോജ്യമായ മാനസികാവസ്ഥ പുഷ്കരനുണ്ടെന്ന് കലി തിരിച്ചറിയുന്നു. പുഷ്കരൻ കലിയുടെ വാക്കിനാൽ പ്രലോഭിതനാകുന്നു.

**4)**സ്വാപദേ, സ്വാപതേയ എന്നീ പദങ്ങൾ പ്രയോഗിച്ചിരിക്കുന്നതിന്റെ കാവ്യഭംഗി കണ്ടെത്തുക.

ഉത്തരസൂചന : സ്വാപദേ എന്ന പദത്തിന് സ്വയം നാശമെന്നും സ്വാപതേയം എന്ന പദത്തിന് ധനം എന്നുമാണ് അർത്ഥം സ്വാപദേ, സ്വാപതേയ എന്നീ പദങ്ങൾ ആവർത്തിക്കുമ്പോൾ ഉളവാകുന്ന ആദ്യാക്ഷരപ്രാസവും ദ്വിതീയാക്ഷരപ്രാസവും ശബ്ദഭംഗി നൽകുന്നു.

**5)** കലിയോടുള്ള സംഭാഷണത്തിൽ തെളിയുന്ന പുഷ്കരന്റെ മാനസികാവസ്ഥ എന്ത്**?**

ഉത്തരസൂചന **:** സ്വന്തം കഴിവില്ലായ്മ, നളനോടുള്ള അസൂയ,

ജന്മംനിഷ്ഫലമാണെന്ന വിചാരം

**6) "**ബാഹുജനെന്നുള്ള തേ നമുക്കൊന്നുള്ളൂ മുറ്റും**"** പുഷ്കരൻ ഇങ്ങനെ സങ്കടപ്പെടാനുള്ള കാരണം വ്യക്തമാക്കുക

ഉത്തരസൂചന **:** ക്ഷത്രിയനായിട്ടും രാജാവാകാൻ കഴിഞ്ഞില്ല,

ദൂരത്തുള്ളവരാരും പുഷ്കരനെ കാണാൻ വരില്ല, രാജചിഹ്നങ്ങളും അധികാരവും പുഷ്കരനില്ല.



tharapadam_malayalam_mavelikara

നാലു മാർക്കിന്റെ ചോദ്യങ്ങൾ

**1) "**ധനവും ധാന്യം നാട്ടുമൊക്കെയും

കൈക്കലാക്കിയവനെ വിട്ടുക വനഭുവി **..."**

കാവ്യഭാഗം വിശകലനം ചെയ്ത് കലിയുടെ സ്വഭാവ സവിശേഷതകൾ വിലയിരുത്തുക.

ഉത്തരസൂചന : ●ചൂതുകളിയിലൂടെ നളനെ പരാജയപ്പെടുത്തുവാൻ പുഷ്കരനെ കലി ഉപദേശിക്കുന്നു, ●രാജ്യം, ധനം, സമ്പത്ത് എന്നിവയെല്ലാം പുഷ്കരന് ലഭിക്കുമെന്ന പ്രലോഭനം ● കലി - ദുഷ്ട കഥാപാത്രം, ● കലി - മറ്റുള്ളവരുടെ സമ്പത്ത് അപഹരിക്കുന്ന സ്വഭാവം

**2)**പുഷ്കരനെ സ്വാധീനിക്കാൻ കലി സ്വീകരിക്കുന്ന തന്ത്രങ്ങളെന്തെല്ലാം**?** താഴെത്തന്നിരിക്കുന്ന സൂചനകൾ കൂടി പരിഗണിച്ച് കുറിപ്പ് തയ്യാറാക്കുക.

> "പുഷ്കര, നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ
>
> നളനും നീയും ഭേദമെന്തിവിടെ**?**
>
> വൈരി വൈരസേനിക്കിഹ ഞാൻ കലി,
>
> തവ, ഞാൻ മിത്രം "

ഉത്തരസൂചന : ●ജന്മം നിഷ്ഫലമാക്കാനുള്ളതല്ല എന്ന ഓർമ്മപ്പെടുത്തൽ ●കലി നളന്റെ ശത്രുവാണെങ്കിലും പുഷ്കരന്റെ മിത്രം ആണെന്ന സൂചന ●അവന്റെ രാജ്യം നിനക്ക് നൽകും എന്ന ഉറപ്പ് ●പുഷ്കരനിൽ ആത്മധൈര്യം പകരുന്നു, ●മനസിൽ അധികാരമോഹമുണർത്തുന്നു

## II. യുദ്ധത്തിന്റെപരിണാമം (ഭാരതപര്യടനം-നിരൂപണം) - കുട്ടികൃഷ്ണമാരാർ

മഹാഭാരതത്തിലെ വിവിധ കഥാസന്ദർഭങ്ങളെ പ്രത്യേകമായി എടുത്ത് നിരൂപണം നടത്തുന്ന കൃതിയാണ് കുട്ടികൃഷ്ണമാരാരുടെ ഭാരതപര്യടനം. ആ കൃതിയിലെ ഒരധ്യായമാണ് യുദ്ധത്തിന്റെപരിണാമം. മഹാഭാരതയുദ്ധത്തിന്റെ അവസാനം ദുര്യോധനൻ വീഴ്ത്തപ്പെടുകയും കൃപർ, കൃതവർമ്മാവ്, അശ്വത്ഥാമാവ് തുടങ്ങിയവർ ഒഴികെ ബാക്കിയുള്ളവർ കൊല്ലപ്പെടുകയും ചെയ്തു. പാണ്ഡവരുടെ അധർമങ്ങളിൽ പകമൂത്ത അശ്വത്ഥാമാവ് യുദ്ധം അവസാനിച്ചദിവസം രാത്രിയിൽ പാണ്ഡവരുടെ ശിബിരത്തിൽക്കയറി നടത്തുന്ന പൈശാചികമായ കൂട്ടക്കൊലയുടെ വിവരണമാണ് 'യുദ്ധത്തിന്റെ പരിണാമം'

tharapadam_malayalam_mavelikara

ഒരു മാർക്കിന്റെ ചോദ്യങ്ങൾ

**1)"**ഗുരുഘാതികൾക്ക് കുലപാംസനലോകങ്ങളില്ല**"** ഗുരുഘാതി എന്ന പദത്തിന്റെ വിഗ്രഹാർത്ഥം എഴുതുക**.**

ഉത്തരം **:** ഗുരുവിന്റെ ഘാതി

**2)** കൃഷ്ണദ്വൈപായനൻ ആര്**?**

ഉത്തരം **:** വേദവ്യാസൻ

**3)'**അപാണ്ഡവായ**'** എന്ന പറഞ്ഞ് അശ്വത്ഥാമാവ് പ്രയോഗിച്ച അസ്ത്രം**.**

ഉത്തരം **:** ബ്രഹ്മശിരസ്സ്

**4)** വയോവീര്യോത്സാഹങ്ങൾ വിഗ്രഹിക്കുമ്പോൾ

ഉത്തരം **:** വയസ്സും വീര്യവും ഉത്സാഹവും

**5)** അതിനെ**,** അവനെ എപ്പോഴും കരുതിയിരുന്നു കൊള്ളുക എന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കല്പിച്ചതിനർത്ഥം**.** ഇവിടെ കരുതിയിരിക്കാനായി പറയുന്നത് എന്തിനെയാണ്**?**

ഉത്തരം **:** പകയെ

**6.** താൻ ശാശ്വതലോകങ്ങൾ നേടുമെന്ന് ദുര്യോധനൻ വിശ്വസിക്കുന്നതെന്തുകൊണ്ട് **?**

ഉത്തരം **:** സമന്തപഞ്ചകത്തിൽക്കിടന്നു മരിക്കുകയാൽ

**7)** ഞാനിന്ന് ഇന്ദ്രനെപ്പോലെയായി എന്ന ദുര്യോധനൻ പറയാൻ കാരണമെന്ത്**?**

ഉത്തരം **:** ശിഖണ്ഡിയെ കൊന്നതു കൊണ്ട്**.**

**8)**വിഗ്രഹി ക്കുക

ഭാഗീരഥീ കച്ഛം **-** ഭാഗീരഥിയുടെ കച്ഛം

ധർമക്ഷേത്രം **-** ധർമത്തിന്റെ ക്ഷേത്രം

tharapadam malayalam _mavelikara

ഭാരതേതിഹാസം - ഭാരതം എന്ന ഇതിഹാസം

**8)**കുരുക്ഷേത്രയുദ്ധത്തിൽ രണ്ടുദിവസം മാത്രം സർവസൈന്യാധിപനായി യുദ്ധം നയിച്ചതാര്**?**

ഉത്തരം **:** കർണൻ

**9)"**സജ്ജനങ്ങൾക്കിടയിൽ തങ്ങൾചെയ്ത തെറ്റുകളോർത്ത് പാണ്ഡവർ ലജ്ജിക്കും**"-** ആരുടെ വാക്കുകളാണിത്**?**

ഉത്തരം **:** ദുര്യോധനന്റെ

**10)**താൻ ഇന്ദ്രനെപ്പോലെയായി എന്ന് ദുര്യോധനൻ അഭിപ്രായപ്പെട്ടതിനുള്ളകാരണം**?**

ഉത്തരം **:** ശിഖണ്ഡിയെ കൊന്നതിനാൽ

## രണ്ടു മാർക്കിന്റെ ചോദ്യങ്ങൾ

**1) "**ഇതുതന്നെയാണ് മനുഷ്യന്റെ വിധി**.** രാജാവായിട്ടും ഞാൻ വീണു**".** ഈ വാക്യങ്ങളിലൂടെ മനുഷ്യാവസ്ഥയെക്കുറിച്ച് ദുര്യോധനൻ സൂചിപ്പിക്കുന്നതെന്തെല്ലാം**?**

ഉത്തരസൂചന **:** വിധിയെ ആർക്കും തടുക്കാൻ കഴിയില്ല**.**

രാജാവെന്നോ പ്രജയെന്നോ മരണത്തിന് വേർതിരിവുകളില്ല**.** ജനിച്ചാൽ മരിക്കും**.** തന്റെ ജീവിതം ഒരു പാഠമാകണം

**2)**പാശ്ചാത്യസാഹിത്യത്തിൽനിന്നും മഹാഭാരതത്തെ വ്യത്യസ്തമാക്കുന്നതെന്ത്**?**

ഉത്തരസൂചന **:** പാശ്ചാത്യസാഹിത്യത്തിൽ യുദ്ധവീരന്മാരുടെ പരാക്രമം വർണിക്കുമ്പോൾ മഹാഭാരതത്തിൽ യുദ്ധംവരുത്തിവയ്ക്കുന്ന ദുരന്തങ്ങളെയാണ് അവതരിപ്പിക്കുന്നത്**.**

**3)**അശ്വത്ഥാമാവിനെ ചിരഞ്ജീവിയായി കല്പിച്ചതിന്റെ അർത്ഥം എന്ത്**?**

tharapadam_malayalam_mavelikara

ഉത്തരസൂചന : പകയുടെ പ്രതിരൂപമാണ് അശ്വത്ഥാമാവ്. ആ പകയെ എപ്പോഴും എവിടെയും കരുതിയിരിക്കണമെന്ന താക്കീതാണ് ഇങ്ങനെ കല്പിച്ചതിനർത്ഥം

**4)** ആർക്കുള്ളൂ എന്റേതിനേക്കാൾ നല്ല അവസാനം ദുര്യോധനൻ ഇങ്ങനെ ചിന്തിക്കുന്നതിന് അടിസ്ഥാനപരമായ രണ്ടു കാരണങ്ങളെഴുതുക.

ഉത്തരസൂചന : ഭൂമിയടക്കി വാണു. ശത്രുക്കൾക്ക് കീഴടങ്ങിയിട്ടില്ല

**5)** "ശപിക്കപ്പെട്ടവൻ എന്ന വാക്കു മുഴുവനർത്ഥത്തിൽ വല്ലവരെപ്പറ്റിയും പറയാമെങ്കിൽ അതീ അശ്വത്ഥാമാവിനെപ്പറ്റിയാണ്" - ദ്രൗണിയെക്കുറിച്ചുള്ള മാരാരുടെ ഈ നിരീക്ഷണത്തിന് അനുയോജ്യമായ രണ്ട് ഉദാഹരണങ്ങൾ കണ്ടെത്തുക

ഉത്തരസൂചന : പാണ്ഡവരുടെ പടപ്പാളയത്തിൽ രാത്രിയിൽ നടത്തിയ ക്രൂരത, ഉത്തരയുടെ ഗർഭത്തിലുള്ള കുഞ്ഞിനുനേരെ നടത്തുന്ന ആയുധപ്രയോഗം.

**6 )** "എനിക്ക് ഭീഷ്മരും കർണ്ണനും ദ്രോണരും നേടിത്തരാത്തത് നിങ്ങൾ മൂന്നുപേരും കൂടി നേടിത്തന്നു" കഥാസന്ദർഭവുമായി ബന്ധപ്പെട്ട ഈ വാക്യം നൽകുന്ന അർത്ഥസൂചനയെന്ത് ?

ഉത്തരസൂചന: അശ്വത്ഥാമാവ് നടത്തിയ അറുംകൊല.

പൈശാചികമായ ഇത്തരമൊരു പ്രവൃത്തി നടത്തി അയാൾ പാണ്ഡവരുടെ വംശം മുടിക്കുന്നു.

## മൂന്നുമാർക്കിന്റെ ചോദ്യങ്ങൾ

**1)** പട്ടു കിടക്കമേലെ കിടക്കുന്ന നീ

പട്ടുകിടക്കമാറായിതോ ചോരയിൽ " (ഗാന്ധാരിവിലാപം)

harapadam_malayalam_mavelikara

ഇതു തന്നെയാണ് മനുഷ്യന്റെ വിധി. രാജാവായിട്ടും ഞാൻ വീണു. - കുരുക്ഷേത്ര ഭൂമിയിലെ ദുര്യോധനന്റെ അവസ്ഥ വർണിച്ചിരിക്കുന്ന വരികളാണ് മുകളിൽ നൽകിയിരിക്കുന്നത്. വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചന: പട്ടുമെത്തയിൽ കിടന്നിരുന്ന താൻ ഇപ്പോൾ ചോരയിൽ കുതിർന്നു കിടക്കുന്നു. ജീവിതത്തിന്റെ അവസ്ഥയെ വെളിപ്പെടുത്തുന്നു. വിധിയിൽ ആശ്വാസം കണ്ടെത്തുന്നു.

**2)** **"**ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റുകണ്ണുനീർ ഉതിർക്കാതിരിപ്പാൻ ആർക്കു സാധിക്കും**"** - ദുര്യോധനനെക്കുറിച്ച് കുട്ടികൃഷ്ണമാരാർ നടത്തുന്ന ഈ നിരീക്ഷണത്തിന്റെ പൊരുൾകണ്ടെത്തി കുറിപ്പുതയ്യാറാക്കുക.

ഉത്തരസൂചന: ക്രൂരമായ മരണത്തിലും വിലപിക്കാത്ത മനസ്സ്. വിധിയിൽ ആശ്വാസം കണ്ടെത്തൽ. സ്വർഗ്ഗപ്രാപ്തിയിലുള്ള ഉറച്ചവിശ്വാസം

**3)**ദ്രൗപദിയുടെ പ്രതിഷേധം എക്കാലത്തും പ്രസക്തിയുള്ള തായി മാറുന്നതെന്തുകൊണ്ട്**?**

ഉത്തരസൂചന: ഒരമ്മയുടെ പ്രതിഷേധസ്വരമാണ് ആ വാക്കുകളിൽ മുഴങ്ങുന്നത്. വിജയത്തിലൂടെ കൈവരുന്ന അധികാരവും സുഖസൗകര്യങ്ങളും മറ്റും പാണ്ഡവരുടെ മനസിനേറ്റ മുറിവിനെ ഉണക്കാൻ കഴിഞ്ഞേക്കും. പക്ഷേ മക്കൾ നഷ്ടപ്പെട്ട ഒരമ്മയുടെ മനസിനേറ്റവേദന ഒരിക്കലും ഉണങ്ങില്ല. യുദ്ധത്തിത്തിന്റെ ഇരകളായി മാറുന്നത് എക്കാലത്തും സ്ത്രീകളും കുട്ടികളും മാത്രമാണ്. അതുകൊണ്ടാണ് ദ്രൗപദിയുടെ പ്രതിഷേധം എക്കാലത്തും പ്രസക്തിയുള്ളതായി മാറുന്നത്.

## നാലു മാർക്കിന്റെ ചോദ്യങ്ങൾ

**1)"**ഭാരതമാകട്ടെ മാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണ്" - ലേഖകന്റെ ഈ അഭിപ്രായം വിശകലനം ചെയ്ത് കുറിപ്പുതയ്യാറാക്കുക**?**

tharapadam malayalam _mavelikara

ഉത്തരസൂചന: മഹാഭാരതത്തിൽ യുദ്ധത്തെപ്പറ്റി വ്യാസന്റെ വാക്കുകൾ. മനുഷ്യമനസ്സിലെ പക യുദ്ധമായി പരിണമിക്കുന്നു, വാക്യവിശകലനം – യുദ്ധം ഒന്നിനും പരിഹാരമാകുന്നില്ല.

**2)**ഭാരതമാകട്ടെ നടന്നത് മാത്രമല്ല; നടക്കാനിരിക്കുന്ന കഥ കൂടിയാണ്. ലേഖകന്റെ ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ നിലപാടുകൾ എന്തെല്ലാം?

ഉത്തരസൂചന: യുദ്ധം വരുത്തിവെയ്ക്കുന്ന കൊടിയ ദുരന്തത്തെയാണ് വ്യാസൻ മഹാഭാരതത്തിൽക്കൂടി പറഞ്ഞിരിക്കുന്നത്. യുദ്ധം രൂപപ്പെടുന്നത് മനുഷ്യമനസ്സുകളിലാണ്. മനുഷ്യമനസ്സിലെ പകയാണ് യുദ്ധമായി മാറുന്നത്. ഓരോ യുദ്ധവും അവസാനിക്കുന്നത് അടുത്ത യുദ്ധത്തിന് വഴിമരുന്നിട്ടുകൊണ്ടാണ്. വ്യാസന്റെ ഈ ദർശനത്തിന് ഇന്നും എന്നും പ്രസക്തിയുണ്ട്.

**3)**അശ്വത്ഥാമാവിനെ ചിരഞ്ജീവിയായി കൽപ്പിച്ചിരിക്കുന്നതിലൂടെ വ്യാസൻ നൽകുന്ന സന്ദേശമെന്ത്?

ഉത്തരസൂചന: പക എന്നു പറയുന്ന മനുഷ്യശാപമുണ്ടല്ലോ. അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ. അതിനെ അവനെ എപ്പോഴും എവിടെയും കരുതിയിരുന്നു കൊള്ളുക എന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കൽപ്പിച്ചതിനർത്ഥം.

**4)** സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ച് മുങ്ങിപ്പോയി" ഈ ഉപമയിലൂടെ വിവക്ഷിക്കുന്നതെന്ത് ?

ഉത്തരസൂചന: ●അധർമത്തിലൂടെ പാണ്ഡവർ നേടിയ വിജയം പരാജയമായി. ●അശ്വത്ഥാമാവിന്റെ പൈശാചിക കൊല. ●തലമുറകൾ നഷ്ടപ്പെട്ട വ്യഥ. ●ധർമം പുനസ്ഥാപിക്കപ്പെട്ടില്ല എന്ന ദുഃഖം.

**5) "**താൻ താൻ നിരന്തരം ചെയ്യുന്ന കർമങ്ങൾ

താൻ താൻ അനുഭവിച്ചീടുകെന്നേ വരൂ" - നീ കാപുരുഷനും പലപ്പോഴും പാപം ചെയ്തവനും ബാലജീവിതഘാതിയുമാണെന്ന് ബുദ്ധിമാന്മാരെല്ലാവരും അറിഞ്ഞു കഴിഞ്ഞു. "

മുകളിൽത്തന്നിരിക്കുന്ന വരികളെ ആസ്പദമാക്കി കർമഫലങ്ങൾക്ക് ഇരയായ ദ്രൗണിയുടെ ജീവിതം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചന: ●ദ്രൗണി പാണ്ഡവ ശിബിരത്തിൽക്കയറി അറുകൊല നടത്തിയ സന്ദർഭം. ●വില്ലേന്തി കയർത്തുവരുന്ന ഭീമനേയും പിന്നാലെ കൃഷ്ണയുധിഷ്ഠിരാദികളെയും കണ്ടപ്പോൾ ഉള്ള പ്രതികരണം. ●കൃഷ്ണന്റേയും വ്യാസന്റേയും ശാപവാക്കുകൾക്ക് നൽകിയ മറുപടി. ●ദ്രൗണിയുടെ ജീവിതാന്ത്യത്തിന്റെ സൂചന. ●പക ഏതെല്ലാം തരത്തിൽ മനുഷ്യനെ ബാധിക്കുന്നു എന്ന് തിരിച്ചറിയുന്നു.

tharapadam_malayalam_mavelikara

## **III.** ആത്മാവിന്റെവെളിപാടുകൾ (ഒരു സങ്കീർത്തനം പോലെ) - പെരുമ്പടവം ശ്രീധരൻ

വിഖ്യാത റഷ്യൻ നോവലിസ്റ്റായ ദസ്തയേവ്സ്കിയുടെ ജീവിതത്തെ ആസ്പദമാക്കി പെരുമ്പടവം ശ്രീധരൻ രചിച്ച കൃതിയാണ് ഒരു **'**സങ്കീർത്തനം പോലെ**'.** പ്രസ്തുത കൃതിയിലെ ഒരധ്യായമാണ് **'**ആത്മാവിന്റെവെളിപാടുകൾ**'.** ദസ്തയേവ്സ്കി എന്ന സാഹിത്യകാരൻ അനുഭവിക്കുന്ന ജീവിതദുരന്തങ്ങളും അന്ന എന്ന സ്റ്റെനോഗ്രാഫർക്ക് അദ്ദേഹത്തിന്റെ ജീവിതത്തിൽ ചെലുത്തുവാൻകഴിഞ്ഞ സ്വാധീനത്തെക്കുറിച്ചും പാഠഭാഗത്തിൽ പറയുന്നു.

tharapadam_malayalam_mavelikara

### ഒരു മാർക്കിന്റെ ചോദ്യങ്ങൾ

**1)** തോൽവികളും തകർച്ചകളും നഷ്ടങ്ങളും അപമാനങ്ങളും സഹിച്ച് ഇങ്ങനെ ജീവിതംതുടരുന്നതിൽ എന്തർത്ഥമാണുള്ളത്**?** ആരുടെ ജീവിതത്തെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്**?**

ഉത്തരം **:** ദസ്തയേവ്സ്കി

**2)** വയ്യാവേലികൾ വലിച്ച തലയിൽ വെയ്ക്കുന്നത് നിങ്ങളുടെ ഒരു മനോരോഗമാണെന്ന് ദസ്തയേവ്സ്കിയെ കളിയാക്കിയതാര് **?**

ഉത്തരം **:** ഒരു പരിചയക്കാരൻ

**3)** ഒരു സങ്കീർത്തനം പോലെ എന്ന നോവലിന്റെ കർത്താവ്**?**

ഉത്തരം **:** പെരുമ്പടവം ശ്രീധരൻ

**4)**എന്റെ ജീവിതം അവൾ ഏതോ ശാപം കൊണ്ട് നിറയ്ക്കുകയായിരുന്നു ഇവിടെ അവൾ എന്ന് സൂചിപ്പിക്കുന്നത് ആരെയാണ് ഉദ്ദേശിച്ചത്**?**

ഉത്തരം **:** മേരിയാ

**5)** ദസ്തയോവ്സ്കി പ്രധാന കഥാപാത്രമാകുന്ന മലയാള നോവൽ **?**

ഉത്തരം **:** ഒരു സങ്കീർത്തനം പോലെ

**6)**നോവൽ രചനയിൽ ദസ്തയോവ്സ്കിയെ സഹായിക്കുന്നത് ആരാണ്**?**

ഉത്തരം **:** അന്ന

**7)** ദസ്തയോവ്സ്കിയുടെ സാഹിത്യജീവിതത്തിലെ നാഴികക്കല്ല് എന്നുപറഞ്ഞിരിക്കുന്ന രചന**?**

ഉത്തരം **:** അധോതലക്കുറിപ്പുകൾ

**8)'**ആത്മാവിന്റെ വെളിപാടുകൾ**'** എന്ന പാഠഭാഗം മുന്നോട്ട് വെയ്ക്കുന്ന ആശയമെന്ത്**?**

- ജീവിതം നിരാശാജനകമാണ്
- ജീവിതം പ്രസാദാത്മകമാണ്
- ജീവിതം അർത്ഥശൂന്യമാണ്
- ജീവിതം നശ്വരമാണ്

ഉത്തരം **:** ജീവിതം പ്രസാദാത്മകമാണ്

**8)**തന്റെ ജീവിതത്തെ വിലയിരുത്തുമ്പോൾ ദസ്തയേവസ്കിക്ക് അനുഭവപ്പെടുന്ന മാനസികാവസ്ഥ എന്താണ് **?**

- നിരാശ
- ആത്മനിന്ദ
- പ്രതിഷേധം
- പുച്ഛം

ഉത്തരം **:** ആത്മനിന്ദ

tharapadam_malayalam_mavelikara

**9) "**വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പറക്കഷണം പോലെ യല്ലേ ഇപ്പോൾ തന്റെ അവസ്ഥ**"** ആരുടെ അവസ്ഥയാണ് ഇവിടെ സൂചിതമാകുന്നത്.

- ➤ വെള്ളായിയപ്പൻ
- ➤ അന്ന
- ➤ ജൂലിയാന
- ➤ ദസ്തയേവസ്കി

ഉത്തരം **:** ദസ്തയേവസ്കി

## രണ്ടു മാർക്കിന്റെ ചോദ്യങ്ങൾ

**1) "**ആകാശത്തിന്റെ നിഴൽ പോലെ ഭൂമിയിൽ വെളിച്ചമുണ്ട്**"**

വാക്യത്തിന്റെ പ്രയോഗ ഭംഗി വ്യക്തമാക്കുക.

ഉത്തരസൂചന: •ഏകാന്തവും നിശബ്ദവുമായ നിമിഷങ്ങൾ, •അദ്ദേഹത്തിന്റെ മാനസികനില വ്യക്തമാക്കുന്നു.

**2) "**മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം**" -** തന്നിരിക്കുന്ന പ്രസ്താവന വിശകലനം ചെയ്ത് ദസ്തയോവ്സ്കിയുടെ ജീവിതദർശനം വ്യക്തമാക്കുക.

ഉത്തരസൂചന: ➤പ്രതിബന്ധങ്ങളെ തരണംചെയ്യാനുള്ള മനസ്സാന്നിദ്ധ്യം ➤എഴുത്തിലൂടെ നന്മയുടെ ലോകം സൃഷ്ടിക്കാനുള്ള മോഹം.

**3)**വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ**?** ഈ വാക്കുകളിൽ പ്രകടമാകുന്ന മാനസികാവസ്ഥ എന്ത്**?**

ഉത്തരസൂചന: ആത്മനിന്ദ, നൈരാശ്യം, നിഷ്ഫലത.

**4)**ഗുഹയ്ക്കകത്ത് അകപ്പെട്ടുപോയ കുട്ടികൾ ദിവസങ്ങൾ കഴിഞ്ഞാണ് <u>വെളിച്ചംകണ്ടത്</u>. ദസ്തയേവ്സ്കിയുടെ 'അധോതലക്കുറിപ്പുകൾ', 'എപോകി'ലാണ്<u>വെളിച്ചം കണ്ടത്</u>.

tharapadam_malayalam_mavelikara

അടിവരയിട്ട പ്രയോഗത്തിന് രണ്ട് സന്ദർഭങ്ങളിലും ഉണ്ടാകുന്ന അർത്ഥവ്യത്യാസം കണ്ടെത്തി എഴുതുക

ഉത്തരസൂചന: ➤പ്രകാശംകണ്ടു ➤ആദ്യമായി പ്രസിദ്ധീകരിച്ചത്

**5)** 'തന്റെ ജീവിതം വെറുമൊരു പേക്കിനാവായിത്തീർന്നു' എന്ന് ദസ്തയേവ്സ്കി കരുതുന്നതെന്തുകൊണ്ട് **?**

ഉത്തരസൂചന: തോൽവികളും തകർച്ചകളും അപമാനങ്ങളും ഒറ്റപ്പെടലുകളും കൊണ്ട്, അർത്ഥശൂന്യമാണ് തന്റെ ജീവിതമെന്ന് അദ്ദേഹം ചിന്തിച്ചിരുന്നു.

**6)** ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്**?** ഇവിടെ സൂചിതമാകുന്ന ദുരന്തങ്ങൾ എന്തൊക്കെയാണ്**?**

ഉത്തരസൂചന: ➤എമിലിയുടെ മരണം ➤ജ്യേഷ്ഠന്റെ മരണം ➤സാമ്പത്തിക ബാധ്യതകൾ.

**7)** ആ ചരടുകളെല്ലാം കൂടി കെട്ടുപിണഞ്ഞ് ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു - ഈ വാക്യത്തിൽ തെളിയുന്ന ദസ്തയേവ്സ്കിയുടെ ജീവിതാവസ്ഥകൾ വ്യക്തമാക്കുക

ഉത്തരസൂചന: ➤എമിലിയുടെ മരണം ➤ജ്യേഷ്ഠന്റെ മരണം ➤കടക്കെണി.

## മൂന്നു മാർക്കിന്റെ ചോദ്യങ്ങൾ

**1)** "എന്റെ ജീവിതം പിടയുന്നു. വഴിയിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ"

ദസ്തേവസ്കിയുടെ ജീവിതത്തെ അടയാളപ്പെടുത്തുവാൻ ഈ വാക്യങ്ങൾക്ക് കഴിയുന്നുണ്ടോ**?** കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

tharapadam_malayalam_mavelikara

ഉത്തരസൂചന: ➤●ജീവിതത്തിലെ ഒറ്റപ്പെടൽ ➤●ഇടയ്ക്കിടെ ഉണ്ടാകുന്ന ചുഴലിയിളക്കം ➤●ചേട്ടന്റെ കുടുംബത്തെ സംരക്ഷിക്കേണ്ട ബാധ്യതകൾ

**2)** **"**ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് പഠിപ്പിച്ചത്**"** - ഈ ഭാഗത്ത് തെളിയുന്ന ദസ്തേവ്സ്കിയുടെ ജീവിതദർശനം വിശദീകരിച്ച് കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചന: ➤●ഭാര്യമേരിയായോടൊത്തുള്ള ജീവിതം ➤●സഹോദരസ്നേഹം ➤●സാഹിത്യജീവിതത്തിലെ നാഴികക്കല്ലായ അധോലോകക്കുറിപ്പുകളുടെ പ്രസിദ്ധീകരണം.

**3)** **"**തന്റെ ജീവിതം വെറുമൊരു പേക്കിനാവായിത്തീർന്നു**"** ദസ്തയേവ്സ്കി ഇങ്ങനെ ചിന്തിക്കാനിടയായ ജീവിത സാഹചര്യമെന്ത്**?**

ഉത്തരസൂചന: ➤സഹോദരൻ മൈക്കിളും ഭാര്യ മേരിയായും അകാലത്തിൽ മരിക്കുന്ന ➤ജ്യേഷ്ഠന്റെ കുടുംബത്തെ സംരക്ഷിക്കേണ്ട ചുമതല ദസ്തയേവ്സ്കിക്കാകുന്ന ➤മകൻ പാഷ ദുർമാർഗ്ഗിയായി ജീവിക്കുന്ന ➤ചുഴലി രോഗത്താലും മദ്യപാനത്താലും ജിവിതം അസ്ഥിരമാകുന്ന ➤പ്രസാധകനുമായുള്ള കരാർപ്രകാരം നോവൽ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം.

### നാലു മാർക്കിന്റെ ചോദ്യങ്ങൾ

**1)** **"**ആ ചരടുകളെല്ലാം കൂടി കെട്ടുപിണഞ്ഞ്, ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു.**"**

**"**വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ**"** - ഈ വരികളിൽ തെളിയുന്ന ദസ്തയേവ്സ്കിയുടെ ജീവിതാവസ്ഥ വിശകലനം ചെയ്യുക.

tharapadam_malayalam_naveikara

ഉത്തരസൂചന: ➤•ആത്മസംഘർഷം വെളിവാകുന്ന ➤•ചേട്ടന്റെയും ഭാര്യയുടെയും മരണം അദ്ദേഹത്തെ തളർത്തിയിരുന്നു ➤•കടക്കെണി ➤•അന്ന വേഗം പോകും എന്ന ചിന്ത ➤•ഏതു പ്രതിസന്ധിയിലും ബന്ധങ്ങളുംകടമകളും കാത്തുസൂക്ഷിക്കണം എന്ന ചിന്ത

**2)** "സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ" **?** "എന്റെ പീഢാനുഭവങ്ങളെ സ്നേഹിക്കാൻ ഞാൻ പഠിച്ചുകഴിഞ്ഞു." _ ഈ വരികളിൽ തെളിയുന്ന ദസ്തയേവ്സ്കിയുടെ ജീവിതകാഴ്ചപ്പാടുകൾ നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം**?**

മൂല്യനിർണയ സൂചനകൾ: ➤• ജീവിതകാഴ്ചപ്പാട് ➤• പ്രതിബന്ധങ്ങളെ അതിജീവിക്കാനുള്ള കാഴ്ചപ്പാട് ➤•എഴുത്തിലൂടെ നന്മയുടെ ലോകം സൃഷ്ടിക്കാനുള്ള ആഗ്രഹം ➤• ഉചിതമായ ഭാഷ

**3)**ധാരാളം ആത്മക്ഷതങ്ങളേറ്റിട്ടുള്ള വ്യക്തിയാണ് ദസ്തയേവ്സ്കി. പാഠഭാഗത്തെ അടിസ്ഥാനമാക്കി നിങ്ങളുടെ നിരീക്ഷണം വ്യക്തമാക്കുക.

മൂല്യനിർണയസൂചനകൾ: ➤•ദസ്തയേവ്സ്കിയുടെ ജീവിതവീക്ഷണം ➤•സ്നേഹബന്ധങ്ങളോടുള്ള കാഴ്ചപ്പാട് ➤•എല്ലാം സഹിക്കാനും പീഡനാനുഭവങ്ങളെ സ്നേഹിക്കാനും ശ്രമിക്കുന്നത് ➤•സ്വന്തം നിരീക്ഷണം

**4)**"ആത്മാവിന്റെവെളിപാടാണ് എഴുത്ത്" ദസ്തയേവ്സ്കിയുടെ ജീവിതവുമായി ബന്ധപ്പെടുത്തി വരികൾ വിശകലനം ചെയ്യുക.

മൂല്യനിർണയ സൂചനകൾ: ➤•കഥാപാത്രത്തിന്റെ ആത്മസംഘർഷങ്ങൾ ➤•ഉചിതമായ ഭാഷ ➤•നിരീക്ഷണപാടവം ➤•സ്വന്തം നിരീക്ഷണം

**5)**"നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം. അതിനേക്കാൾ പ്രയാസമുള്ള എന്ത് പണിയാണ് ഈ ഭൂമിയിലുള്ളത്**?** അതും



tharapadam_malayalam_mavelikara

കുടിലബുദ്ധികളുടെ ഈ കാലത്ത്. മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? അടുത്തകാലത്ത് കേരളത്തിലുണ്ടായ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളുംകൂടി പരിഗണിച്ച് വിലയിരുത്തുക

മൂല്യനിർണയ സൂചനകൾ: ➤പ്രസ്താവന വിശദീകരണം, ➤ഈ ലോകം ദുഷ്ടബുദ്ധികൾ നിറഞ്ഞതാണെങ്കിലും നന്മയുടെ ഉറവ വറ്റിയിട്ടില്ല. ➤മഹാപ്രളയകാലത്ത് ജാതിമതഭേദമില്ലാതെ ജനങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിച്ചത് സൂചിപ്പിക്കണം. ➤സ്വാഭിപ്രായം വ്യക്തമാക്കണം.

**6)**ഇത് നിലമുഴുന്നതുപോലെയോ പാറപൊട്ടിക്കുന്നതുപോലെയോ അല്ല, സാഹിത്യരചനയെക്കുറിച്ച് ദസ്തയേവ്സ്കിയുടെ അഭിപ്രായമെന്തായിരുന്നു ?

മൂല്യനിർണയ സൂചനകൾ: ➤ എഴുത്തുകാരന് ഒരിക്കലും സമയനിബന്ധന വെച്ച് എഴുതാൻ കഴിയില്ല. അത് മനസ്സിൽ നിന്ന് താനെ വാർന്നുവീഴുന്നതാണ്. നിലമുഴുന്നതും പാറ പൊട്ടിക്കുന്നതും മറ്റും തികച്ചും കായികവൃത്തിയാണ്. അത് സമയബന്ധിതമായി തീർക്കാൻ കഴിയും എന്നാൽ രചന അങ്ങനെയല്ല. അതൊരു മാനസികപ്രക്രിയയാണ്. ആത്മാവിന്റെ വെളിപാടാണത്. അതിനുവേണ്ടി ധ്യാനിച്ചിരിക്കുമ്പോൾ സമയകാലങ്ങൾ ബാധകമേയാവുന്നില്ല.

**7)** "ഞാൻ ഇതുവരെ എഴുതിയതും എഴുതാനിടയുള്ളതുമായ പുസ്തകങ്ങൾ മുഴുവൻ അയാൾക്ക്. എന്നുവെച്ചാൽ അതിന്റെ ആദായം അയാളെടുത്തോട്ടെ. എന്നാൽ അയാളാണ് അതെഴുതിയതെന്ന് വരില്ലല്ലോ, ഉവ്വോ?" ജീവിത പ്രതിസന്ധികളെ അഭിമുഖീകരിക്കുമ്പോഴും ആത്മാഭിമാനവും രചനയുടെ മികവും പ്രധാനമായിക്കാണുന്നു. എഴുത്തുകാരനായ ദസ്തയേവ്സ്കിയെയാണ് ഈ വാക്കുകളിൽ നമ്മൾ കാണുന്നത്. സന്ദർഭം വിശകലനം ചെയ്ത് പ്രസ്താവന വിലയിരുത്തുക.

tharapadam_malayalam_mavelikara

മൂല്യനിർണയസൂചനകൾ: ➤•തന്റെ കഴിവിൽ ആത്മവിശ്വാസം ➤•പ്രതിസന്ധികളെ അദ്ദേഹം അവഗണിക്കുന്നു ➤•സാമ്പത്തിക നേട്ടത്തിന്പ്രധാന്യം നൽകുന്നില്ല

## അഞ്ചു മാർക്കിന്റെ ചോദ്യങ്ങൾ

**1)** ഒറ്റപ്പെടലിന്റെ ആത്മസംഘർഷങ്ങൾ അനുഭവിക്കുന്ന ദസ്തയേവ്സ്കിയെ ആണ് പെരുമ്പടവം ശ്രീധരൻ തന്റെ നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്. പാഠഭാഗത്തെ ആസ്പദമാക്കി നിങ്ങളുടെ കാഴ്ചപ്പാടുകൾ കണ്ടെത്തുക.

മൂല്യനിർണയ സൂചനകൾ: ➤കഥാപാത്രത്തിന്റെ മാനസികാവസ്ഥ ➤മഹത്തായ രചനാസങ്കൽപ്പങ്ങൾ ➤കഥാപാത്രത്തിന്റെ കുടുംബബന്ധങ്ങളെക്കുറിച്ചുള്ള നിരീക്ഷണ പാടവം ➤ ഭാഷാശൈലി.

thirapadam_malayalam_maveikara

യൂണിറ്റ് - 4

## വാക്കുകൾ സർഗതാളങ്ങൾ

- അക്കർമാശി (ആത്മകഥ)- ശരൺകുമാർ ലിംബാളെ
- ഞാൻ കഥാകാരനായ കഥ (അനുഭവക്കുറിപ്പ്) - എസ് കെ പൊറ്റക്കാട്ട്
- അശ്വമേധം (അക്ഷരം-കവിതാസമാഹാരം) - വയലാർ രാമവർമ്മ

അക്കർമാശി

കൈപ്പേറിയ അനുഭവങ്ങളിലൂടെ കടന്നുപോയപ്പോഴും ജീവിതത്തെ കൂടുതൽ സ്നേഹിക്കാൻ പഠിപ്പിച്ച എഴുത്തുകാരനാണ് ശരൺകുമാർ ലിംബാളെ. പഴം വച്ച് വണ്ടി ഉന്തി നടക്കുന്ന കച്ചവടക്കാരനുമായി വഴക്കിടുന്ന ചാക്കും തോളിലിട്ട് പാതയിലും പറമ്പിലുമൊക്കെ നടന്ന് ചവറുപെറുക്കുന്ന ശാന്ത മുത്തശ്ശി. ശാന്തമുത്തശ്ശിയെ സഹായിക്കുന്ന ബാലനായ ലിംബാളെ. വാറുപൊട്ടിയ ചെരുപ്പുമായി ചെരുപ്പുകുത്തിയുടെ അടുത്തേക്ക് പോകുന്ന സാന്താമായി. അവർ മെഹർ ആയതിനാൽ ചെരുപ്പ് തുന്നാൻ കൂട്ടാക്കാത്ത ചെരുപ്പുകുത്തി. അലസനും മടിയനുമായ കുമാർ മാമ. ഇങ്ങനെ ഒട്ടേറെ ദൃശ്യങ്ങൾ വായനക്കാരൻ നേരിൽ കാണുന്ന പ്രതീതിയോടെ ലിംബാളെ അവതരിപ്പിക്കുന്നു. വഴിയിൽ കളഞ്ഞുകിട്ടിയ 30രൂപ ഹെഡ്മാസ്റ്ററെ ഏൽപ്പിക്കുന്ന ലിംബാളെ എന്ന ബാലന്റെസത്യസന്ധതയും അതിന് അവനു കിട്ടുന്ന അഭിനന്ദനവും ഹൃദയത്തിൽ തൊടുന്ന ഭാഷയിൽ ലിംബാളെ അവതരിപ്പിക്കുന്നു.

ഞാൻ കഥാകാരനായ കഥ

ജ്ഞാനപീഠപുരസ്കാരം നേടിയ എസ് കെ പൊറ്റക്കാട് താൻ കഥാകാരനായതിനെപ്പറ്റി പറയുന്നു. സ്കൂൾ പഠനകാലത്ത് അദ്ദേഹമൊരു കത്തെഴുതാൻ നിർബന്ധിതനായി. പാടുപെട്ട് വളർത്തിയ മകൻ പണവും സൗകര്യവും നേടിയപ്പോൾ തന്നെ തിരിഞ്ഞുനോക്കാത്തതിൽ മനംനൊന്ത് കഴിയുന്ന ഒരു അമ്മയ്ക്ക് വേണ്ടി ആയിരുന്നു ആ കത്ത്. മനസ്സിൽ തട്ടുന്ന വിധത്തിൽ എസ് കെ പൊറ്റക്കാട് ആ മകന് കത്തുകളെഴുതി. ഒരു കഥാകാരൻ എന്ന നിലയിൽ തന്റെ വളർച്ചയ്ക്ക് കാരണമായതും ആത്മവിശ്വാസം നൽകിയതും ആ കത്തുകളാണ് എന്ന് അദ്ദേഹം കരുതുന്നു.

അശ്വമേധം

വയലാറിനെപോലെ മനുഷ്യന്റെ സർഗ്ഗശേഷി വൈഭവത്തിൽ ഇത്രയേറെ വിശ്വാസമർപ്പിച്ച മറ്റൊരു കഥയും മലയാളത്തിലില്ല. മനുഷ്യന്റെ സകല നേട്ടങ്ങളുടെയും പിന്നിലെ പ്രേരണ ശക്തി സർഗ്ഗ വൈഭവം തന്നെയാണ്. മാനവരാശിയുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും സർഗ്ഗശേഷി പ്രയോജനപ്പെട്ടത് എപ്രകാരമാണ് എന്ന് സൂചിപ്പിക്കുന്ന കവിതയാണ് അശ്വമേധം.

ശരിയായ ഉത്തരം കണ്ടെത്തി എഴുതുക. **(സ്കോർ-1)**

1) ഞങ്ങൾ അങ്ങോട്ടുമിങ്ങോട്ടുടക്കുകയാണ് പതിവ്.

'അങ്ങോട്ടുമിങ്ങോട്ടും' എന്ന പദം പിരിച്ചെഴുതുന്നത്.

⇒അങ്ങോട്ടും+മിങ്ങോട്ടും

⇒അങ്ങോട്ടും+ഇങ്ങോട്ടും

⇒അങ്ങോട്ട+മിങ്ങോട്ടും

ഉത്തരം: അങ്ങോട്ടും+ ഇങ്ങോട്ടും.

2)എസ്.കെ.പൊറ്റെക്കാട്ട് ഏത് നിലയിലാണ് അധികം പ്രശസ്തനായത്?

- സഞ്ചാരസാഹിത്യകാരൻ
- കവി
- കഥാകാരൻ
- പാർലമെന്റംഗം

ഉത്തരം-സഞ്ചാരസാഹിത്യകാരൻ.

3) മണ്ണിൽ നിന്നു പിറന്നവർ മണ്ണിനെ

പൊന്നണിയിച്ച സംസ്കാരശില്പികൾ. 'സംസ്കാരശില്പികൾ' എന്ന പദം സൂചിപ്പിക്കുന്നതാരെയാണ്?

- യാഗാശ്വം
- കവി
- തൊഴിലാളി
- രാജാവ്

tharapadam_malayalam_mavelikara

ഉത്തരം-കവി.

4)ആരൊരാളെൻ കുതിരയെക്കെട്ടുവാൻ

ആരൊരാളതിൻ മാർഗം മുടക്കുവാൻ തന്നിരിക്കുന്ന വരികളിലെ ഭാവമെന്ത്?

➢•കോപം ➢•ആത്മവിശ്വാസം

➢•സങ്കടം ➢•പേടി

ഉത്തരം-ആത്മവിശ്വാസം.

5)കുമാർമാമയുടെ സ്വഭാവത്തിന് ചേരുന്ന വിശേഷണം

താഴെപ്പറയുന്നവയിലേതാണ്?

➢•സ്നേഹസമ്പന്നൻ ➢•മടിയൻ ➢•അധ്വാനശീലൻ

ഉത്തരം-മടിയൻ.

6)"ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ

നെഞ്ചിൽ വീണു"- തീക്കനൽ എന്ന പ്രയോഗത്തിൽ അടങ്ങിയിരിക്കുന്നത്.

➢•കുറ്റബോധം ➢•ദുഃഖം

➢• തീപ്പൊരി ➢•അപകർഷതാബോധം

ഉത്തരം- ദുഃഖം

7)അക്ഷന്തവ്യമായ കൃതഘ്നതയോടെ പെരുമാറിയ തന്റെ പുത്രനോട് ആ തള്ളക്ക് ഒട്ടും

വിദ്വേഷമില്ലായിരുന്നു. ഈ വരികളുടെ ആശയം താഴെത്തന്നിരിക്കുന്നവയിൽ

ഏതാണ്?

➢•അമ്മക്ക് മകനോടു ദേഷ്യം ആയിരുന്നു

➢•അമ്മക്ക് മകനോടു സ്നേഹമായിരുന്നു

➢• അമ്മക്ക് മകനോടു സഹതാപമായിരുന്നു

ഉത്തരം- അമ്മക്ക് മകനോടു സ്നേഹമായിരുന്നു

tharapadam_malayalam_mavelikara

ഒറ്റവാക്കിൽ ഉത്തരം എഴുതുക

**(സ്കോർ-1)**

8. കവിത ജനിക്കുന്നതിനെക്കുറിച്ച് പാബ്ലോ നെരൂദയുടെ അഭിപ്രായം എന്താണ്?

ഉത്തരം. എങ്ങനെയെന്നും എപ്പോഴെന്നും അറിയില്ല.

9. അക്കർമാശി എന്ന പദത്തിന്റെ അർത്ഥം എഴുതുക.?

ഉത്തരം.അർധജാതി

10. "ആരൊരാളെൻ കുതിരയെക്കെട്ടുവാൻ

ആരൊരാളെൻ മാർഗം മുടക്കുവാൻ ". കവിയുടെ കുതിര എന്തിന്റെ പ്രതീകമാണ്.?

ഉത്തരം. സർഗ്ഗശേഷിയുടെ.

11. വാത്സല്യാർദ്രം - ശരിയായി വിഗ്രഹിക്കുക.

ഉത്തരം. വാത്സല്യത്താൽ ആർദ്രം.

12. കാട്ടുപുൽത്തണ്ടു നൽകി കുതിരയെ വളർത്തിയതാര്?

ഉത്തരം: മുത്തശ്ശിമാർ.

13. കവി അശ്വമേധം നടത്തുന്നതെവിടെ ?

- രാജധാനിയിൽ
- കാടിനുള്ളിൽ
- കോട്ടകൊത്തളങ്ങളിൽ
- വിശ്വസംസ്കാരവേദിയിൽ

ഉത്തരം: വിശ്വസംസ്കാരവേദിയിൽ

14. കവിക്ക് അശ്വത്തെ ലഭിച്ചതെവിടെ നിന്ന്?

- മുത്തശ്ശിയിൽ നിന്ന്
- പൂർവികരിൽ നിന്ന്
- കാടിനുള്ളിൽ നിന്ന്
- ആഗമതത്ത്വ വേദികളിൽ നിന്ന്

ഉത്തരം: പൂർവികരിൽ നിന്ന്

haripadam malayalam _mavelikara

## <u>ഞാൻ കഥാകാരനായ കഥ - എസ് കെ പൊറ്റെക്കാട്</u>

ചോദ്യങ്ങൾ **(മാർക്ക് 2)**

**1)** പ്രേമസത്വം എന്ന് കഥാകാരൻ യുവതിയെ വിശേഷിപ്പിച്ചതിന്റെ ഔചിത്യം വ്യക്തമാക്കുക**?**

ഉത്തരസൂചന**:** വിവാഹം കഴിഞ്ഞതോടെ തന്റെ കടമ മറന്ന് മറ്റൊരിടത്തേക്ക് പോയ മകനോടുള്ള പ്രതിഷേധവും അമ്മയുടെ ദയനീയസ്ഥിതിയിൽ തോന്നിയ മനസ്സലിവുമാണ് യുവതിയെ പ്രേമസത്വം എന്ന വിശേഷിപ്പിക്കുവാൻ എഴുത്തുകാരനെ പ്രേരിപ്പിച്ചത്**.**

2) "എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു വൃദ്ധമാതാവ്" എന്ന പ്രയോഗം നൽകുന്ന അർത്ഥസൂചനകൾ എന്തെല്ലാം?

ഉത്തരസൂചന**:** കഷ്ടപ്പെട്ട് വളർത്തിവലുതാക്കിയ മകൻ ഉപേക്ഷിച്ചുപോയതിന്റെ തീവ്രമായ മനോവേദനയും അമ്മ അനുഭവിക്കുന്ന തീക്ഷ്ണമായ ദാരിദ്ര്യവുമാണ് ഈ പ്രയോഗംകൊണ്ട് അർത്ഥമാക്കുന്നത്.

ചോദ്യങ്ങൾ **(മാർക്ക് 3)**

1) "ചില സരസ്വതീവിലസങ്ങളും ചേർത്തു ഞാൻ ആ മടയനായ മകന് തുടരെത്തുടരെ കത്തുകൾ അയച്ചു"

"അതെല്ലാം എരിവും പുളിയും ചേർത്ത് പകർത്തിയയച്ച ആ 'ഷ്ലോൾക്കുട്ടി'യാണ് തന്റെ മുന്നിൽ നിൽക്കുന്നത് എന്ന് ആ മാന്യൻ അറിയുന്നില്ല." - ഇവിടെ

tharapadam malayalam_mavelikara

'സരസ്വതീവിലാസങ്ങൾ', 'എരിവും പുളിയും' എന്നീ പ്രയോഗങ്ങൾ അർഥമാക്കുന്നത് എന്തെന്ന പരിശോധിക്കുക?

ഉത്തരസൂചന: ➤വാക്കിന്റെ ദേവതയാണ് സരസ്വതി. ➤കൃത്യസമയത്ത് വാക്കുകൾ അർഥപൂർണമായി പ്രയോഗിക്കുവാനുള്ള കഴിവിനെയാണ് ഇവിടെ സരസ്വതീവിലാസങ്ങൾ എന്നു പറഞ്ഞിരിക്കുന്നത്. ➤മകൻ ഉപേക്ഷിച്ചു പോയതിലുള്ള തീവ്രമായ മനോവേദനയും അമ്മ അനുഭവിക്കുന്ന ദാരിദ്ര്യത്തിന്റെ തീക്ഷ്ണതയുമാണ് എരിയുന്ന നെഞ്ചും പൊരിയുന്ന വയറും എന്ന പ്രയോഗം കൊണ്ട് അർഥമാക്കുന്നത്

## ചോദ്യങ്ങൾ (മാർക്ക് 5)

1)അശ്വമേധത്തിലെ അശ്വത്തിന്റെ പ്രയാണചരിത്രം കവിതയുടെ പ്രയാണ ചരിത്രം കൂടിയാണോ ? വിശകലനക്കുറിപ്പ് തയ്യാറാക്കുക ?

ഉത്തരസൂചന: ➤കോടിക്കണക്കിന് ശതാബ്ദങ്ങൾക്കു മുമ്പ് കാട്ടിനുള്ളിൽ വച്ച് കവിയുടെ പിതാമഹരാണ് ഈ അശ്വത്തെ കണ്ടെത്തിയത്, ➤കുഞ്ചിരോമങ്ങൾ തുള്ളിച്ച് കുതിച്ചു പായുന്ന ചെമ്പൻ കുതിര കവിയിലെ കവിത്വ ശക്തി തന്നെ, ➤കാട്ടുചോലപ്പാട്ടുകൾ ഏറ്റു പാടി പഠിച്ച മുത്തശ്ശിമാർ കാട്ടു പുൽത്തണ്ടുനൽകി കുതിരയെ വളർത്തി, ➤കവിതയുടെ ജനനംകാട്ടിൽ ആദിമ മനുഷ്യനോടൊപ്പം. ➤ആദികാവ്യമായ രാമായണം പിറന്നത് കാട്ടിലാണ്, ➤ദൈവം കുതിരയ്ക്ക് കടിഞ്ഞാണിട്ട് സവാരിക്കു കൊണ്ടുപോയി (ദേവതാ സ്തുതിപരമായ ആദ്യകാലകവിത), ➤രാജസൈന്യം പടപ്പാളയങ്ങളിലേക്ക് നയിച്ചു (കവിത രാജസ്തുതിയും, യുദ്ധവർണ്ണനകളുമായി), ➤ആഗമതത്ത്വവേദികൾ യോഗദണ്ഡിൽ തളച്ചു (കവിത അധികാരവർഗ്ഗത്തിന്റെ നിയന്ത്രണത്തിലായി), ➤അശ്വഹൃദയജ്ഞരായ കവിയുടെ

tharapadam_malayalam_mavelikara

പൂർവികർ അവരിൽ നിന്നും അങ്കമാടികുതിരയെ വീണ്ടെടുത്തു, ➤മണ്ണിൽ പണിയെടുക്കുന്നവന്റെ, ➤അധ്വാനവർഗ്ഗത്തിന്റെ പച്ച മനുഷ്യന്റേതായി കുതിര, ➤ആധുനിക സാഹിത്യം സാധാരണ മനുഷ്യനൊപ്പമാണ് അവന്റെ കണ്ണീരും വിയർപ്പുമാണ്

## യൂണിറ്റ് - 5

## കലകൾ, കാവ്യങ്ങൾ

- ഉരുളക്കിഴങ്ങു തിന്നുന്നവർ
- മൈക്കലാഞ്ജലോ, മാപ്പ്

ooooooooooooooooooooooooooooooooooooooooooooooooooooooooo

### ഉരുളക്കിഴങ്ങുതിന്നുന്നവർ (പറുദീസാനഷ്ടം-കഥാസമാഹാരം) - സുഭാഷ്ചന്ദ്രൻ

oooooooooooooooooooooooooooooooooooooooooooooooooooooooooo

മലയാളത്തിലെ പുതുതലമുറയിൽപ്പെട്ട എഴുത്തുകാരിൽ പ്രമുഖനാണ് സുഭാഷ്ചന്ദ്രൻ . ലോകപ്രശസ്ത ചിത്രകാരൻ വിൻസന്റ് വാൻഗോഗിന്റെ "പൊട്ടറ്റോ ഈറ്റേഴ്സ്" എന്ന ചിത്രത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് സുഭാഷ് ചന്ദ്രൻ രചിച്ച കഥയാണ് 'ഉരുളക്കിഴങ്ങ് തിന്നുന്നവർ'. ജീവിതകാലം മുഴുവൻ ദാരിദ്ര്യത്തിന്റെ പിടിയിലമർന്ന ഒരു സാധാരണ കർഷകകുടുംബത്തിന്റെ ദയനീയചിത്രമാണ് ഈ കഥയിൽ അവതരിപ്പിക്കുന്നത്. ഖനിയിൽ ജോലി തേടിപ്പോയ മകനെ അന്വേഷിച്ച് കണ്ടെത്താൻ കഴിയാതെ ക്ഷീണിച്ച് വിവശനായി വീട്ടിൽ തിരിച്ചെത്തുന്ന വൃദ്ധനായ മിറലിനെ അവതരിപ്പിച്ചുകൊണ്ടാണ് കഥ ആരംഭിക്കുന്നത്. ഖനിയിലെ

അപകടത്തിൽപ്പെട്ട മകന്റെ മരണവാർത്ത മറച്ചുവെയ്ക്കാൻ മിറൽ ശ്രമിക്കുന്നു. എങ്കിലും ചായനിറച്ച കെറ്റിലിനൊപ്പം കൊണ്ടുവെച്ച പുഴുങ്ങിയ ഉരുളക്കിഴങ്ങ് മുഖം പൊട്ടി വികൃതമായ ശരീരങ്ങളെ ഓർമപ്പെടുത്തിയപ്പോൾ മിറലിന്റെ മുഖത്ത് മിന്നിനിറഞ്ഞ ഭാവത്തിൽനിന്നും മകന്റെ ഭാര്യ ജൂലിയാന തന്റെ ഭർത്താവിന്റെ മരണം ഉറപ്പിക്കുന്നിടത്ത് കഥ അവസാനിക്കുന്നു.

## മൈക്കലാഞ്ജലോ, മാപ്പ് (കവിത) - ഒ എൻ വി കുറുപ്പ്

ooooooooooooooooooooooooooooooooooooooooooooooooooooooooooooooooooooooooooooooo

കുരിശിൽനിന്നിറക്കിയ ക്രിസ്തുവിന്റെ ജീവനറ്റശരീരം അമ്മയായ മറിയത്തിന്റെ മടിയിൽ കിടത്തിയിരിക്കുന്നതിന്റെ ഭാവതീവ്രമായ ആവിഷ്കാരമാണ് മൈക്കലാഞ്ജലോയുടെ 'ലാ പിയത്ത' എന്ന ശില്പം. മയക്കുമരുന്നിനടിമയായ ലാസ്ലോടോത്ത് എന്ന ചെറുപ്പക്കാരൻ ചുറ്റിക കൊണ്ട് ഈ ശില്പത്തെ ആക്രമിച്ച വാർത്ത ഒ എൻ വിയുടെ മനസ്സിലുണ്ടാക്കിയ ചിന്തകളാണ് മൈക്കലാഞ്ജലോ, മാപ്പ് എന്ന കവിത. നന്മ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പുതിയലോകത്തിന്റെ അവസ്ഥയിൽ നിസ്സഹായമായ കവിമനസ്സ് നമുക്ക് ഈ കവിതയിൽ കാണാം.

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1. അന്നയുടെ മുഖത്തു നോക്കി ജൂലിയാന അകമടങ്ങി നിന്നു

അടിവരയിട്ട പദം പിരിച്ചെഴുതിയാൽ

⟹ അകം, മടങ്ങി, നിന്നു ⟹ അക, മടങ്ങിനിന്നു

⟹ അക,അടങ്ങി നിന്നു ⟹ അകം അടങ്ങി നിന്നു

ഉത്തരം :⟹ അകം അടങ്ങി നിന്നു



tharapacam malayalam mavelikara

2. "ഇടംവലം ഉലഞ്ഞ് വീട് അടുത്തുവന്നു". കിഴവൻ മിറലിന്റെ യാത്രയെ പരാമർശിക്കുന്ന ഈ വാക്യത്തിന്റെ സൂചനയെന്ത്?

⇒ മകന്റെ മരണം

⇒ വേച്ചുവേച്ച് മിറൽ വീടിനടുത്തെത്തി

⇒ വീട്ടിലേക്കുള്ള ദൂരം കുറഞ്ഞു

⇒ മിറലിന്റെ ക്ഷീണാവസ്ഥ

ഉത്തരം :⇒ മകന്റെ മരണം

3. മുത്തച്ഛാ ഈസ്റ്ററിന് ചായം തേച്ച മുട്ടകൾ കൊണ്ടു വരണമെന്ന് എന്റെ അച്ഛനോട് പറഞ്ഞില്ലേ ? അന്നയുടെ വാക്കുകളിൽ പ്രകടമാകുന്ന ഭാവം എന്ത്?

ഉ. സമ്മാനം കിട്ടാനുള്ള താല്പര്യം.

4. ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥ ഏത് ചിത്രത്തെ ആസ്പദമാക്കി രചിച്ചതാണ്?

ഉ. പൊട്ടറ്റോ ഈറ്റേഴ്സ്.

5. "മഞ്ഞും തിമിരവും ചേർന്ന് ഇതളുകൾ നൽകിയ വെളിച്ചത്തിന്റെ ഒറ്റ ബിന്ദു, ഒരേ ഒരു വെളുത്ത പൂവെച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റിക്കാണിച്ചു." ഈ വാക്യം നൽകുന്ന സൂചന എന്ത് ?

ഉ. മിറൽ ഉള്ളിൽ സൂക്ഷിക്കുന്ന മരണവാർത്ത വീടിനെ ശവകുടീരമാക്കി മാറ്റിയിരിക്കുന്നു.

6. തൃപ്പുത്രൻ പിരിച്ചെഴുതിയാൽ

⇒ തൃ +പ്പുത്രൻ

⇒ തിരു + പുത്രൻ

⇒ തിരു + പ്പുത്രൻ

ഉത്തരം :⇒ തിരു + പുത്രൻ

harapadam_malayalam_mavelikara

## 2 മാർക്കിന്റെ ചോദ്യങ്ങൾ

1. ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞു പോകുന്നതായി ജൂലിയാന അറിഞ്ഞു. "ഉറഞ്ഞു പോവുക" എന്ന പ്രയോഗത്തിന്റെ അർത്ഥതലം പരിശോധിക്കുക ?

ഉത്തരസൂചന: ഭർത്താവ് മരിച്ച എന്ന യാഥാർത്ഥ്യം മനസസ്സിലാക്കിയപ്പോൾ ഒന്നും ചെയ്യാനാകാതെ നിശ്ചലമായി , നിസ്സഹായയായിരിക്കുന്ന ജൂലിയാനയുടെ ശാരീരികമാനസികാവസ്ഥ വ്യക്തമാക്കുവാൻ ഈ പ്രയോഗത്തിനു കഴിയുന്നു.

2. നാട്ടിൽനിന്നു വന്ന അച്ഛനമ്മമാർ ഇന്ന തന്റെ അതിഥികളാണെന്ന തോന്നലിൽ അവൾക്ക് ദരിദ്രമായ അടുക്കളയുള്ള അമ്മമാരുടെ ഒരങ്കലാപ്പുണ്ടായി". ഇതിലൂടെ വ്യക്തമാകുന്ന മനോഭാവമെന്താണ് ?

ഉത്തരസൂചന: വീട്ടിലെ ദുഃഖദാരിദ്ര്യങ്ങൾക്കിടയിലും അച്ഛനമ്മമാർക്ക് ആഹാരം നൽകേണ്ടത് കുടുംബിനിയായ തന്റെ

കടമയാണെന്നുള്ള ജൂലിയാനയുടെ മനോഭാവം അവളുടെ ആതിഥ്യമര്യാദ വ്യക്തമാക്കുന്നു.

3. "വായിൽ നിന്ന് നീരാവിയുടെ ഒരു ചെറിയ മേഘത്തെ തുറന്നുവിട്ടുകൊണ്ട് ജൂലിയാന ചോദിച്ചു". - ആഖ്യാനഭംഗി വ്യക്തമാക്കുക.

ഉത്തരസൂചന: മഞ്ഞുകാലത്തിന്റെ തീവ്രത വായനക്കാരിൽ എത്തിക്കാൻ ഈ പ്രയോഗത്തിലൂടെ കഥാകൃത്തിന് കഴിഞ്ഞിട്ടുണ്ട്.

4. പാതി കൂമ്പിയ കൺകളിപ്പോഴും പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയെന്ത്?

ഉത്തരസൂചന: തന്റെ മരണത്തിന് കാരണക്കാരായവരോട് പൊറുക്കുക.

5. അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കുക.

tharapadam_malayalam_mavelikara

മേശയ്ക്കു മുകളിലായി വീടിന്റെ ചരിഞ്ഞ മേൽക്കൂരയിൽനിന്നു തൂക്കിയിട്ട മണ്ണെണ്ണവിളക്കിന്റെ പ്രകാശം അവളുടെ കുഞ്ഞുചുണ്ടുകളുടെ മേൽമൂക്കിന്റെ കൂർമ്പൻ നിഴൽ വീഴ്ത്തി.

ഉത്തരസൂചന: മേശയ്ക്കുമുകളിൽ ചരിഞ്ഞമേൽക്കൂരയിൽ നിന്ന് തൂക്കിയിട്ട മണ്ണെണ്ണ വിളക്ക്. അതിന്റെ പ്രകാശം അവളുടെ കുഞ്ഞുചുണ്ടുകളുടെ മേൽമൂക്കിന്റെ കൂർമ്പൻ നിഴൽ വീഴ്ത്തി.

## 3 മാർക്കിന്റെ ചോദ്യങ്ങൾ

1. ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചത്തുവീണു. - പ്രയോഗഭംഗി കുറിക്കുക.

ഉത്തരസൂചന: ഖനിത്തൊഴിലാളിയായ മകനെ അന്വേഷിച്ചിറങ്ങിയ അച്ഛൻ മിറൽ മകന്റെ മരണം സ്ഥിരീകരിച്ച് നിരാശയോടെ വീട്ടിലെത്തുന്നു. ഭർത്താവിന്റെ വിവരങ്ങൾ അറിയാൻ ആശങ്കയോടും ആകാംക്ഷയോടും കാത്തിരിക്കുന്ന ഭാര്യ ജൂലിയാന. മരുമകളോടും പേരക്കുട്ടിയോടും ബന്ധുക്കളോടും സത്യം തുറന്നുപറയാൻ കഴിയാതെ കടുത്ത മാനസികസമ്മർദ്ദം അനുഭവിക്കുന്ന മിറലിന്റെ നെഞ്ചിൽ ഒരു തീക്കനലായി വീണു "കണ്ടോ അച്ഛാ" എന്ന ജൂലിയാനയുടെ ചോദ്യം.

2. ഘടികാരത്തിൽനിന്നും സമയം തുള്ളിതുള്ളിയായി താഴക്കിറങ്ങുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു. ഈ വാക്യത്തിലെ പ്രയോഗഭംഗി വ്യക്തമാക്കുക.

ഉത്തരസൂചന: സമയം ഒരു പ്രവാഹമാണ്. സെക്കന്റ് സൂചിയുടെ 'ടിക് ടിക്' ശബ്ദം ഇറ്റിറ്റുവീഴുന്ന വെള്ളത്തുള്ളികളെ ഓർമ്മിപ്പിക്കുന്നു. ഖനിയിലെ അപകട സാധ്യത ഏറെയുള്ള ജോലി ചെയ്യുന്ന ഭർത്താവിനെ കുറിച്ചുള്ള വിവരങ്ങൾ അറിയാൻ കാത്തിരിക്കുന്ന ജൂലിയാന ഓരോ നിമിഷവും എണ്ണിയെണ്ണിയാണ് കഴിച്ചുകൂട്ടിയത്.

tharapadam_malayalam_mavelikara

മകന്റെ മരണവാർത്തയറിഞ്ഞിട്ടും വെളിപ്പെടുത്താനാകാതെ വിഷമിക്കുന്ന മിറലിനും ഓരോ നിമിഷവും, ഇറ്റിറ്റു വീഴുന്ന വെള്ളത്തുള്ളികളായിട്ടാണ് അനുഭവപ്പെടുന്നത്. ആ വീട്ടിൽ തളംകെട്ടി നിൽക്കുന്ന ആശങ്ക, പ്രതീക്ഷ, നിസ്സഹായത, ദുഃഖം തുടങ്ങിയ വികാരങ്ങൾ പ്രതിഫലിപ്പിക്കാൻ ഈ പ്രയോഗത്തിനുകഴിയുന്നു.

3. കാർഷികവൃത്തി ഉപേക്ഷിച്ച് മറ്റു തൊഴിൽ തേടിപ്പോകുന്ന പുതുതലമുറയുടെ ചിത്രം 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന കഥയിൽ കഥാകൃത്ത് എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു?

ഉത്തരസൂചന: ഈ കഥയിൽ ജൂലിയാനയുടെ ഭർത്താവ് പുതിയ തൊഴിലിടത്തിൽ തൊഴിലന്വേഷിച്ചുപോയ ചെറുപ്പക്കാരനാണ്. ഉരുളക്കിഴങ്ങുകൃഷി ചെയ്ത് ഉപജീവനം നടത്തുന്ന കുടുംബമാണ് അവരുടേത് .ആ തൊഴിലുപേക്ഷി ച്ചാണ് മെച്ചപ്പെട്ട വരുമാനം പ്രതീക്ഷിച്ച് ആ ചെറുപ്പക്കാരൻ ഖനിയിൽ ജോലിക്കുപോയത്. ആ തീരുമാനം അയാളുടെ ജീവൻതന്നെ അപകടത്തിലാക്കി. കൃഷിയോട് താല്പര്യമില്ലാത്ത പുതുതലമുറയുടെ ചിത്രമാണ് കഥാകൃത്ത് ഇവിടെ വരച്ചുകാട്ടുന്നത്.

4. മൈക്കലാഞ്ജലോ, മാപ്പ് എന്ന തലക്കെട്ടിന്റെ ഔചിത്യം എന്ത്?

ഉത്തരസൂചന: ശില്പനിർമാണത്തിന്റെ മഹത്ത്വം, ശില്പഭഞ്ജനത്തിലെ വ്യസനം, സംസ്കാരിക പൈതൃകം നശിപ്പിക്കുന്നതിന്റെ വേദന.

## 4 മാർക്കിന്റെ ചോദ്യങ്ങൾ

1. അസ്തമയം കഴിഞ്ഞുള്ള മരവിച്ച വെളിച്ചത്തിലൂടെ കിഴവൻ മിറൽ വേച്ചുവേച്ചു നടന്നു. കഥാഗതിയിൽ ഈ വാക്യത്തിനുള്ള പ്രധാന്യം വ്യക്തമാക്കുക.

ഉത്തരസൂചന: ⇒അസ്തമയം എന്ന പ്രയോഗം കുടുംബനാഥന്റെ മരണത്തിലേക്കുള്ള സൂചന നൽകുന്നു. ⇒മരവിച്ച വെളിച്ചം എന്നത് അവരനുഭവിക്കുന്ന

tharapadam_malayalam_mavelikara

ദാരിദ്ര്യത്തിന്റെയും അരക്ഷിതാവസ്ഥയുടേയും സൂചന നൽകുന്നു. ⇒വേച്ചുവേച്ചു പോകുന്ന കിഴവന്റെ ചിത്രം അയാളുടെ അവശതയും അന്തർസംഘർഷങ്ങളും വെളിപ്പെടുത്തുന്നു. ⇒മകന്റെ ദാരുണവാർത്തയറിഞ്ഞ പിതാവിന്റെ മാനസികാവസ്ഥ.

2. ഉത്തമ കലാസൃഷ്ടികൾ മനുഷ്യസംസ്കാരത്തെ എക്കാലവും ഉദാത്തമാക്കുന്നു. 'പൊട്ടെറ്റോ ഈറ്റേഴ്സ്', 'പിയത്ത', 'മൈക്കലാഞ്ജലോ, മാപ്പ്', 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' തുടങ്ങിയ കലാസൃഷ്ടികൾ പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചന: ⇒നാലു കലാസൃഷ്ടികളുടെയും ചുരുങ്ങിയ വിശദീകരണം, ⇒ദരിദ്രരുടെ അവഗണന, ⇒പുതിയ കാലഘട്ടത്തിന്റെ നിറംകെട്ട കാഴ്ചകൾ.

tharapadam_malayalam_mavelikara

# അടിസ്ഥാന പാഠാവലി

## യൂണിറ്റ് 1

## ജീവിതം പടർത്തുന്ന വേരുകൾ

- പ്ലാവിലക്കഞ്ഞി (രണ്ടിടങ്ങഴി-നോവൽ) - തകഴി
- ഓരോ വിളിയും കാത്ത് (കഥ) - യു കെ കുമാരൻ
- അമ്മത്തൊട്ടിൽ (കവിത) - റഫീഖ് അഹമ്മദ്

tharapadam_malayalam_mavelikara

## പാഠം -1. പ്ലാവിലക്കഞ്ഞി - തകഴി ശിവശങ്കരപ്പിള്ള

പാഠസംഗ്രഹം

തകഴിയുടെ പ്രസിദ്ധ നോവലായ രണ്ടിടങ്ങഴിയിലെ പതിനേഴാമത്തെ അധ്യായമാണ് പ്ലാവിലക്കഞ്ഞി. പുഷ്പവേലിൽ ഔസേപ്പിന്റെ പ്രധാന ജോലിക്കാരനാണ് കോരൻ. പകലന്തിയോളം പണിയെടുത്തിട്ടും ഭക്ഷണത്തിനുള്ള നെല്ലുപോലും കൂലിയായി തൊഴിലാളിക്ക് നൽകാത്ത ജന്മിയുടെ മനോഭാവം, തൊഴിലാളികളെ ചൂഷണം ചെയ്തു കിട്ടുന്ന അവരുടെ അധ്വാനഫലം രാത്രിയുടെ മറവിൽ കരിഞ്ചന്തയിൽ മറിച്ചുവിൽക്കുന്നത്, അസംഘടിതരായ തൊഴിലാളിവർഗം ആയിരക്കണക്കിനുപറനെല്ല് ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും അവർക്ക് ഒരു നേരംപോലും വയർനിറയെ ഭക്ഷണംകഴിക്കാനില്ലാത്ത അവസ്ഥ, ഇല്ലായ്മകളെ സ്നേഹം കൊണ്ടു മറികടക്കുന്ന കോരന്റെയും ചിരുതയുടെയും ജീവിതം, തന്റെസുഖംമാത്രം നോക്കി, ഇഷ്ടപ്പെട്ട പെണ്ണുമായി അച്ഛനെ തനിച്ചാക്കി മറുനാട്ടിലേക്ക് പോന്നതിലുള്ള കോരന്റെ ധാർമികബോധത്തിൽ നിന്നുണ്ടായ കുറ്റബോധം, വാർധക്യകാലത്ത് അച്ഛനെ സംരക്ഷിക്കാൻ കഴിഞ്ഞതിലെ സംതൃപ്തി, ആ കാലഘട്ടത്തിലെ സാമൂഹിക ജീവിതാവസ്ഥയുടെ പച്ചയായആവിഷ്കരണം ഇവയൊക്കെ ഈ നോവൽഭാഗത്ത് തെളിയുന്ന ആശയങ്ങളാണ്.

tharapadam malayalam_mavelikara

### ഒരു മാർക്ക് ചോദ്യങ്ങൾ

1) 'പ്ലാവിലക്കഞ്ഞി'എന്ന പാഠഭാഗം ഏത് സാഹിത്യവിഭാഗത്തിൽ ഉൾപ്പെടുന്നു?

(നോവൽ, കഥ, ലേഖനം)

ഉ. നോവൽ

2) പുഷ്പവേലിൽ ഔസേപ്പ് എന്തായിരുന്നു തൊഴിലാളികൾക്ക് കൂലിയായി നൽകിയിരുന്നത് ?

(നെല്ല്, തുച്ഛമായ പണം, പണവും നെല്ലും)

ഉ. തുച്ഛമായ പണം.

3) "അന്നു പാതിരാ വരെ കോരൻ ആ ചക്രവും മടിയിലിട്ട് അരി അന്വേഷിച്ച് ഊന്നി നടന്നു."

'ഊന്നി നടന്നു' എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

(വള്ളം ഊന്നുക, അലഞ്ഞു നടക്കുക, വടിയൂന്നി നടക്കുക)

ഉ. വള്ളം ഊന്നുക.

4) നെല്ലില്ല പിശാശുക്കള്! നെല്ല കൊണ്ടുചെന്ന് വല്ല പീടികയിലും പെട്ട വിലയ്ക്ക് വിൽക്കാനാണ്.

'പിശാശുക്കൾ' എന്ന് സൂചിപ്പിക്കുന്നതാരെ?

(ഔസേപ്പിനെ, തൊഴിലാളിവർഗ്ഗത്തെ, ചിരുതയുടെ വീട്ടുകാരെ, മുതലാളി വർഗ്ഗത്തെ)

ഉ. തൊഴിലാളിവർഗ്ഗത്തെ

5) ആ ശ്വാസകോശത്തിന് ഇനി ആ ശക്തിയില്ല ആരെ ക്കുറിച്ചാണ് വാക്യത്തിൽ പരാമർശിക്കുന്നത്?

(ചിരുതയെ കോരനെ, കോരന്റെ അച്ഛനെ, ഔസേപ്പ് മുതലാളിയെ)

ഉ. കോരന്റെ അച്ഛനെ

അർത്ഥവ്യത്യാസം വരാതെ ഒറ്റ വാക്യമാക്കി എഴുതുക

6) അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ചു .

ആ കാഴ്ച നോക്കിനിന്ന ചിരുത ആനന്ദിച്ചു.



tharapadam_malayalam_mavelikara

ഉത്തരം: അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ചുനിൽക്കുന്ന കാഴ്ചനോക്കിനിന്ന് ചിരുത ആനന്ദിച്ചു

7) "വൃദ്ധനെ തകഴിയിൽ തനിച്ചാക്കിയിട്ട് താൻ സുഖം തേടി പെണ്ണുമായി മറുനാട്ടിൽ പോന്നു.അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്". അക്ഷന്തവ്യം എന്ന വാക്കിന്റെ ശരിയായ അർത്ഥം ഏത്?

(സഹിക്കാവുന്നത് ,ന്യായീകരിക്കാവുന്നത് ,സഹിക്കാൻ പറ്റാത്തത് , ക്ഷമിക്കാൻ സാധിക്കാത്തത്)

ഉ. ക്ഷമിക്കാൻ സാധിക്കാത്തത്

8) "അത് കണ്ണ് തണുപ്പിക്കുന്ന കാഴ്ചയായിരുന്നു". ഇവിടെ പരാമർശിക്കുന്ന കാഴ്ച ഏത്?

(കോരന്റെ അപ്പൻ ചിരുതയുമായി സംസാരിച്ചിരിക്കുന്നത്, ചിരുത സ്നേഹപൂർവ്വം കഞ്ഞി വിളമ്പി കോരനു നൽകുന്നത്, കോരന് കൈനിറയെ കൂലി കിട്ടുന്നത് സ്വപ്നം കാണുന്നത്, കോരനും ചിരുതയും അപ്പനും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നത്)

ഉ. കോരന്റെ അപ്പൻ ചിരുതയുമായി സംസാരിച്ചിരിക്കുന്നത്

9). "പ്ലാവിലക്കഞ്ഞി" ശരിയായ വിഗ്രഹാർത്ഥം ഏത്?

(പ്ലാവില കൊണ്ടുള്ള കഞ്ഞി, പ്ലാവിലെ കഞ്ഞി, പ്ലാവിലയിലെ കഞ്ഞി, പ്ലാവിലയും കഞ്ഞിയും )

ഉ. പ്ലാവിലയിലെ കഞ്ഞി

## രണ്ട് മാർക്ക് ചോദ്യങ്ങൾ

10." ഏനു വേണ്ട, എന്നാല് ഏനും കുടിക്കത്തില്ല" - ഈ സംഭാഷണ ഭാഗങ്ങളിൽ തെളിയുന്ന ഭാവമെന്ത്?

tharapadam_malayalam_mavelikara

ഉ .കോരനും ചിരുതയും തമ്മിലുള്ള ആത്മബന്ധം.

പരസ്പര സ്നേഹവും കരുതലും അവർ വച്ചുപുലർത്തുന്നു.

11. കോരന്റെ ഹൃദയത്തെ നോവിച്ച അപരാധബോധമെന്ത്?

ഉ. വൃദ്ധനായ പിതാവിനെ തകഴിയിൽ തനിച്ചാക്കി തന്റെ സുഖംതേടി പെണ്ണുമായി മറുനാട്ടിൽ പോയതിലുള്ള കുറ്റബോധമാണ് കോരനെ വേദനിപ്പിച്ചത്.

12. "ചിരുത കൃതകൃത്യയായി. അച്ഛൻ ചുമ്മാ പറയുവാ.. ഏനും കുടിച്ചു. "ചിരുതയെ കൃതകൃത്യയാക്കിയ സംഭവം ഏത്?.

ഉ.വീട്ടിലെത്തിയ വൃദ്ധനും അവശനുമായ ഭർത്തൃപിതാവിന് വയറുനിറയെ ഭക്ഷണം നൽകിയത്.

13."അതൊരു അക്ഷന്തവ്യമായ അപരാധമാണ്. ഒരുതരത്തിലും തെറ്റ് ന്യായീകരിക്കാവുന്നതല്ല". കോരന്റെ അപരാധബോധത്തിന് കാരണമെന്ത്?

ഉ.സ്വന്തംഅപ്പനെ തനിച്ചാക്കി കെട്ടിയപെണ്ണുമായി സ്വന്തം സുഖംതേടി സ്ഥലംവിട്ടത്.

## മൂന്ന് മാർക്ക് ചോദ്യങ്ങൾ

14. "അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്! ഒരു തരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല." കോരന്റെ ധാർമ്മിക ബോധം വർത്തമാന സമൂഹത്തിൽ എത്രത്തോളം നിലനിൽക്കുന്നുണ്ട്. സ്വാഭിപ്രായം കുറിക്കുക.

ഉത്തരസൂചന: അപ്പന്റെ ദയനീയ അവസ്ഥ,

കോരന്റെ കുറ്റബോധം, പശ്ചാത്താപം,

പശ്ചാത്താപം പുതിയ തലമുറയ്ക്കുള്ള പാഠം,

കോരന്റെ തിരിച്ചറിവ് വർത്തമാനകാല സമൂഹത്തിന് മാതൃക. ഈ തിരിച്ചറിവ് എല്ലാവർക്കും വേണമെന്ന പാഠമാണ് തകഴി നൽകുന്നത്

tharapadam_malayalam_mavelikara

15) അങ്ങനെ പാതിരയ്ക്ക് ശേഷം ആ കുടിലിൽ വെളിച്ചമുണ്ടായി വരികൾ നൽകുന്ന ആശയസാധ്യത പരിശോധിക്കുക.

ഉത്തരസൂചന: →ദാരിദ്ര്യത്തിന്റെ ആഴമേറിയ ചിത്രങ്ങൾ രണ്ടിടങ്ങഴിയിൽ കാണാം. പാതിരാത്രിയിൽ അരിയും കപ്പയും വാങ്ങി വീട്ടിലെത്തിയപ്പോഴാണ് അവിടെ അടുപ്പെരിഞ്ഞത്. പാതിരാത്രിക്ക് കോരന്റെ ഭാര്യയായ ചിരുത ഭക്ഷണം പാകം ചെയ്തപ്പോൾ അടുപ്പിൽ നിന്നും തീയുടെ വെളിച്ചം അവിടെ പരന്നു. ഈ വെളിച്ചം തീയുടെ വെളിച്ചം മാത്രമല്ല അന്നത്തെ വിശപ്പകറ്റാനുള്ള ഭക്ഷണം കിട്ടിയ സന്തോഷം കൂടിയാണ്. കോരന്റെ മനസ്സിലെ സംതൃപ്തിയും കോരനും ചിരുതയും തമ്മിലുള്ള സ്നേഹത്തിന്റെ തിളക്കവും ഇതിൽ നിഴലിക്കുന്നു.

16) എല്ലുമുറിയെ പണിയെടുത്തിട്ടും വിശപ്പടക്കാൻ കഴിയാതെ പോകുന്നവരുടെ പ്രതിഷേധത്തിന്റെ സൂചനകൾ പാഠഭാഗത്തു നിന്നു കണ്ടെത്തുക.

ഉത്തരസൂചന: →തമ്പ്രാ ഏന് നെല്ല് കൂലി മതി. ചക്രം മേണ്ട.

→രാത്രിയിൽ നടക്കുന്ന......

→എന്തായാലും അന്നു നെല്ലു തന്നെ കൂലി കിട്ടിയേ മതിയാകൂ.

17)"പത്തു ദിവസമായി എന് അരിയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചിട്ട്.. അവരുണ്ടാക്കിയ നെല്ല് മറ്റാരുടെയോ വകയായിരുന്നു". അന്നത്തെ കാർഷിക വ്യവസ്ഥിതി വ്യക്തമാക്കുന്ന വരികളാണിത്. വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചന: →കർഷകന് സ്വന്തമായി മണ്ണില്ല.അവൻ മറ്റാരുടെയോ മണ്ണിൽ പണി ചെയ്തു പൊന്നുവിളയിക്കുന്നു.

→പകലന്തിയോളം ജന്മിയുടെ വയലിൽ പണിയെടുക്കുന്ന കർഷകന് പട്ടിണി മാത്രം ബാക്കിയാവുന്നു.

tharapadam_malayalam_mavelikara

18) ജീവിതത്തിനു എന്തെന്തു സംഭാവനകൾ ചെയ്തു ഒരു ജീവിതത്തിന്റെ അവസാന അധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ വലിച്ചു കഴിയുന്നത്. കുട്ടനാടൻ കർഷകരോട് ജന്മിമാർക്കുണ്ടായിരുന്ന മനോഭാവം വിശദമാക്കി കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചന: ➞കർഷകരുടെ ദാരിദ്രം

➞ജന്മിമാർക്കും കർഷകരോടുള്ള മനോഭാവം

➞തൊഴിലാളികളുടെ അധ്വാനശീലം

## 4മാർക്ക് ചോദ്യങ്ങൾ

19)" ഇതു കഞ്ഞി കുടിക്കുന്നെന്ന ബാവമേ ഉള്ളൂ".

"അല്ലെടീ, ഏൻ കുടിക്കുവാ ."

"എടീ കള്ളീ ! നീയത് ഒളിച്ചു മച്ചിരുന്നോ ?"

എന്തിനായിത്? നാഴി അരി അല്യോ മച്ചൊള്ളൂ ?"

"നീ കുടി" - പാഠഭാഗത്തുള്ള ഈ സംഭാഷണങ്ങൾ നിങ്ങളുടെ പ്രദേശത്തുള്ള സംസാരഭാഷയിലേക്ക് മാറ്റിയെഴുതുക. പദങ്ങളിലും വാക്യഘടനയിലും വരുന്ന മാറ്റം - കുറിപ്പെഴുതുക .

ഉത്തരസൂചന: ➞സംസാരഭാഷയിലേക്ക് മാറ്റി എഴുതുന്നു.

➞കുട്ടനാടൻ കർഷകത്തൊഴിലാളികളുടെ ഭാഷ മനസ്സിലാക്കുന്നു. ➞ഇന്ന് ഭാഷയ്ക്കുണ്ടായ മാറ്റം തിരിച്ചറിയുന്നു.

20)കഥാപാത്ര നിരൂപണം - ചിരുത

ഉത്തരസൂചന: ➞രണ്ടിടങ്ങഴിയിലെ നായിക.

➞ഉത്തമയായ സ്ത്രീ. ➞കുടുംബസ്നേഹി.

➞അധ:സ്ഥിത വർഗ്ഗത്തിന്റെ ഇന്ദുലേഖ – മുണ്ടശ്ശേരി.

tharapadam_malayalam_mavelikara

21)ജീവിതത്തിന്റെ ഇല്ലായ്മകളെ സ്നേഹംകൊണ്ട് അതിജീവിക്കുകയാണ്."പ്ലാവിലക്കഞ്ഞി" എന്ന പാഠഭാഗം വിശകലനം ചെയ്യുക.

ഉത്തരസൂചന: →തകഴിയുടെ രണ്ടിടങ്ങഴിയിലെ പ്ലാവിലക്കഞ്ഞിയിൽ ജീവിതത്തിന്റെ ഇല്ലായ്മകളെ സ്നേഹം കൊണ്ട് അതിജീവിക്കുന്ന കഥാപാത്രങ്ങളെ നമുക്ക് കാണാം. കോരനും ചിരുതയും, കോരന്റെ അപ്പനും ഒക്കെ ഉദാഹരണങ്ങൾ. →ഒരു നേരത്തെ ഭക്ഷണത്തിനു പോലും ബുദ്ധിമുട്ട് . →പരസ്പരം ഊട്ടുന്നു. →അച്ഛന് ഒരു നേരം വയറു നിറയെ ആഹാരം കൊടുക്കാൻ പരിശ്രമിക്കുന്നു.പങ്ക് വയ്ക്കുന്നു. →സ്നേഹത്താൽ സമ്പന്നം.

22) മണ്ണിന്റെമണമുള്ള ജീവൻതുടിക്കുന്ന ഭാഷയാണ് രണ്ടിടങ്ങഴിയിലേത്. 'പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗത്തിലെ കഥാപാത്രങ്ങളുടെ സംഭാഷണത്തിലൂടെ ഈ പ്രസ്താവന അപഗ്രഥിക്കുക.

ഉത്തരസൂചന: →വായ്മൊഴിയെ വരമൊഴിയാക്കി സമൃദ്ധമായി നോവലിൽ പ്രയോഗിച്ചു. → കുട്ടനാടൻ കർഷകന്റെ തനതു ഭാഷ. →അക്കാലത്ത് നിലനിന്നിരുന്ന ആചാരഭാഷ.

23)അവിടെങ്ങും നെല്ല് കണി കാണാൻ ഇല്ല. ഒള്ളോൻ വെളി കാണിക്കത്തില്ല അന്നത്തെ സാമൂഹികസാഹചര്യം ഇവിടെ പ്രകടമാണോ ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക

ഉത്തരസൂചന: →ജന്മിത്തം കൊടികുത്തി വാണിരുന്ന കാലഘട്ടം. →പണിയെടുക്കാൻ തൊഴിലാളികളും ഫലമനുഭവിക്കാൻ മുതലാളിമാരും. →പകലന്തിയോളം പണിയെടുത്താലും വിശപ്പുമാറാനുള്ള കൂലിപോലും കിട്ടാറില്ല .→നെല്ലിനു നല്ല വിലയുള്ളതിനാൽ നെല്ല് കൂലിയായി കൊടുക്കാതെ കരിഞ്ചന്തയിൽ വിറ്റുകാശാക്കാനാണ് ജന്മിയുടെശ്രമം. →പ്രതികരിക്കാനോ പ്രതിഷേധിക്കാനോ ഉള്ള

tharapadam_malayalam_mavelikara

കരുത്ത് അന്നത്തെ തൊഴിലാളികൾക്കുണ്ടായിരുന്നില്ല. →മനുഷ്യത്വത്തിന് വിലകൽപ്പിക്കാത്ത ജന്മിവർഗ്ഗവും നരകയാതന അനുഭവിക്കുന്ന തൊഴിലാളിവർഗ്ഗവും ഇതായിരുന്നു അന്നത്തെ സാമൂഹിക ജീവിതാവസ്ഥ.

## അഞ്ചു മാർക്ക് ചോദ്യങ്ങൾ

24) 'പ്ലാവിലക്കഞ്ഞി' എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുന്ന കുറിപ്പ് തയ്യാറാക്കുക

ഉത്തരസൂചന: →രണ്ടിടങ്ങഴി നെല്ല് കൂലി കിട്ടേണ്ട തൊഴിലാളി ഒരു പ്ലാവിലക്കഞ്ഞിക്കു പോലും വകയില്ലാതെ പട്ടിണി കിടക്കേണ്ടി വരുന്ന അവസ്ഥയാണ് ഈ ശീർഷകം സൂചിപ്പിക്കുന്നത്. →പൈസ കൂലിയായി കിട്ടിയാൽത്തന്നെ പുറത്തു നിന്നും അരി വാങ്ങാൻ കിട്ടില്ല. നല്ല വില കൊടുക്കണം. →നല്ല വില കൊടുത്തു വാങ്ങുന്ന അരി കൊണ്ട് കഞ്ഞി തയ്യാറാക്കുന്നു. →വീട്ടുമുറ്റത്തെ പ്ലാവിലയെടുത്തു കുമ്പിളുകുത്തി അതു കോരിക്കുടിച്ച് വിശപ്പടക്കുന്നു. →അടിമകളും ഉടമകളും തമ്മിലുള്ള വ്യത്യാസം, പ്ലാവിലക്കഞ്ഞി എന്ന ശീർഷകം പറഞ്ഞുതരുന്നു. →പകലന്തിയോളം പണിയെടുക്കുകയും അത്താഴത്തിനു വകയില്ലാതെ പട്ടിണികിടക്കുകയും ചെയ്യുന്ന പാവപ്പെട്ട തൊഴിലാളിയുടെ ജീവിതദു:ഖത്തിന്റെയും ദാരിദ്ര്യത്തിന്റെയും പ്രതീകമാണ് "പ്ലാവിലക്കഞ്ഞി".

25) "എത്ര നെല്ല് കൊയ്തു; മെതിച്ചു! എത്ര കോടി ഉദരങ്ങൾ ഈ വൃദ്ധന്റെ പ്രയത്നഫലം കൊണ്ട് നിറഞ്ഞിരിക്കുന്നു......... "കോരന്റെ വൃദ്ധനായ അച്ഛനെ കുറിച്ചുള്ളതാണ് ഈ പരാമർശം. ഏതൊരു രാജ്യത്തിന്റെയും കാർഷികസമ്പദ്വ്യവസ്ഥയുടെ നട്ടെല്ല് തന്നെയാണ് ഇത്തരം കർഷകർ. സമകാലിക സാഹചര്യങ്ങളിൽ ഈ പ്രസ്താവനയുടെ പ്രസക്തി വിശദമാക്കി ഉപന്യസിക്കുക.

tharapadam_malayalam_mavelikara

ഉത്തരസൂചന: →ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളെ പട്ടുത്തുയർത്തുന്ന കർഷകരിൽ ആണ്. →ശാസ്ത്ര സാങ്കേതികവിദ്യ എത്ര പുരോഗമിച്ചാലും ഭക്ഷണത്തിനു പകരം വയ്ക്കാൻ മറ്റൊന്നുമില്ല. →മണ്ണിൽ പണിയെടുക്കുന്ന കർഷകനെ രണ്ടാം കിടക്കാരനായി കാണുന്ന അവസ്ഥ. →നമ്മെയെല്ലാം അന്നമൂട്ടുന്ന കർഷകരെ യഥോചിതം പരിഗണിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം.

## പാഠം -2. ഓരോ വിളിയും കാത്ത് -യു .കെ .കുമാരൻ

പാഠസംഗ്രഹം

യു.കെ. കുമാരന്റെ ഓരോ വിളിയും കാത്ത് എന്ന കഥ അച്ഛന്റെ മരണം അമ്മയുടെ ജീവിതത്തിലുണ്ടാക്കുന്ന ആഘാതങ്ങൾ തൊട്ടടുത്തുനിന്ന് നോക്കിക്കാണുന്ന മകന്റെ മനസ്സാണ്. അച്ഛന്റെ വിളികേട്ടാൽ ഓടിയെത്തിയിരുന്ന അമ്മ അച്ഛന്റെ മരണശേഷവും അതിനായി കാതോർക്കുന്നു. അച്ഛനില്ലാത്ത വീട്ടിൽ അമ്മയെങ്ങനെ കഴിയും എന്ന ചിന്തയാണ് മകന്. അച്ഛനില്ലാതായതോടെ വാർധക്യത്തിന്റെ നിസ്സംഗതയിലേക്ക് അമ്മ വഴുതിവീഴുമെന്ന് മകൻ ഭയപ്പെടുന്നു. ഒടുവിൽ മകന്റെ നിർബന്ധത്തിനു വഴങ്ങി നഗരത്തിലേക്കു ചെല്ലാമെന്നു അമ്മ സമ്മതിച്ചു. പുലർച്ചെ പുറപ്പെടേണ്ടേ എന്ന മകന്റെ അന്വേഷണത്തിന് ഞാനെങ്ങന്യാ മോനേ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ എന്ന മറുപടിയോടെ കഥ അവസാനിക്കുന്നു. വേർപാടിന്റെ വേദനയും ഏകാന്തതയും നിരാലംബതയുമൊക്കെ പ്രമേയമായി വരുന്ന കഥയാണിത്.

tharapadam_malayalam_mavelikara

നഗരജീവിതത്തെക്കാൾ ഗ്രാമജീവിതത്തിന്റെ സ്വാസ്ഥ്യം ആഗ്രഹിക്കുന്ന അമ്മയെ നമുക്ക് ഈ കഥയിൽ കാണാം.

## ഒരു മാർക്ക് ചോദ്യങ്ങൾ

1. അമ്മ മൗനത്തിലേക്ക് ഇറങ്ങി പോകുന്ന അടിവരയിട്ട പദം കൊണ്ട് വ്യക്തമാക്കുന്നത്

(പടിയിറങ്ങുക, യാത്രയ്ക്ക് ഇറങ്ങുക, മുഴുകിപ്പോവുക, മുന്നോട്ടു ഇറങ്ങുക)

ഉ. മുഴുകിപ്പോവുക

2. 'ദാഹജലം' വിഗ്രഹാർഥം എഴുതുക

(ദാഹിക്കുന്ന ജലം, ദാഹത്തിനുള്ള ജലം,

ദാഹവും ജലവും, ദാഹത്തിൻറെ ജലം)

ഉ. ദാഹത്തിനുള്ള ജലം.

3. "ഇവിടെ അമ്മയെ തനിച്ച് നിർത്തിയിട്ട് ഞാൻ എങ്ങനെയാ പോവ" - ഈ വരികളിൽ തെളിയുന്ന മകന്റെ മാനസികാവസ്ഥ.

( കോപം ,നിരാശ , നിസ്സഹായത,നിസ്സംഗത)

ഉ.നിസ്സഹായത

## രണ്ട് മാർക്ക് ചോദ്യങ്ങൾ

4) "ഇതെല്ലാം കാണാൻ ഏടം പോണോന്നില്ല. ആട കെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്"

ഈ വാക്യത്തിൽ സൂചിതമാകുന്ന രണ്ട് വസ്തുതകൾ എഴുതുക?

harapadam malayalam _maveikara

ഉത്തരസൂചന: ➞മണ്ണും മനുഷ്യനും തമ്മിലുള്ള അഭേദ്യമായ ബന്ധം. ➞മണ്ണിനെ സ്നേഹിക്കുന്ന കർഷകനായഅച്ഛനു കൃഷിയോടുള്ള സ്നേഹവും അറിവും.

5) അച്ഛന്റെ വിളികൾക്ക് പിന്നാലെ പോകുമ്പോൾ ഏതവസ്ഥയിലും അമ്മ ചെറുപ്പത്തിലേയ്ക്ക് മടങ്ങുകയായിരുന്നു. മകന് അമ്മയെക്കുറിച്ച് ഇങ്ങനെ തോന്നാനുള്ള കാരണമെന്ത്?

ഉത്തരസൂചന: ➞അച്ഛനോടൊപ്പമുള്ള അമ്മയുടെ ജീവിതം

➞വീടിന്റെ എല്ലാമായിരുന്ന അച്ഛൻ ഇല്ലാതായപ്പോൾ വീട് ശൂന്യമായ അവസ്ഥ

6) മനസ്സിന്റെ ക്ലാവ് പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു. പ്രയോഗം നൽകുന്ന അർത്ഥവ്യാപ്തി കണ്ടെത്തുക?

ഉത്തരസൂചന: പ്രായാധിക്യത്താലുംരോഗത്താലും അച്ഛൻ കിടപ്പിലായി. ശാരീരികമായി, മാനസികമായി അച്ഛൻ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ആണ് ക്ലാവുപിടിച്ച കണ്ണാടി എന്ന പ്രയോഗത്തിൽ തെളിയുന്നത്.

7)ഏകാന്തതയുടെ തുരുത്തുകൾ അമ്മയ്ക്ക് ഒരിക്കലും വിശ്രാന്തിയുടെ ഇടവേളയാകാറില്ല ഏകാന്തതയുടെ തുരുത്തുകൾ എന്ന പ്രയോഗത്തിന്റെ അർത്ഥതലം വ്യക്തമാക്കുക?

ഉത്തരസൂചന: അച്ഛന്റെ മരണശേഷം ഒറ്റയ്ക്കാകുന്ന അമ്മയുടെ ജീവിതാവസ്ഥയെയാണ് ഏകാന്തതയുടെ തുരുത്തുകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് .

## മൂന്ന് മാർക്ക് ചോദ്യങ്ങൾ

8)നല്ല വെള്ളോല്ല നിലാവൂല്ല

കുമന്റെ ഒച്ചേം ഇല്ല പിന്നെ എന്താ ആടെ ഉള്ളത്? ഗ്രാമീണ നാഗരിക ജീവിതത്തിന്റെ പച്ചയായ ആവിഷ്ക്കാരം അമ്മ യുടെ ഈ വാക്കുകളിൽ തെളിയുന്നുണ്ടോ? പാഠഭാഗത്തെ ആസ്പദമാക്കി വിശകലനം ചെയ്യുക.

ഉത്തരസൂചന: ഗ്രാമീണ ജീവിതത്തിന്റെ സംതൃപ്തി അനുഭവിക്കുന്ന പഴയതലമുറ. നാഗരിക ജീവിതത്തിന്റെ കൃത്രിമത്വം

## 4 മാർക്ക് ചോദ്യങ്ങൾ

9)ഏകാന്തതയുടെ തുരുത്തുകൾ അമ്മയ്ക്ക് ഒരിക്കലും വിശ്രാന്തിയുടെ ഇടവേളയാകാറില്ല അമ്മയെ നഗരത്തിലേക്ക് കൊണ്ടുപോകാൻ മകൻ നടത്തുന്ന വാദഗതികളുടെ അർത്ഥവ്യാപ്തി കണ്ടെത്തുക?

ഉത്തരസൂചന: അച്ഛന്റെ മരണശേഷം നാട്ടിൻപുറത്തെ കുടുംബത്തിൽ തനിച്ചായ അമ്മയുടെ മാനസിക അവസ്ഥയെക്കുറിച്ചുള്ള മകന്റെ ചിന്തകളാണിവ. അച്ഛനുള്ളപ്പോൾ അമ്മയുടെ മനസ്സിന് ജര ബാധിച്ചിരുന്നില്ല. അച്ഛന്റെ വിളിപ്പുറത്ത് പ്രവർത്തിക്കാൻ സജ്ജമായി എപ്പോഴും അമ്മയുണ്ടായിരുന്നു.

10) 'ഓരോ വിളിയും കാത്ത് 'എന്ന ശീർഷകം കഥയ്ക്ക് എത്രമാത്രം യോജിക്കുന്നു സ്വാഭിപ്രായം എഴുതുക?

ഉത്തരസൂചന: അച്ഛൻ മരിച്ചു എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാതെ അച്ഛന്റെ ഓരോ വിളിക്കും കാതോർക്കുന്ന അമ്മയാണ് ഇതിലെ കേന്ദ്രകഥാപാത്രം. വീട്ടിൽ തനിച്ചാകുന്ന അമ്മയെ മകൻ തന്റെ വീട്ടിലേക്ക് ക്ഷണിക്കുന്നു, അച്ഛന്റെ വിളികൾക്ക് ഇപ്പോഴും കാതോർക്കുന്ന അമ്മയ്ക്ക് അതിന് സാധിക്കുന്നില്ല.

11) "ഇപ്പോൾ ഇതൊരു വീടല്ല" നീണ്ട വരാന്തകളും വെൺമയാർന്ന ചുമരുകളും വലിയ ജനാലകളും വാതിലുകളും എല്ലാം ഉണ്ടായിട്ടും ഇതൊരു വീടാകുന്നില്ല. ഇവിടെ പരാമർശിക്കപ്പെടുന്നത് എന്താണ് ?

tharapadam_malayalam_mavelikara

ഉത്തരസൂചന: അച്ഛന്റെമരണം സൃഷ്ടിച്ച ശൂന്യത അമ്മയുടെ കാഴ്ചകളിലൂടെ സൃഷ്ടിക്കുകയാണ് ഇവിടെ, അച്ഛന്റെ ശബ്ദവും സാന്നിദ്ധ്യവും ആയിരുന്നു വീട്. അച്ഛൻ കിടപ്പിൽ ആയിരുന്നിട്ടുപോലും ആ സാന്നിധ്യം വീട്ടിലുണ്ടായിരുന്നു.

12) അച്ഛൻ പോയതോടുകൂടി വല്ലപ്പോഴുമൊന്ന് കടുപ്പിച്ച് സംസാരിക്കാനുള്ള അവസരം പോലും അമ്മയ്ക്ക് നഷ്ടമായി. അച്ഛനുംഅമ്മയും തമ്മിലുള്ള ആത്മബന്ധം കഥയിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

ഉത്തരസൂചന: മരണത്തിൽപ്പോലും പിരിയാത്ത ആത്മബന്ധമാണ് അവർ തമ്മിൽ. അച്ഛന്റെ സാന്നിധ്യം അമ്മയോടൊപ്പമുണ്ട്, എങ്കിലും ഏകാന്തത അനുഭവിക്കുന്ന അമ്മ അച്ഛന്റെ വിളിക്കാത്ത വിളിക്കായി അമ്മ കാതോർക്കുന്നു.

13)ബാഹ്യസൗന്ദര്യം അല്ല ഒരു വീടിനെ വീടാക്കിമാറ്റുന്നത്, പരസ്പരവിശ്വാസവും കരുതലുമാണ്. 'ഓരോ വിളിയും കാത്ത്' എന്ന കഥയെ ആസ്പദമാക്കി വിലയിരുത്തുക.

ഉത്തരസൂചന: അച്ഛനും അമ്മയും തമ്മിലുള്ള സ്നേഹബന്ധം.

പരസ്പരമുള്ള വിളികൾക്കായി അവർ കാത്തിരിക്കുന്നു. വീടും പരിസരവുമായി അച്ഛനുള്ള ബന്ധം. അച്ഛന്റെ മരണശേഷം ആ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാനാവാതെ ആ വീട്ടിൽ അച്ഛനുണ്ടെന്ന വിശ്വാസത്തിൽ കഴിയുന്ന അമ്മ.

## അഞ്ചു മാർക്ക് ചോദ്യങ്ങൾ

14)ഓരോ പ്രദേശത്തിന്റേയും തനത് ഭാഷാശൈലി അതാത് കഥാകൃത്തുക്കളുടെ കൃതികളിൽ പ്രതിഫലിക്കുകതന്നെ ചെയ്യും. ഇത്തരത്തിലുള്ള ഭാഷാഭേദങ്ങളാണ് കൃതികളെ ഭാവതീവ്രമാക്കുന്നത്.

പ്ലാവിലക്കഞ്ഞി, ഓരോ വിളിയും കാത്ത് എന്നീ പാഠഭാഗങ്ങൾ അടിസ്ഥാനമാക്കി പ്രസ്തുത അഭിപ്രായം വിലയിരുത്തുക

ഉത്തരസൂചന: രണ്ടു പാഠഭാഗങ്ങളിലെയും ഭാഷശൈലിയുടെ പ്രത്യേകതകൾ (കുട്ടനാടൻ ഭാഷാശൈലി, കോഴിക്കോടൻ ഭാഷാശൈലി), ഭാഷാശൈലി വ്യക്തമാക്കുന്ന പാഠസന്ദർഭങ്ങൾ (കഥാപാത്രങ്ങളുടെ സംഭാഷണശൈലികൾ), കൃതികൾ ഭാവതീവ്രമാക്കുന്നതിൽ ഇത്തരം ഭാഷാശൈലികളുടെ പങ്കും പാഠഭാഗത്തു നിന്നുള്ള ഉദാഹരണവും. സ്വാഭിപ്രായം വ്യക്തമാക്കണം.

15) യു കെ കുമാരന്റെ ഓരോ വിളിയും കാത്ത് എന്ന കഥയിലെ ഓരോ വിളിയും അമ്മയുടെ നേർക്കുമാത്രമുള്ളതാണ് . ഈ പ്രസ്താവന വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചന: ➤അച്ഛന്റെ ഓരോ വിളിക്കു പിന്നാലെയും ഓടുന്ന അമ്മ. ➤നഗരത്തിലേക്കുള്ള മകന്റെ വിളി ➤പാടത്തിന്റെയും പറമ്പിന്റെയും വിളി. ➤നാട്ടുകാരുടെ വിളി

## പാഠം - 3 അമ്മത്തൊട്ടിൽ-റഫീഖ് അഹമ്മദ്

പാഠസംഗ്രഹം

അനാഥാലയങ്ങളും വൃദ്ധസദനങ്ങളും പെരുകി വരികയും വൃദ്ധരായ മാതാപിതാക്കളെ തെരുവിലുപേക്ഷിക്കുന്ന മക്കളുടെ എണ്ണം കൂടിവരികയും ചെയ്യുന്ന കേരളീയ സാഹചര്യത്തെ അടയാളപ്പെടുത്തുന്ന കവിതയാണ് റഫീക്ക് അഹമ്മദിന്റെ അമ്മത്തൊട്ടിൽ. അമ്മയെ ഉപേക്ഷിക്കാൻ തീരുമാനിച്ച മകനാണ് ഈ കവിതയിലെ നായകൻ. നമ്മുടെസമൂഹം മുതിർന്ന തലമുറയോട് എങ്ങനെ പെരുമാറുന്നു എന്നതിന്റെ സൂചനയാണ് ഈ കവിത. ഉപയോഗംകഴിഞ്ഞ വസ്തുക്കളായി വൃദ്ധരെക്കാണുന്ന ഉപഭോഗസംസ്കാരത്തിന്റെ പ്രവണതയെ സൗമ്യമായിചോദ്യം ചെയ്യുന്നു. ഉള്ളുപൊള്ളുന്ന ജീവിതയാഥാർത്ഥ്യങ്ങളെ യഥാതഥമായി ഈ കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്നു.

## ഒരു മാർക്ക് ചോദ്യങ്ങൾ

1) 'അമ്മത്തൊട്ടിൽ'എന്ന കവിത ആരുടെ രചനയാണ്?

(വൈലോപ്പിള്ളി ,റഫീഖ് അഹമ്മദ്,കുമാരനാശാൻ )

ഉ. റഫീഖ് അഹമ്മദ്

2)അമ്മത്തൊട്ടിൽ എന്ന കവിതയുടെ പ്രധാന പ്രമേയം എന്ത്?

(അവഗണിക്കപ്പെടുന്ന വാർദ്ധക്യം, സ്നേഹം, അപരാധ ബോധം)

ഉ. അവഗണിക്കപ്പെടുന്ന വാർദ്ധക്യം

3) "അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽപോലൊന്ന് മനസിലൂടപ്പോൾ കടന്നുപോയി"- സൂചിതമാകുന്ന കാലഘട്ടം ഏതാണ്.

(വാർദ്ധക്യം, ബാല്യം, കൗമാരം)

ഉ. ബാല്യം

4). ഗ്രാമീണാന്തരീക്ഷം വിഗ്രഹാർത്ഥം എഴുതുക

(ഗ്രാമീണമായ അന്തരീക്ഷം, ഗ്രാമത്തിലെ അന്തരീക്ഷം, ഗ്രാമീണം പോലെയുള്ള അന്തരീക്ഷം, ഗ്രാമത്തിലെ അന്തരീക്ഷം.)

ഉ. ഗ്രാമീണമായ അന്തരീക്ഷം

5) "പീളയടിഞ്ഞ നിറം പോയ കണ്ണുകളേന്തേ

യടക്കാതെ വെച്ചമ്മ നിർദയം". ഈ വരികൾ നൽകുന്ന സൂചന എന്ത്?

(മകനോടുള്ള ദേഷ്യം കൊണ്ട് തുറന്നുവെച്ച കണ്ണുകൾ, ജീവിതം കണ്ട് കൊതിതീരാത്തകണ്ണുകൾ, മരിച്ചിട്ടും മകനുവേണ്ടി തുറന്ന് വച്ച് കണ്ണുകൾ, ലോകത്തെ ക്രൂരതകൾ കാണുന്ന കണ്ണുകൾ)

ഉ. മരിച്ചിട്ടും മകനുവേണ്ടി തുറന്നുവച്ച കണ്ണുകൾ .

harapadam_malayalam _mavelikara

രണ്ട് മാർക്ക് ചോദ്യങ്ങൾ

6. "കരിന്തിരിയാളുംവരെയവർ" എന്ന പ്രയോഗംകൊണ്ടർത്ഥമാക്കുന്നതെന്താണ്?

ഉ. വാർദ്ധക്യവും രോഗവും ബാധിച്ച് അമ്മ അവശയായിരിക്കുന്നു. അമ്മയുടെ അന്ത്യം അടുത്തിരിക്കുന്നു ഇവയൊക്കെയാണ് കരിന്തിരിയാളും വരെയവർ എന്ന പ്രയോഗംകൊണ്ട് അർത്ഥമാക്കുന്നത്.

7. ഒഴിവു കനത്തോരിരുളിടം - 'കനത്തോരിരുളിടം' എന്ന പദം ഘടകപദങ്ങളാക്കുക.

ഉ. കനത്ത, ഒരു, ഇരുൾ, ഇടം.

8. "അശാന്തനായീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ?" വരികളിലെ ധ്വനി എന്ത്?

ഉ. മാനവികത നഷ്ടപ്പെടുന്ന പുതുതലമുറയുടെ പോക്കിൽ അസ്വസ്ഥനാകുന്ന ഈശ്വരനെ കവി കാട്ടിത്തരുന്നു.

9. "മങ്ങിപ്പഴകിയ പിഞ്ഞാണവർണമായി" ഈ വരികളിലൂടെ സൂചിതമാകുന്നത് എന്ത്?

ഉ. വൃദ്ധയായഅമ്മയുടെ കാഴ്ചക്കുറവ്, ഭംഗികുറവുള്ള കണ്ണുകളുമാണ് ഇവിടെ സൂചിപ്പിക്കുന്നത് .

10. 'പാടയും പീളയും മൂടിയകണ്ണുകൾ

ഏറെപണിപ്പെട്ടടച്ചു തുറന്നവർ' - അമ്മയുടെ ജീവിതാവസ്ഥ പ്രതിഫലിക്കാൻ ഈ വരികൾ എത്രമാത്രം സഹായകമാണ്. നിങ്ങളുടെ നിരീക്ഷണം രണ്ടു വാക്യത്തിൽ എഴുതുക.

ഉ. പ്രായാധിക്യത്താൽ അമ്മ വളരെ ക്ഷീണിതയാണ് . ജീവിതത്തിന്റെ അവസാനഘട്ടത്തിലെത്തിനിൽക്കുന്ന അമ്മ, വളരെ പണിപ്പെട്ടാണ് തന്റെ കണ്ണുകൾ തുറക്കുന്നത് .

tharapadam_malayalam_mavelikara

11. "അന്നത്തെ സൂചിപ്രയോഗത്തിന്റെ നീറ്റൽ" എന്ന വരികളിലൂടെ അർത്ഥമാക്കുന്നതെന്ത്?

ഉ.പണ്ട് പനിച്ചതും അമ്മയെടുത്ത് ആശുപത്രിയിൽ കൊണ്ടുപോയതും അന്ന് കൈയിൽ കുത്തിവെച്ചതുമായ ഓർമകൾ അവനെ വേട്ടയാടി.

12.ഇപ്പെരുമാളിന്റെ ...(ഇപ്പെരുമാളിന്റെ)

ഈ വരി നൽകുന്ന അർഥസൂചന എന്ത് ?

ഉ. ഈശ്വരൻ, ആധുനിക കാലഘട്ടത്തെ നിയന്ത്രിക്കുന്ന ഉപഭോഗ സംസ്കാരത്തിന്റെ പ്രതീകമായ ഷോപ്പിംഗ് മാളുകൾ.

## മൂന്ന് മാർക്ക് ചോദ്യങ്ങൾ

13."അന്നത്തെ സൂചിപ്രയോഗത്തിൽ നീറ്റൽപോലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയി." കാവ്യഭാഗം നൽകുന്ന സവിശേഷ അർത്ഥമെന്ത്?

ഉത്തരസൂചന: ബാല്യകാല സ്മരണകൾ.

അസുഖം മാറാനുള്ള സൂചി പ്രയോഗം - വേദന.

ഇന്ന് അമ്മയെ ഉപേക്ഷിക്കുന്നതിനുള്ള കുറ്റബോധം.

അന്ന് ശാരീരികമായ വേദന, ഇന്ന് മാനസികമായ വേദന.

14.ഏതെല്ലാം സ്ഥലങ്ങളിലാണ് അമ്മയെ ഉപേക്ഷിക്കാൻ മകൻ ശ്രമിക്കുന്നത്?

ഉത്തരസൂചന: പെരുമാളിന്റെ തൊട്ടടുത്ത്. - ജില്ലാശുപത്രിക്കരികിൽ. - വിദ്യാലയമുറ്റത്ത്. - കോവിലിൽ.

15. അമ്മയുടെ കൈകളെ ചുള്ളിക്കമ്പിനോട് ഉപമിച്ചതിന്റെ ഔചിത്യം എന്ത്?

ഉത്തരസൂചന: ചുള്ളിക്കമ്പിന് അധികകാലം നിലനില്പില്ല. അത് എപ്പോൾ വേണമെങ്കിലും നശിച്ച് പോകാം. മകനെ ലാളിച്ചുപരിപാലിച്ച അമ്മയുടെ കരുത്തുറ്റ



tharapadam_malayalam_maveikara

കൈകൾ ചോരയും നീരുമറ്റ് ചുള്ളിക്കമ്പുപോലെയായിത്തീർന്നിരിക്കുന്നു. അമ്മയുടെ അവശതയും ദൈന്യതയും ഈ വരികളിലൂടെ വ്യക്തമാകുന്നു.

### 4മാർക്ക് ചോദ്യങ്ങൾ

16. മക്കൾ ഉപേക്ഷിച്ച പോകുന്ന രക്ഷിതാക്കൾ ഇന്നൊരു വാർത്തയല്ലാതായിരിക്കുന്നു. ആധുനികകാലത്ത് കുടുംബബന്ധങ്ങളിലെ ഇഴയടുപ്പം നഷ്ടപ്പെട്ടിരിക്കുന്നു. ഈ പ്രസ്താവന അമ്മത്തൊട്ടിൽ എന്ന കവിതയെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക

ഉത്തരസൂചന: അവഗണിക്കപ്പെടുന്ന അവസ്ഥ.

മക്കളുടെ സ്നേഹവും ശുശ്രൂഷയും ലഭിക്കുന്നില്ല.

അഭിപ്രായങ്ങൾ മാനിക്കുന്നില്ല.

രോഗങ്ങളും അനുബന്ധ പ്രശ്നങ്ങളും.

ആശുപത്രികളിലും അമ്പലനടയിലും ഉപേക്ഷിക്കപ്പെടുന്നവർ.

വൃദ്ധസദനങ്ങൾ വർദ്ധിക്കുന്നു.

17. മനുഷ്യജീവിതത്തിൽ അമ്മ, തൊട്ടിൽ - എന്നീ പദങ്ങളുണർത്തുന്ന വൈകാരികതയ്ക്കുവിരുദ്ധമാണ് 'അമ്മത്തൊട്ടിൽ' എന്ന ശീർഷകം. കവിത വിശകലനം ചെയ്ത് സ്വാഭിപ്രായം സമർത്ഥിക്കുക.

ഉത്തരസൂചന: ➤അമ്മ എന്ന മാതൃഭാവം. ➤ തൊട്ടിൽ എന്ന വാൽസല്യഭാവം. ➤അമ്മത്തൊട്ടിൽ - ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കുള്ള ഇടം. ➤ഇവിടെ ഉപേക്ഷിക്കപ്പെടുന്നത് ഒരു കുഞ്ഞിനേപ്പോലെ നിസ്സഹായയായ അമ്മ.

18) പെറ്റുകിടക്കും തെരുവുപട്ടികെന്തൊരുറ്റം കുരച്ചത് ചാടിക്കുതിക്കുന്നു. ഈ വരികൾ ഉയർത്തുന്ന വിമർശനം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

tharapadam_malayalam_mavelikara

ഉത്തരസൂചന: ➤മാതൃത്വത്തിന്റെ രണ്ടു ഭാവങ്ങളാണ് ഈ കവിതയിൽ കാണുന്നത്. ➤തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന അമ്മയും തെരുവിൽ തന്റെ കുഞ്ഞിനെ സംരക്ഷിക്കാൻ കണ്ണും കാതും കൂർപ്പിക്കുന്ന അമ്മയും.

19) അമ്മത്തൊട്ടിൽ എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക .

ഉത്തരസൂചന: ➤റഫീഖ് അഹമ്മദിന്റെ വളരെ മനോഹരമായ കവിത. ➤സാധാരണയായി അമ്മത്തൊട്ടിൽ എന്നറിയപ്പെടുന്നത് കുട്ടികളെ ഉപേക്ഷിക്കുന്ന സ്ഥലം ആണ്, എന്നാൽ ഇവിടെ ഒരു മകൻ പ്രായംചെന്ന തൻറെ അമ്മയെ ഉപേക്ഷിക്കാൻ ഒരുങ്ങുന്നു ➤വളരെ വ്യത്യസ്തവും എന്നാൽ സമകാലികവുമായ ഒരു വിഷയം.

20) "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ

ഇന്നും പഴി പറഞ്ഞേക്കും" (അമ്മത്തൊട്ടിൽ)

"ഇവിടെ അമ്മയെ തനിച്ച് നിർത്തിയിട്ടു ഞാൻ എങ്ങനാ പോവ്വാ" (ഓരോ വിളിയും കാത്ത്) - പാഠഭാഗങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചന: ➤സ്വന്തം ഇഷ്ടങ്ങൾ സാധിക്കാനുള്ള മനുഷ്യമനസ്സിന്റെ വ്യഗ്രത. ➤മാതൃസ്നേഹം മനസിലാക്കാത്ത പുതുതലമുറ ➤സമകാലിക ജീവിത സാഹചര്യങ്ങൾ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തൽ

20)ഓർമകൾ മനസ്സിൽ പ്രകാശിച്ചുനിൽക്കുന്നത് സ്നേഹത്തിന്റെ തലോടൽ അവയ്ക്കു ലഭിക്കുന്നത് കൊണ്ടാണ് - അമ്മത്തൊട്ടിൽ എന്ന കവിതയെ അസ്പദമാക്കി വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചന: ➤മകൻ അമ്മയെ ഉപേക്ഷിക്കാൻ കൊണ്ടുപോകുന്ന സ്ഥലങ്ങൾ, മാൾ, ജില്ലാശുപത്രി, വിദ്യാലയമുറ്റം, കോവിൽ. ➤ഇവിടെയെങ്ങും അമ്മയെ ഉപേക്ഷിക്കാൻ

haripadam_malayalam_mavelikara

സാധിക്കുന്നില്ല ➤ഇവിടെയെല്ലാം അമ്മയുമായി ബന്ധപ്പെട്ട സ്നേഹമധുരമായ ഓർമകൾ മകനിലുള്ളതുകൊണ്ടാണ്.

### അഞ്ച് മാർക്ക് ചോദ്യങ്ങൾ

21.'അമ്മത്തൊട്ടിൽ' എന്ന കവിതയിലെ സവിശേഷ പ്രയോഗങ്ങൾ കണ്ടെത്തി സന്ദർഭങ്ങൾ സൂചിപ്പിക്കുക.

ഉത്തരസൂചന: ➤ഇപ്പെരുമാൾ. ➤പിഞ്ഞാണവർണ്ണം. ➤സൂചിപ്രയോഗം. ➤കരിന്തിരിയാളുക. ➤ഓലക്കൊടികൾ പുകയുക.

22. ഓർമകൾ തിരിച്ചറിവിലേക്കു നയിക്കുന്നുണ്ടോ? അമ്മത്തൊട്ടിൽ എന്ന കവിതയിൽ ഓർമ്മകൾക്കുള്ള പ്രാധാന്യം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചന: ➤ബാല്യത്തിൽ ആശുപത്രിയിലെ സൂചിപ്രയോഗം, ➤പനി വന്നത് ➤പെരുമാളിന്റെ തൊട്ടടുത്ത്.

➤ജില്ലാശുപത്രിക്കരികിൽ. ➤വിദ്യാലയ മുറ്റത്ത്. ➤കോവിലിൽ.

23. "പീളയടിഞ്ഞ് നിറം പോയ കണ്ണുക-

ളെന്തേയടക്കാതെവച്ചമ്മ" നിർദയം? - "നിർദയം " എന്ന വാക്കിന് കവിതയിൽ എത്രമാത്രം പ്രാധാന്യമുണ്ട് സ്വാഭിപ്രായം എഴുതുക?

ഉത്തരസൂചന: ➤മലയാളകവിതയിലെ പുതിയ ശബ്ദത്തിനുടമയാണ് റഫീഖ് അഹമ്മദ്. ➤വളരെ വ്യത്യസ്തമായ പ്രമേയം കൊണ്ട് മലയാളിയുടെ മനസ്സുകീഴടക്കിയ എഴുത്തുകാരൻ. ➤മരണത്തിൽപ്പോലും തന്റെ മകന്റെ മുഖം ദർശിക്കാൻ ആഗ്രഹിക്കുന്ന അമ്മമനസ്സ് കവിതയിൽ കാണാം.

harippadam_malayalam_mavelikara

## യൂണിറ്റ് 2

## നിലാവ് പെയ്യുന്ന നാട്ടുവഴികൾ

- കൊച്ചുചക്കരച്ചി (നർമോപന്യാസം) - എ പി ഉദയഭാനു
- ഓണമുറ്റത്ത് (വിട-കവിതാസമാഹാരം) - വൈലോപ്പിള്ളി ശ്രീധരമേനോൻ
- കോഴിയും കിഴവിയും (കാരൂരിന്റെ കഥകൾ) - കാരൂർ നീലകണ്ഠപ്പിള്ള
- ശ്രീനാരായണഗുരു (ജീവചരിത്രം) - കുറ്റിപ്പുഴ കൃഷ്ണപിള്ള

### 1. കൊച്ചുചക്കരച്ചി -എ പി ഉദയഭാനു

പ്രകൃതിയും മനുഷ്യനുമായുള്ള അഭേദ്യബന്ധം ചിത്രീകരിക്കുന്ന ഒരു നർമോപന്യാസമാണ് കൊച്ചു ചക്കരച്ചി. പ്രകൃതിയിലെ ജീവജാലങ്ങളോപ്പം മനുഷ്യർ സഹജമായ സൗഹാർദത്തോടെ പുലർന്നിരുന്ന ഗ്രാമീണ ജീവിതത്തിന്റെ സുന്ദരമായ ദൃശ്യാനുഭവമാണ് കൊച്ചുചക്കരച്ചി. ഹൃദ്യമായരചനാശൈലികൊണ്ടു വായനക്കാരുടെ മനസ്സിൽ ഇടംനേടിയ സാഹിത്യകാരനാണ് എ. പി. ഉദയഭാനു. നമുക്ക് ചിരപരിചിതമായ വിഷയം കണ്ടെത്തി അതിനെ വിരസത ഒട്ടുമില്ലാതെ ലളിതമായഭാഷയിൽ ആവിഷ്കരിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു ഒരു ഉപന്യാസം വായിക്കുന്നതിന്റെ മടുപ്പ് ഒട്ടുമില്ലാതെ വായിച്ചുപോകാൻ കഴിയുന്നതാണ് അദ്ദേഹത്തിന്റെ ഉപന്യാസങ്ങൾ .

കൊച്ചുചക്കരച്ചി എന്ന ഉപന്യാസം മലയാളിയുടെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത മാവ് എന്ന വൃക്ഷത്തെക്കുറിച്ചാണ് കാവ്യാത്മകമായ ഭാഷയും ലാളിത്യവും അനുഭാവാത്മകതയും ഈ ഉപന്യാസത്തിന്റെ മികവുകളാണ് . മനുഷ്യനും പ്രകൃതിയും

tharapadam_malayalam_maveikara

തമ്മിലുള്ള ബന്ധം അഭേദ്യമാണ് എന്ന ഗഹനമായ വിഷയത്തെ കൊച്ചുചക്കരച്ചി എന്ന മാവുമായുള്ള ലേഖകന്റെ ഹൃദയബന്ധത്തിന്റെ ആത്മാർത്ഥമായ ആവിഷ്കാരത്തിലൂടെ വായനക്കാരിലേക്ക് ഫലപ്രദമായി എത്തിക്കുവാൻ അദ്ദേഹത്തിന് സാധിക്കുന്നു ആവശ്യത്തിനും അനാവശ്യത്തിനും വൃക്ഷങ്ങളെ വെട്ടിനശിപ്പിക്കുന്ന ഇന്നത്തെ തലമുറയെ പഴയകാല നന്മകൾ ഓർമപ്പെടുത്താൻ ഉതകുന്നതാണ് ഈ ഉപന്യാസം .

### 1 സ്കോർ വീതം

1.കൊച്ചുചക്കരച്ചി എന്ന പാഠഭാഗം ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു?

(നിരൂപണം, ലളിത ഉപന്യാസം, ലേഖനം)

ഉത്തരം - ലളിത ഉപന്യാസം.

2. ഘന സുഗന്ധി ´ എന്ന പദത്തിന്റെ അർത്ഥം

(മണം ഉള്ളത്, നല്ല മണം, ശ്രേഷ്ഠമായ സുഗന്ധം ഉള്ളവൾ)

ഉത്തരം - ശ്രേഷ്ഠമായ സുഗന്ധം ഉള്ളവൾ

3. മാതൃക പോലെ എഴുതുക

ഔഷധമൂല്യം - ഔഷധത്തിൻറെ മൂല്യം

ഇലപ്പടർപ്പ് - ?

**(ഇലയാകുന്ന പടർപ്പ്, ഇലകളുടെ പടർപ്പ്, ഇലകളായ പടർപ്പ്)**

ഉത്തരം - ഇലകളുടെ പടർപ്പ്

### 2 സ്കോർ വീതം.

4. അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങൾ ആക്കുക.

വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വെച്ച് വൃക്ഷം ആയത് മാവ് തന്നെയാണ്.

ഉത്തരം - വൃക്ഷങ്ങൾ പലതുണ്ട്.

വൃക്ഷങ്ങളിൽ വെച്ച് വൃക്ഷമായത് മാവ് തന്നെയാണ്.

5. "ഇന്ന് മാങ്ങാമരം കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ല, എങ്കിലും ഈ പറഞ്ഞ പഴയ അപരിഷ്കൃത രീതികൾ അവർ അറിയാനിടയില്ല" ഇന്നത്തെ തലമുറയ്ക്ക് അപരിഷ്കൃത രീതികൾ ആയി തോന്നുന്നത് എന്തെല്ലാം?

ഉത്തരം -പ്രകൃതിയുമായി അകലുന്ന കുട്ടികളെ സൂചിപ്പിക്കാനാണ് മാവ് എന്ന് പറയാതെ മാങ്ങാമരം എന്ന് പറയുന്നത്. മാങ്ങ വീഴ്ത്താൻ അന്നത്തെ കുട്ടികൾ കണ്ടെത്തിയ രസകരമായ കളികൾ ഇന്നത്തെ തലമുറയ്ക്ക്

അപരിഷ്കൃതം ആയി തോന്നാം.

6. നാടായാലും കാടായാലും

കുഴിയായാലും കുന്നായാലും

നല്ലവർ പാർക്കുന്നെങ്കിൽ

നീയും നന്നെ, വാഴ്ക നിലമേ

ഈ വരികളിൽ തെളിയുന്ന ജീവിതദർശനം എന്ത്?

ഉത്തരം - ഭൂപ്രകൃതി ഏതായാലും ആളുകൾ നല്ലവരായിരിക്കണം. നല്ല ആളുകൾ താമസിച്ചാൽ ഏതു നാടും നന്മയുള്ളതായി മാറും.

## 3 സ്കോർ വീതം

7)പഴങ്ങളുടെ രാജാവായ മാമ്പഴംകൊണ്ടുള്ള ഉപയോഗങ്ങൾ എന്തെല്ലാം?

ഉത്തരസൂചന: പഴുത്തമാങ്ങ അമൃതരസത്തിനു തുല്യം, മാങ്ങാക്കറി, മാങ്ങാ പല രൂപഭേദങ്ങളിൽ സൂക്ഷിക്കുന്നു, പാനീയം ആക്കുന്നു

8) അപരിഷ്കൃത മട്ടുകൾ എന്തെന്ന് വ്യക്തമാക്കുക?

harapadam_malayalam_mavelikara

ഉത്തരസൂചന: ➤ആമുഖം, ➤അണ്ണാൻ പിറന്നാൾ മഹായജ്ഞം നടത്തി മാങ്ങ താഴെ വീഴ്ത്തുക

9.) അങ്ങനെ വന്നുചേർന്ന ഏകാന്തത വൃക്ഷലതാദികളോടുള്ള കൂട്ടുകെട്ടിന് കൂടുതൽ പ്രേരകമായി." - ലേഖകൻ ഇപ്രകാരം പറയാനുള്ള കാരണം എന്ത്?

ഉത്തര സൂചിക: ➤തറവാട്ടുവീട്ടിലെ താമസമാണ് വൃക്ഷലതാദികളെ സ്നേഹിക്കാൻ ലേഖകന് കാരണമായത്.

➤എഴുത്തുകാരനും അമ്മയും മാത്രമേയുള്ളൂ കുടുംബത്തിൽ.

➤കുടുംബത്തിൽ മറ്റാരും തന്നെ താമസക്കാർ ഇല്ലായിരുന്നു.

➤അതിനാൽ വൃക്ഷലതാദികളെ പരിപാലിക്കാൻ ലേഖകൻ സമയം കണ്ടെത്തി.

10. "നാവ് ഉണ്ടായിരുന്നെങ്കിൽ കുടുംബത്തിലെ കഥ അവൾ പറയുമായിരുന്നു " - മാവിന് മാനുഷികഭാവം കല്പിക്കുന്ന ഈ രീതി ഈ ഉപന്യാസത്തിന് എത്രമാത്രം യോജിക്കുന്നുണ്ട്?

വിശദീകരിക്കുക

ഉത്തരസൂചിക: ➤മാവിനെ ഒരു കുടുംബാംഗമായി തന്നെ പരിഗണിക്കുന്നു. ➤മാവും കുടുംബവും തമ്മിലുള്ള ആത്മബന്ധം. ➤മാവിൽ മനുഷ്യത്വം ആരോപിക്കുന്നു .

11. "കവികളായവരെല്ലാം നാട്ടിൻപുറത്തെ ഏതെങ്കിലും കൊതിയസമാജത്തിൽ അംഗങ്ങൾ ആയിരിക്കണം"- ലേഖകൻ ഇപ്രകാരം പറയാൻ കാരണമെന്ത്?

ഉത്തര സൂചിക: ➤മാവ് മലയാളത്തിന്റെ പ്രിയവൃക്ഷം.

➤പഴയ ജീവിതശൈലി. ➤ബാല്യവും മാവും തമ്മിലുള്ള ഇണക്കം

➤മലയാളകവിതയിൽ മാവിനുള്ള പ്രാധാന്യം

thaalapadam_malayalam_mavelikara

## 4 സ്കോർ വീതം

12) കൊച്ചുചക്കരച്ചി വെറുമൊരു മാവിന്റെ കഥയല്ല. കൈവിട്ടുപോകുന്ന നന്മകളെ ഓർമപ്പെടുത്തലാണ് - കുറിപ്പ് തയ്യാറാക്കുക

ഉത്തരസൂചന: ➤ആമുഖം, ➤മാവിന്റെ നന്മകൾ തിരിച്ചറിയുന്നു, മാങ്ങയുടെ ഉപയോഗം, ➤പഴയ കുട്ടികൾക്ക് പരിചിതവും ആധുനിക കാലത്ത് അന്യവുമായ അപരിഷ്കൃതമട്ടുകൾ, ➤മാവിനോടുള്ള അകമഴിഞ്ഞ സ്നേഹം

13. "ആ കഥ അവൾക്കൊരു പ്രത്യേക 'അരുമത്തം' കൂടെ നേടിക്കൊടുത്തു." - കൊച്ചുചക്കരച്ചിയുമായി ബന്ധപ്പെട്ട സംഭവവികാസങ്ങൾ ചുരുക്കി വിവരിക്കുക.

ഉത്തര സൂചിക: ➤തെക്കു പടിഞ്ഞാറു മാറി പറമ്പിൻറെ ഒഴിഞ്ഞ കോണിൽ ആയിരുന്നു കൊച്ചുചക്കരച്ചിയുടെ നിൽപ്പ്. ➤പാട്ടത്തിലെ അപ്പൂപ്പൻ 60 കൊല്ലം മുമ്പ് കൊച്ചുചക്കരച്ചിയെ വെട്ടാൻ ഒരുങ്ങി. ➤വേണ്ടപ്പെട്ടവർ ആരൊക്കെയോ ഇടപെട്ട് ആ അത്യാഹിതം തടഞ്ഞു.

14. "സ്വയം ചത്തും മാവിനെ സംരക്ഷിക്കുന്ന നീറുകൾ എന്ന ചാവേർപ്പട കൊച്ചുചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെ എല്ലാം തോൽപ്പിച്ചു കളഞ്ഞു."- പ്രകൃതിസംരക്ഷണത്തിൻറെ പാഠം പുതുതലമുറയ്ക്ക് നൽകാൻ ഈ വാക്യത്തിന് കഴിഞ്ഞിട്ടുണ്ടോ ? സ്വയം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

ഉത്തര സൂചിക: ➤സംരക്ഷണത്തിൻറെ പ്രകൃതിപാഠമാണ് ഇവിടെ ദൃശ്യമാവുന്നത്. ➤നീറുകൾക്ക് ആശ്രയം ഈ മാവാണ്. ➤സ്വയം ഒടുങ്ങിയാലും മറ്റുള്ളവരെ സംരക്ഷിക്കണമെന്നുള്ള ചിന്ത. ➤തറവാട്ടുവീട്ടിൽ താമസമാക്കിയപ്പോൾ പണത്തിൻറെ മുട്ട് കാരണം മാങ്ങ വിൽക്കാൻ ശ്രമിച്ചിരുന്നു. ➤ആളുകൾക്ക് ഒന്നും രണ്ടും പെറുക്കി തിന്നാൻ ഉള്ളതാണ് തന്റെ മാങ്ങ എന്ന ചിന്ത.

15)കൊച്ചുചക്കരച്ചിയുടെ മാനുഷികഭാവങ്ങൾ, സൂചനകൾ കണ്ടെത്തുക

tharapadam_malayalam_mavelikara

ഉത്തര സൂചിക: ➤നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ പറയുമായിരുന്നു. ➤നീറുകൾ എന്ന ചാവേറുകളെ ക്കൊണ്ട് മാവിൽ കയറിയവരെ ഓടിച്ചു . ➤തുലാവർഷ ക്കാറ്റും കാലവർഷക്കാറ്റും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ മുടിയിൽ വിരലോടിച്ചു. ➤ആ കാറ്റും മഴയും കൊച്ചുചക്കരച്ചിയുടെ ആത്മാവിനെ കൊണ്ടുപോകുവാൻ വന്നതാണ്.

## 5 സ്കോർ വീതം

16) കൊച്ചുചക്കരച്ചി കൈവിട്ടുപോകുന്ന നന്മകളെ ഓർമ്മപ്പെടുത്തലാണ്. നിങ്ങൾ ഈ അഭിപ്രായത്തോട് യോജിക്കുണ്ടോ? കാര്യകാരണ സഹിതം വ്യക്തമാക്കുക

ഉത്തര സൂചിക: ➤ആമുഖം ➤മാവിന്റെ നന്മകൾ തിരിച്ചറിയുന്നു, ➤മാങ്ങയുടെ ഉപയോഗം, ➤പഴയ കുട്ടികൾക്ക് പരിചിതവും ആധുനിക കാലത്ത് അന്യവുമായ അപരിഷ്കൃതമട്ടുകൾ, ➤മാവിനോടുള്ള അകമഴിഞ്ഞ സ്നേഹം.

tharapadam malayalam _ mavelikara

## 2. ഓണമുറ്റത്ത് - വൈലോപ്പിള്ളി ശ്രീധരമേനോൻ

മലയാളനാടിന്റെ ഉത്സവമായ ഓണത്തെ പ്രകൃതി എങ്ങനെ വരവേൽക്കുന്നു എന്നും ഓണം പോലെയുള്ള ഉത്സവങ്ങൾ മലയാളിക്ക് ഇന്ന് അന്യമായതും നഷ്ടസൗഭാഗ്യങ്ങളെക്കുറിച്ചുള്ള ഓർമകളുമാണ് കവിതയുടെ പ്രമേയം. ജീവിതയാഥാർഥ്യങ്ങളെ പച്ചയായി ആവിഷ്കരിക്കുന്നവയാണ് വൈലോപ്പിള്ളിയുടെ കവിതകൾ. കേരളീയ ഗ്രാമജീവിതം വൈലോപ്പിള്ളിയുടെ ഇഷ്ടവിഷയങ്ങളിലൊന്നാണ്. കൊയ്ത്തും മെതിയും നാട്ടിൻപുറത്തെ നന്മകളും കവിയെ ഏറെ പ്രചോദിപ്പിച്ചു. പ്രകൃതിയും മനുഷ്യനും ഒത്തുചേരുമ്പോളുണ്ടാകുന്ന സമഗ്രസൗന്ദര്യം അദ്ദേഹത്തിന് ഏറെ പ്രിയങ്കരമായിരുന്നു. ഓണക്കാലത്തെ പ്രകൃതിയെയും മഹാബലി

എന്ന സങ്കല്പത്തെയും നഷ്ടപ്പെട്ട നല്ലനാളുകൾ തിരിച്ചുകൊണ്ടുവരാൻ ആഗ്രഹിക്കുന്ന കവിയേയും ഈ കവിതയിൽ കാണാം. ഒപ്പം നമ്മുടെനാടും സംസ്കാരവും കവിതയ്ക്ക് വിഷയമാക്കുന്ന അദ്ദേഹത്തിന്റെ കവിതകൾക്ക് നേരിടേണ്ടിവന്ന വിമർശനവും കവി വ്യക്തമാക്കുന്നുണ്ട്. എത്ര വിമർശനങ്ങളുണ്ടായാലും തനിക്കു നാടിന്റെ സാംസ്കാരികപാരമ്പര്യങ്ങളിൽ അഭിമാനം മാത്രമാണെന്ന് കവി വ്യക്തമാക്കുന്നു .

## 1 സ്കോർ വീതം

1. "പഴമോടരിയും പപ്പടവും തന്നാവതു വേഗമയയ്ക്കാൻ നോക്കാം " - വരികളിൽ പ്രകടമാകുന്ന പുതിയ തലമുറയുടെ മനോഭാവം?

**(പുള്ളുവനോടുള്ള ആദരവ്, പഴമയോടുള്ള പുച്ഛം, പരിഷ്കാര ത്തോടുള്ള പരിഹാസം, പാട്ടിനോടുള്ള വെറുപ്പ്)**

ഉത്തരം - പഴമയോടുള്ള പുച്ഛം

2. നാണത്തോടെ പതുങ്ങി ഒരുങ്ങി ഓണക്കോടിയുമായി വരുന്നതാരാണ് ?

(നിലാവ് , ഉഷസ്സ് , കടൽ)

ഉത്തരം - ഉഷസ്സ്

3. "പഴയൊരു പുള്ളുവനാണല്ലോ ഞാൻ. പായും കുടയും നെയ്യും " - വരികളിൽ സൂചിതമാകുന്ന ആശയം എന്ത്?

**(പാട്ടു പാടണം എങ്കിൽ തൊഴിൽ ചെയ്തേ പറ്റൂ, പാട്ടിന്റെ വിരസതയകറ്റാൻ തൊഴിൽ ചെയ്യുന്നു, പാട്ടിനൊപ്പം തൊഴില്വ കൾക്കും പ്രാധാന്യം, പാട്ടുകളോടുള്ള നീരസം)**

ഉത്തരം - പാട്ടിനൊപ്പം തൊഴിലുകൾക്കും പ്രാധാന്യം

haripadam_malayalam_mavelikara

**2 സ്കോർ വീതം**

4.ഓണത്തപ്പൻ പൂത്തറമേലിരിക്കുമ്പോൾ കവിയെന്തു ചെയ്യുന്നു ?

ഉത്തരം: മലയാളത്തറവാട്ടിന്റെ അങ്കണത്തിലെ വെണ്മണലിൽ ഇരിക്കുകയാണ് കവി. കൂടെ കവിയുടെ പ്രിയമകളായ വീണപ്പെണ്ണും ഉണ്ട്.

5. മാവേലിമന്നനെ വരവേൽക്കാൻ വേണ്ടി ആർപ്പു വിളിക്കാൻ ഉണ്ണികളോടുംഅലകടലിനോടും ആണ് കവി ആവശ്യപ്പെടുന്നത്. ഇരുവർക്കുമുള്ള സമാനസ്വഭാവങ്ങൾ കണ്ടെത്തുക

ഉത്തരം - ➤ ഉത്സാഹശീലം ➤ക്ഷീണിക്കാത്ത പ്രകൃതം

6.രാവ് എങ്ങനെയാണ് മാവേലിമന്നനെ എതിരേൽക്കുവാ

നായി ഒരുങ്ങിയത്?

ഉത്തരം - ➤ നിറഞ്ഞ നിലാവിനാൽ കമുകിൻ പൂവരി ചൂടിക്കൊണ്ട് ഭംഗിയിൽ നിൽക്കുന്നു.

**3 സ്കോർ വീതം**

7 "പൊന്നിൻ ചിങ്ങത്തെ" ഒരു പൈതലായി കവി അവതരിപ്പിക്കുന്നതെങ്ങനെ?

ഉത്തര സൂചിക- ➤പൊന്നിൻ ചിങ്ങം വന്നുപിറന്ന് കരഞ്ഞു ചിരിച്ചു കുടയുന്നു. ➤ഓണത്തിൻ മധുരക്കറി മണിവായിൽ തേച്ചത് നൊട്ടിനുണയുന്നു. ➤ആ കളികണ്ട് ഓണത്തപ്പൻ പൂത്തറമേലിരിക്കുന്നു.

8 നെയ്യാമ്പലുകൾ മാവേലിമന്നനെ വരവേൽക്കുന്നത് കവി വർണിച്ചിരിക്കുന്നത് എങ്ങനെ? ഈ വർണ്ണനയുടെ ചമൽക്കാരഭംഗി വ്യക്തമാക്കുക.

harapadam_malayalam_mavelikara

ഉത്തരസൂചിക: ➤നടുവിൽ പൊൽക്കിഴി എരിയുന്ന വെള്ളിത്താലമെടുത്ത് ഒരുങ്ങി നിൽക്കുന്നു ➤ താലപ്പൊലിയേന്തി അതിഥികളെ വരവേൽക്കാറുണ്ട് ➤സാദൃശ്യ കല്പന വ്യക്തമാക്കുന്നു

9 "ചെറു കന്യകളെ നല്ലതിഥി നമുക്കിനിയാരിതുപോലെ"

ഓണത്തപ്പനെ നല്ല അതിഥി എന്ന് വിശേഷിപ്പിച്ചതിന്റെ ഔചിത്യം എന്ത്?

ഉത്തര സൂചിക- ➤ഒരുമയും സമഭാവനയും സ്വന്തം രാജ്യത്ത് നടപ്പാക്കിയിരുന്ന ചക്രവർത്തി. ➤പ്രജകളോട് ഉള്ള സ്നേഹവാത്സല്യങ്ങൾ മൂലം ആണ്ടിലൊരിക്കൽ പ്രജകളെ കാണാൻ എത്തുന്നു.

## 4 സ്കോർ വീതം

10. പ്രഭാതത്തെ മനുഷ്യഭാവത്തിൽ അവതരിപ്പിച്ചതിന്റെ ഭംഗി വ്യക്തമാക്കുക?

ഉത്തരസൂചിക: ➤ ആമുഖം ➤ പ്രഭാതത്തെ കന്യകയോട് സാമ്യപ്പെടുത്തുന്നു ➤ചങ്ങലവട്ടയുമായി വരുന്ന ഉഷസ് ➤ഉദയസൂര്യൻ ആകുന്ന വിളക്ക് ➤തുടുത്ത കവിൾ ➤ഓണക്കോടി അണിഞ്ഞ് നാണത്തോടെ എത്തുന്നു.

11. തന്നെ പുള്ളുവനായി കവി കൽപ്പിക്കുന്നതെങ്ങനെ?

ഉത്തരസൂചിക: ➤പഴയൊരു പുള്ളുവൻ. ➤പായും കുടയും നെയ്യും. ➤കൈവേലകൾ ചെയ്യും. ➤കാലം കുറ്റമെതിച്ച ഗ്രാമപ്പെൺകൊടിമാരുടെ സന്തോഷത്തിന് കവിതകൾ പാടും. ➤കവിയും വീണപ്പെണ്ണും ചേർന്ന് പഴയ നല്ലകാലം തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നു.

12. ഓണക്കാലത്തു മഹാബലിയെ വരവേൽക്കാൻ പ്രകൃതി ഒരുങ്ങുന്നതെങ്ങനെ?

ഉത്തരസൂചിക: ➤മഞ്ഞുകൊണ്ട് ഈറനുടുത്ത പാവനഭാവം. ➤തുമ്പകൾ മലരിൻകൂട നിറക്കുന്നു. ➤നറുമുക്കുറ്റികൾ ദീപക്കുറ്റികൾ നാട്ടുന്നു. ➤നെയ്യാമ്പലുകൾ വെള്ളിത്താല

tharapadam_malayalam_maveikara

മെട്ടുക്കുന്നു. ➤നിറന്ന നിലാവ്. ➤ആർപ്പുവിളിക്കുന്ന ഉണ്ണികളും കടലും. ➤കുരവയിടുന്ന പെൺകുട്ടികളും അരുവികളും. ➤ഓണക്കോടി ഉടുത്ത ഉഷസ്സ്.

13) പ്രഭാതത്തെ മനുഷ്യഭാവത്തിൽ അവതരിപ്പിച്ചതിന്റെ ഭംഗി വ്യക്തമാക്കുക?

ഉത്തരസൂചന: ➤ആമുഖം, ➤പ്രഭാതത്തെ കന്യകയോട് സാമ്യപ്പെടുത്തുന്നു, ➤ചങ്ങലവട്ടയുമായി വരുന്ന ഉഷസ്, ➤ഉദയസൂര്യൻ ആകുന്ന വിളക്ക്, ➤തുടുത്ത കവിൾ, ➤ഓണക്കോടി അണിഞ്ഞ് നാണത്തോടെ എത്തുന്നു

## 5 സ്കോർ വീതം

14) കാർഷികസംസ്കൃതിയുടെ പ്രതീകമായിരുന്നു ഓണം. മാവേലിമന്നനെ എതിരേൽക്കാൻ ഒരുങ്ങിനിന്ന പ്രകൃതിക്ക് ഇന്നുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്?. ഓണത്തിനും പ്രകൃതിക്കും സംഭവിച്ച മാറ്റങ്ങളെക്കുറിച്ച് മുഖപ്രസംഗം തയ്യാറാക്കുക.

ഉത്തരസൂചിക: ➤ ശീർഷകം ➤ആമുഖം ➤വിഷയാവതരണം

➤വിഷയ വിശകലനം ➤ ശക്തവും ലളിതവുമായ ഭാഷ

tharapadam_malayalam_mavelikara

## 3. കോഴിയും കിഴവിയും - കാരൂർ നീലകണ്ഠപ്പിള്ള

മലയാള ചെറുകഥാലോകത്ത് സൂക്ഷ്മമായ ജീവിതനിരീക്ഷണങ്ങൾ കൊണ്ട് വേറിട്ടു നിൽക്കുന്ന കഥകളാണ് കാരൂർ നീലകണ്ഠപ്പിള്ളയുടേത്. നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറമാണ് കാരൂർക്കഥകളുടെ തട്ടകം. ഒരേ സമയം കഥയോടൊപ്പം നടന്നും എന്നാൽ കഥയെ നേരിട്ട് നിയന്ത്രിക്കാതെയും

നർമ്മരൂപേണ ആഖ്യാനം ചെയ്യുവാനുള്ള കാരൂരിന്റെ വൈഭവം ശ്രദ്ധേയമാണ്. ഇപ്പറഞ്ഞ, ഗുണവിശേഷങ്ങൾ ഉൾച്ചേരുന്ന മനോഹരമായ കഥയാണ് 'കോഴിയും കിഴവിയും'.

രണ്ട് ഗ്രാമീണകുടുംബങ്ങൾ രാഗദ്വേഷങ്ങളോടെ ജീവിച്ചുപോരുന്ന ഒരു നാട്ടിൻപുറം ഈ കഥയിലുണ്ട്. തലമുറകളായി പാർത്തുപോരുന്ന മർക്കോസിൻെറയും മത്തായിയുടേയും കുടുംബങ്ങൾ പരസ്പരാശ്രയത്വത്തിന്റെ നന്മ പലപ്പോഴും പ്രകാശിപ്പിക്കുന്നുണ്ട്. അയൽബന്ധങ്ങളിൽ വിള്ളലുണ്ടാക്കാതെ നിലനിൽക്കണമെന്നാഗ്രഹിക്കുന്നവരാണ് അവർ. ഒരാളുടെ കോഴിയെ അയാൾ തന്നെ കൊന്നാൽ അതിൽ അപകടമില്ല. എന്നാൽ, കൈയബദ്ധം കൊണ്ട് അന്യനാണ് കൊന്നതെങ്കിലോ? അതുണ്ടാക്കുന്ന പുകിലുകൾ വലുതായിരിക്കും. ബന്ധങ്ങളും കഷ്ടനഷ്ടങ്ങളും വേഗം മറന്നുപോകും. അവിവേകബുദ്ധിയാൽ പല സാഹസങ്ങൾക്കും പുറപ്പെടും. ഇത്തരം, ഇരുൾനിറഞ്ഞ പരിതസ്ഥിതിയിൽ അനുഭവസമ്പന്നരായ മുതിർന്നവരുടെ അവസരോചിതമായ ഇടപെടലും ശാസനകളുമാണ് അപകടങ്ങളിൽ നിന്ന് രക്ഷപ്പെടുത്തുന്നത്.

മത്തായിയുടെ അമ്മച്ചിയുടെ പ്രകാശം നിറഞ്ഞ വാക്കുകൾ ഗൃഹസ്ഥർക്ക് എക്കാലത്തും വഴിവിളക്കായി മാറുന്നുണ്ട്. വാസ്തവത്തിൽ 'ലോഭം 'എന്ന ജീവിതദോഷത്തേയാണ് ഈ കഥ ചർച്ചയ്ക്കെടുക്കുന്നത്. പ്രപഞ്ചത്തിലുള്ള വസ്തുക്കളിൽ 'എന്റേത്' എന്ന അധികാരഭാവവും അവയിലൊന്നും അന്യരുടേതാവരുത് എന്ന ശാഠ്യവുമാണ് 'ലോഭം'. കുടുംബബന്ധങ്ങളിലും അയൽബന്ധങ്ങളിലും സാമൂഹികബന്ധങ്ങളിലും അകൽച്ചകളുടെ തുടർച്ചകൾ ഉണ്ടാക്കുന്നത് ലോഭമാണ്. വ്യക്തിവിദ്വേഷം മുതൽ രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ വരെ തുടങ്ങി, തന്നിൽ ഒടുങ്ങുന്നതാണ് ലോകം എന്ന ഹ്രസ്വദൃഷ്ടിയാണ് 'ലോഭ'ത്തിനുള്ളത്. തലമുറകൾക്ക്

മുമ്പേ തുടങ്ങിവെച്ച സ്നേഹോഷ്മളമായ ബന്ധങ്ങളെ പണത്തിന്റെ കണക്കിൽ വിലയിട്ട ലോഭാന്ധതയെ തുറന്നുകാട്ടുകയാണ് ഈ കഥയുടെ ലക്ഷ്യം. അതിരറ്റ ആർത്തി മാനുഷികഭാവത്തെ നശിപ്പിക്കുന്നു. ദുരമൂത്ത മനുഷ്യനാണ് മത്തായി. ഇതിനു വിപരീതമാണ് മത്തായിയുടെ അമ്മയുടെ സ്വഭാവം. തങ്ങൾക്ക് കിടക്കാനിടംതന്ന മർക്കോസിന്റെ കുടുംബത്തോട് മത്തായിയുടെഅമ്മ നന്ദി പുലർത്തുന്നു.

## 1 സ്കോർ വീതം

1. "കെട്ടിയോൻ കള്ളപ്പുകല ചുമടിന് പോയി ഇടി കൊണ്ട് ചത്തു കൊണ്ട് അവൾക്ക് വന്ന ഭാഗ്യം" ഈ വാക്യത്തിൽ തെളിയുന്ന ഭാവമെന്ത് ?

● സന്തോ ഷം ● അസൂയ ● പരിഹാസം

ഉത്തരം - പരിഹാസം

2."മകനെ മൂടമറക്കരുത് " - ഈ പഴഞ്ചൊല്ലിന്റെ ആശയത്തിന് സമാനമായ പഴഞ്ചൊല്ല് കണ്ടെത്തുക?

● തല മറന്ന് എണ്ണ തേക്കരുത്. ●വിതച്ചതേ കൊയ്യൂ.

● വന്നവഴി മറക്കരുത്. ●പാല് കൊടുക്കുന്ന കൈക്ക് തന്നെ കൊത്തുക.

ഉത്തരം - വന്ന വഴി മറക്കരുത്.

3.മുകളിൽനിന്നു <u>കീഴോട്ടൂർന്നിറങ്ങുന്ന</u> മർക്കോസ്. അടിവര യിട്ട പ്രയോഗത്തിന്റെ അർത്ഥം വ്യക്തമാക്കുക?

●➤സംസ്ക്കരിക്കുക. ●➤ക്ഷയിക്കുക.

●➤അഭിവൃദ്ധിപ്പെടുക. ●➤നിസ്സാരവത്ക്കരിക്കുക

ഉത്തരം - ക്ഷയിക്കുക.

haapadam malayalam_mavelikara

**2 സ്കോർ വീതം.**

4. ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു -ഈ വാക്യം നൽകുന്ന സൂചന എന്ത്?

ഉത്തരം - മത്തായിയുടെ കോഴിയുടെ മരണം ഒരു വിപ്ലവത്തിന് തന്നെ കാരണമായി. മർക്കോസിന്റെ വീട്ടുകാർ മുഖേന പറ്റിയ ഈ അബദ്ധം കഥാഗതിയിൽ വലിയ മാറ്റങ്ങൾ വരുത്തി.

5. കാറ്റുമാറി വീശി" ഈ വാക്യം സൂചിപ്പി ക്കുന്നത് എന്ത്?

ഉത്തരസൂചന: 'കോഴിയും കിഴവിയും' എന്ന പാഠഭാഗത്തിലെ പ്രധാന കഥാപാത്രങ്ങളാണ് മത്തായിയും മർക്കോസും. ഒരു കാലത്ത് കിടക്കുവാൻ പോലും ഇടമില്ലാതിരുന്ന മത്തായിയുടെ അമ്മയ്ക്ക് പാർക്കുവാനിടംനൽകിയത് മർക്കോസിന്റെ അപ്പനായിരുന്നു. കാലം കടന്നുപോയപ്പോൾ മർക്കോസ് ക്ഷയിക്കുകയും മത്തായി പണക്കാരനാവുകയും ചെയ്തു. ഇതിനെയാണ് "കാറ്റ് മാറി വീശി " എന്ന വാക്യം സൂചിപ്പിക്കുന്നത്.

6. "അവരുടെ പിണക്കം പെട്ടന്ന് ഇണക്കമായി മാറും" കഥാകൃത്തിന്റെ ഈ പരാമർശം സൂചിപ്പിക്കുന്നത് എന്ത്?

ഉത്തരസൂചന: കുട്ടികളുടെ പിണക്കങ്ങൾ നീണ്ടുനിൽക്കില്ല. സ്നേഹത്തിന്റെ പ്രതീകമാണ് കുട്ടികൾ, വരാനിരിക്കുന്ന ലോകത്തെക്കുറിച്ചുള്ള പ്രതീക്ഷകൂടിയാണ് കഥാകൃത്ത് ഇതിലൂടെ പങ്കുവയ്ക്കുന്നത്.

**3 സ്കോർ വീതം.**

7. 'കോഴിയും കിഴവിയും' എന്ന കഥയിലെ മനുഷ്യനന്മകൾ വെളിപ്പെടുത്തുന്ന സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക?

tharapadam_malayalam_mavelikara

ഉത്തരസൂചിക: ➤മനുഷ്യമനസ്സിലെ തിന്മകളെക്കുറിച്ച് കാരൂർ നർമ്മത്തിൽ ചാലിച്ചെഴുതിയ കഥയാണ് 'കോഴിയും കിഴവിയും'. ഇതിലെ 'മത്തായി' എന്ന കഥാപാത്രത്തെ മനുഷ്യമനസ്സിലെ തിന്മയുടെ പ്രതിരൂപമായിട്ടാണ് കഥാകാരൻ അവതരിപ്പിച്ചിരിക്കുന്നത്. മനുഷ്യമനസിലെ തിന്മ ചർച്ച ചെയ്യുന്ന കഥയാണെങ്കിലും ഇതിൽ, നന്മയുടെ പ്രതിരൂപങ്ങളായ കഥാപാത്രങ്ങളും കടന്നുപോകുന്നുണ്ട്. അതിനൊന്നാമത്തെ തെളിവാണ് ഒരുകാലത്ത് കഷ്ടപ്പെട്ടിരുന്ന മത്തായിയുടെ കുടുംബത്തിന് വീട് വയ്ക്കുവാൻ മർക്കോസിന്റെ അപ്പൻ സ്ഥലംനൽകിയത്. പിന്നീടുള്ളതെളിവ്, മർക്കോസിനെതിരെ മത്തായി കള്ളപ്പരാതി കൊടുത്തപ്പോൾ അവനെ അതിൽനിന്നും രക്ഷിക്കുവാനായി സത്യംവെളിപ്പെടുത്തുന്ന മത്തായിയുടെ അമ്മയാണ്. ഒരുകാലത്ത്, മർക്കോസിന്റെ അപ്പൻ ചെയ്ത നന്മകളൊക്കെ മനസ്സിലുള്ള അമ്മയ്ക്ക് ആ കുടുംബത്തോടുള്ള കടപ്പാട് ഇന്നും മനസ്സിലുണ്ട്. മത്തായിയുടേയും മർക്കോസിന്റെയും കുട്ടികൾ തമ്മിലുള്ള സ്നേഹബന്ധവും മനുഷ്യനന്മ വെളിപ്പെടുത്തുന്നു. വരുംകാല തലമുറയെങ്കിലും നന്മയുടെ പ്രതിരൂപമായി വരുമെന്ന പ്രതീക്ഷയാണ് കുട്ടികളുടെ കഥാപാത്രങ്ങളിലൂടെ കഥാകാരൻ അവതരിപ്പിക്കുവാൻ ശ്രമിക്കുന്നത്.

8. 'കോഴിയും കിഴവിയും' എന്ന ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക: കാരൂരിന്റെ നർമ്മപ്രധാനമായൊരു കഥയാണ് 'കോഴിയുംകിഴവിയും'. ഇതിലെ പ്രധാനകഥാപാത്രങ്ങളായ മർക്കോസും മത്തായിയും ബദ്ധശത്രുക്കളായിരുന്നു. അവർ തമ്മിലുള്ള സംഘർഷങ്ങളിലൂടെയാണ് കഥ പോകുന്നത്. 'സമ്പത്തും മൂല്യങ്ങളും' തമ്മിലുള്ള സംഘർഷം ഈ കഥയിലുണ്ട്. 'കോഴി ' സമ്പത്തിന്റെയും 'കിഴവി' മൂല്യങ്ങളുടേയും പ്രതീകങ്ങളാണ്. സമ്പത്തിന്റെ

tharapadam_malayalam_mavelikara

അഹങ്കാരത്തിൽ മത്തായി മൂല്യങ്ങൾമറക്കുന്നു. പണ്ട്, ദാരിദ്ര്യം അനുഭവിച്ചിരുന്ന തന്നെയും തന്റെകുടുംബത്തേയും രക്ഷിച്ചത് മർക്കോസിന്റെ അച്ഛനാണെന്നപോലും അദ്ദേഹത്തോടുള്ള വൈരാഗ്യത്തിൽ മത്തായി മറക്കുന്നു. ബന്ധങ്ങളെയും മൂല്യങ്ങളെയും കൈവിടാത്ത മത്തായിയുടെ അമ്മ 'നന്മയുടെ പ്രതീകമാണ്. മത്തായിയുടെ കൊടിയ പകയിൽ എരിഞ്ഞുതീരാൻ പോയ മർക്കോസിന്റെ ജീവിതം രക്ഷിക്കുന്നത് ഈ അമ്മയാണ്.

9. ആ വീട്ടുകാരുടെ ഇടയിൽ <u>'ഒരഗ്നിപർവതം' </u> പൊട്ടാറായിനിൽക്കുകയാണ്. അടിവരയിട്ട പദം നൽകുന്ന അർത്ഥസൂചനകൾ കണ്ടെത്തി എഴുതുക?

ഉത്തര സൂചിക: കാരൂരിന്റെ ' കോഴിയും കിഴവിയും 'എന്ന പാഠഭാഗത്തിൽ, വളരെ നർമബോധത്തോടുകൂടിയാണ് മനുഷ്യമനസിലെ നന്മതിന്മകളെ വിശകലനം ചെയ്തിരിക്കുന്നത്. ഇതിലെ, പ്രധാനകഥാപാത്രങ്ങളാണ് മർക്കോസും മത്തായിയും. അയൽക്കാരെങ്കിലും അവർ ബദ്ധ-ശത്രുക്കളാണ്. മത്തായിയുടേയും മർക്കോസിന്റെയും വീട്ടുകാർക്കിടയിലുള്ള വൈരാഗ്യത്തെ, അഗ്നിപർവ്വതത്തിനോടാണ് കഥാകാരൻ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. അഗ്നിപർവ്വതം പൊട്ടിയാലുള്ളദുരന്തം വളരെവലുതാണ്. അതുപോലെ മനുഷ്യമനസ്സിലെ വൈരാഗ്യവും അഗ്നിപർവ്വതംപോലെ അപകടകരമാണ്. അപ്രകാരം, മത്തായിയും മർക്കോസും തമ്മിലുള്ള ഈ വൈരാഗ്യം ഏതുനിമിഷം വേണമെങ്കിലും ഒരു വലിയ പൊട്ടിത്തെറിയായി പരിണമിച്ചേക്കാം. ആ കുടുംബങ്ങൾ തമ്മിലുള്ള വൈരാഗ്യത്തിന്റെ തീവ്രത വായനക്കാരനിൽ എത്തിക്കുവാൻ വേണ്ടിയാണ് കഥാകാരൻ, അവരുടെ വൈരാഗ്യത്തെ പൊട്ടാറായ അഗ്നിപർവ്വതത്തിനോട് ഉപമിച്ചിരിക്കുന്നത്.

tharapadam_malayalam_mavelikara

## 4സ്കോർ വീതം

10. 'കോഴിയും കിഴവിയും' എന്ന കഥയിലെ മത്തായിയുടെ പ്രവർത്തികൾ നല്ലൊരയൽക്കാരന് യോജിച്ചതാണോ? സ്വാഭിപ്രായം വ്യക്തമാക്കുക?

ഉത്തര സൂചിക: ➤ഏതാപത്തിലും സഹായിക്കുന്നവരാണ് നല്ല അയൽക്കാർ . ➤വന്ന വഴി മറന്നവനാണ് മത്തായി..

11) കോഴിയുംകിഴവിയും - മനുഷ്യനന്മകൾ വെളിപ്പെടുന്ന സന്ദർഭങ്ങൾ?

ഉത്തരസൂചന: ➤ആമുഖം, ➤ഒന്നുമില്ലായ്മയിൽ മർക്കോസും കുടുംബവും മത്തായിയെ സഹായിച്ച സന്ദർഭം , ➤മകൻ ചെയ്ത തെറ്റിനെ ന്യായീകരിക്കാതെ സത്യം തുറന്നു പറയുന്ന നന്മയുടെ പ്രതീകമായ മത്തായിയുടെ അമ്മ.

12. "അതിന്റെ ജീവൻ പോകുന്നത് കാണുമ്പോൾ കണ്ണ്നിറയാ ത്തത് കണ്ണിൽക്കൂടി വരേണ്ട വെള്ളം വായിൽക്കൂടി ഊറുന്നത് കൊണ്ടാണ്". - ഈ വാക്യത്തിന്റെ ആശയം വിശകലനം ചെയ്ത് കുറിപ്പെഴുതുക.

ഉത്തര സൂചിക: ➤കോഴിയെ വളർത്താൻ പ്രയാസമില്ല, എന്നാൽ 'കൊല്ലുക' പ്രയാസകരമാണ്. ➤കണ്ണീർ ദുഃഖത്തിന്റെയും വേദനയുടേയും സഹാ നു ഭൂ തി യു ടെ യും ചിഹ്നമാണ്. ➤സ്വയം വേദനിക്കുമ്പോഴും മറ്റുള്ളവരുടെ വേദനയിൽ പങ്കുചേരുമ്പോഴും കണ്ണുനീരുണ്ടാകാറുണ്ട്. ➤കോഴിയിറച്ചിയോടുള്ള ആർത്തിയും കൊതിയും വിശപ്പും കോഴിയുടെ വേദന കാണാതിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ➤'ലോഭം' നമ്മുടെ സഹനുഭൂതിയെ തടയുന്നു.

13. അധ്വാനത്തിന്റെ മഹത്ത്വം വ്യക്തമാക്കുകയും വന്നവഴി മറക്കുകയും ചെയ്യാത്തൊരു കഥാപാത്രമാണ് 'മത്തായിയുടെഅമ്മ' - ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? പാഠഭാഗം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക?

tharapadam_malayalam_maveikara

ഉത്തര സൂചിക: ➤ കഷ്ടപ്പെട്ട് നല്ല രീതിയിൽ എത്തിയ വ്യക്തി - മത്തായിയുടെ അമ്മ. ➤നല്ല വഴിക്ക് നടക്കാൻ മകനെ ഉപദേശിക്കുന്ന അമ്മ. ➤കള്ളക്കേസ് കൊടുത്തപ്പോൾ മകനെ സമൂഹത്തിനു മുന്നിൽ തുറന്നു കാട്ടിയ അമ്മ.

**5സ്കോർ വീതം.**

14). ഉടനീളം പ്രകടമാകുന്ന ആക്ഷേപഹാസ്യമാണ് 'കോഴിയും കിഴവിയും' എന്ന കഥയെ ആസ്വാദ്യമാക്കുന്നത്. കഥയിൽ നിന്നും തെളിവുകൾ കണ്ടെത്തി കഥാസ്വാദനം തയ്യാറാക്കുക?

ഉത്തര സൂചിക: ➤നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറമാണ് കാരൂർ കഥകളുടെ തട്ടകം. ➤'കോഴിയും കിഴവിയും' എന്ന കഥയിൽ നാട്ടിൻപുറത്തെ രണ്ട് കുടുംബങ്ങൾ തമ്മിലുള്ള സ്നേഹവും വിദ്വേഷവും നർമ്മത്തിൽ പൊതിഞ്ഞ് അവതരിപ്പിച്ചിരിക്കുന്നു. ➤കഥയിൽ 'കോഴി' സമ്പത്തി ന്റെയും 'കിളവി' മൂല്യങ്ങളുടേയും' പ്രതീകമായി മാറുന്നു. ➤കഥയുടെ നർമ്മപ്രയോഗങ്ങൾ വായനക്കാരനെ കഥയോട് ചേർത്ത് നിർത്തുന്നു. ➤കഥയിലെ ആക്ഷേപഹാസ്യം നിറഞ്ഞുനിൽക്കുന്ന സന്ദർഭങ്ങൾ. ➤കഥയുടെ ശീർഷകത്തിന്റെ ഔചിത്യം, കഥയുടെ സന്ദേശം. ➤തുടക്കംമുതൽ ഒടുക്കംവരെ നിറഞ്ഞുനിൽക്കുന്ന ആക്ഷേപഹാസ്യം കഥയെ ആസ്വാദ്യമാക്കുന്നു. ➤കഥയിലെ കഥാപാത്രസവിശേഷതകൾ ➤കഥയെക്കുറിച്ചുള്ള സ്വന്തം നിലപാട്.

tharapadam_malayalam_maveikara

## 4. ശ്രീനാരായണഗുരു - കുറ്റിപ്പുഴ കൃഷ്ണപിള്ള

മലയാളത്തിലെ പ്രശസ്ത വിമർശകനും ചിന്തകനുമായ കുറ്റിപ്പുഴ കൃഷ്ണപിള്ള ശ്രീനാരായണഗുരുവിനെക്കുറിച്ചെഴുതിയ ജീവചരിത്രമാണിത്. ശ്രീനാരായണസന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു. മനുഷ്യജാതി എന്ന വിശ്വവിശാലമായ ആശയത്തിന്റെ ആദ്യത്തെ അവതാരകനായാണ് നമുക്ക് ഗുരുവിനെ കാണാനാവുക. ശ്രീനാരായണഗുരുവിന് ഭൗതികതയും ആത്മീയതയും ഒരുപോലെ പ്രധാനമായിരുന്നു. മനുഷ്യനന്മയ്ക്ക് മതം അത്യാവശ്യമില്ലെന്നും "പല മത സാരവുമേകം" എന്നുലളിതസൂത്രവാക്യംപോലെ അദ്ദേഹം മനുഷ്യമനസ്സിലെത്തിച്ചു.

### 1 സ്കോർ വീതം

1.ഭാരതത്തിന്റെ നവോത്ഥാനത്തിന് അപരിത്യാജ്യമായിത്തീർന്ന കർമപരിപാടിയായി കുറ്റിപ്പുഴ കൃഷ്ണപിള്ള സൂചിപ്പിക്കുന്നതെന്താണ്?

(അയിത്തോച്ചാടനം, അന്ധവിശ്വാസങ്ങളെ തുടച്ചുനീക്കൽ, അധഃകൃതവർഗ്ഗോദ്ധാരണം, വിദ്യാഭ്യാസം)

ഉത്തരം - അധഃകൃതവർഗ്ഗോദ്ധാരണം

2.അന്ധഗജന്യായത്തിലൂടെ ശ്രീനാരായണഗുരു കളിയാക്കുന്നത് എന്തിനെ?

(അദ്ധ്യാത്മികതയെ, മതഭേദങ്ങളെ, ഭൗതികത്വത്തെ)

ഉത്തരം - മതഭേദങ്ങളെ

3. തപശ്ചര്യ എന്ന പദം പിരിച്ചെഴുതിയാൽ താഴെപ്പറയുന്നവ യിലേതാണ് ലഭിക്കുക?

➤തപസ്സ് + ചര്യ ➤ തപ + ച്ഛര്യ

tharapadam_malayalam_mavelikara

➤ തപ: + ചര്യ ➤ തപ + ആശ്ചര്യ

ഉത്തരം - തപ: + ചര്യ

**2 സ്കോർ വീതം**

4. ശ്രീനാരായണഗുരുവിന്റെ കണ്ണാടി പ്രതിഷ്ഠയുടെ പൊരുളെന്ത്?

ഉത്തരം - മനുഷ്യനന്മ - മനുഷ്യന്റെ അന്ത: ശക്തിയുടെ വികസനമാണാവശ്യമെന്നുമുള്ള വസ്തുത.

5. കണ്ണാടി പ്രതിഷ്ഠ വ്യക്തമാക്കുന്നത് എന്ത്?

ഉത്തരം - മനുഷ്യന്റെ ധ്യാനലക്ഷ്യം മനുഷ്യൻ തന്നെയാണെന്നും അവന്റെ അന്ത:ശക്തിയും വികസനവുമാണ് ആവശ്യമെന്നുമുള്ള വസ്തുതയാണ് ഇതു വെളിപ്പെടുത്തുന്നത്.

6. അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളായി എഴുതുക

'ഭാരതീയവേദാന്തത്തിലെ പരമലക്ഷ്യമായ മോക്ഷം വ്യക്തിയെ മാത്രം സംബന്ധിക്കുന്ന ഉദാത്തീകൃതമായ ഒരുതരം സ്വാർത്ഥത തന്നെയാവുന്നു.'

ഉത്തരം - ഭാരതീയവേദത്തിന് പരമമായ ലക്ഷ്യം മോക്ഷമാണ്. അത് വ്യക്തിയെമാത്രം സംബന്ധിക്കുന്ന ഉദാത്തീകൃതമായ ഒരുതരം സ്വാർത്ഥത തന്നെ ആകുന്നു.

**3 സ്കോർ വീതം**

7. അല്പഭാഷണം കൊണ്ടും ലളിത ഉദാഹരണങ്ങളിൽ കൂടിയും ഗുരു ആശയാവിഷ്കാരം നടത്തി. ഉദാഹരണത്തിൽ കൂടി വ്യക്തമാക്കുക

ഉത്തരസൂചിക: ➤ജാതി ഒന്നാണെന്നതിന് തെളിവ് ഒന്നും ആവശ്യമില്ല. ഒരു പട്ടി വേറൊരു പട്ടിയെ കണ്ടാൽ അതിന്റെ സ്വന്തം ജാതിയാണെന്ന് മനസ്സിലാക്കുന്നു.



harapadam_malayalam_mavelikara

➤ജാതി തിരിച്ചറിയാനുള്ള ശക്തിയിൽ മൃഗങ്ങളേക്കാൾ ബുദ്ധിയുള്ള മനുഷ്യർക്ക് മാത്രം സംശയം. ➤ജാതി തിരിച്ചറിയാനുള്ള ശക്തിയിൽ മനുഷ്യൻ മൃഗങ്ങളേക്കാൾശം.

8. ശ്രീനാരായണഗുരുവും മറ്റു മതാചാര്യന്മാരും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.?

ഉത്തര സൂചിക: ➤തപശ്ചര്യകൊണ്ടു വികസിച്ച സ്വകീയമായ വ്യക്തി മഹത്ത്വത്തെ സമൂഹോന്നമനത്തിനായി വിനിയോഗിച്ചു. ➤യോഗശക്തിയെയും ജ്ഞാനശക്തിയെയും ലൗകികതലത്തിലേക്ക് പ്രസരിപ്പിച്ചു. ➤ജനങ്ങളെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി മാറ്റി. ➤കർമ്മജ്ഞാനങ്ങളെ സമന്വയിപ്പിച്ച് പ്രായോഗികവേദാന്തത്തിന് പ്രാധാന്യം നൽകി.

9. ശ്രീനാരായണഗുരു ഏതെല്ലാം നിലകളിലാണ് പൂർവ്വാചാര്യനായി ശോഭിച്ചിട്ടുള്ളത്? കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക: ➤മനുഷ്യജാതി എന്ന വിശ്വവിശാലാശയത്തിന്റെ പ്രഥമ അവതാരകൻ. ➤മതത്തെയും ദൈവത്തെയും ഏകത്വത്തിൽ വിലയിപ്പിച്ച തത്ത്വഅനുഭവങ്ങളെ നിരൂപണം ചെയ്ത സ്വതന്ത്രചിന്തകൻ

## 4 സ്കോർ വീതം

10. ശ്രീനാരായണഗുരുദർശനങ്ങളുടെ സമകാലികപ്രസക്തി പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക: ➤കേരളം ജാതീയമായ ഉച്ചനീചത്വങ്ങളെക്കൊണ്ട് നിറഞ്ഞിരുന്ന കാലഘട്ടം . ➤ജ്ഞാനസിദ്ധൻ. ➤കർമ്മസിദ്ധൻ. ➤അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നിരുത്സാഹപ്പെടുത്തി. ➤മനുഷ്യജാതി എന്ന ആശയം

tharapadam_malayalam_maveikara

11. "ജാതി ഒന്നാണ് എന്നതിന് തെളിവ് ഒന്നും വേണ്ടല്ലോ. എല്ലാ മൃഗങ്ങൾക്കും ഈ വകതിരിവ് ഉണ്ട് അതനുസരിച്ച് ജീവിക്കുന്ന മൂണ്ട് മനുഷ്യർക്കു മാത്രം സംശയം സ്വന്തം ജാതി തിരിച്ചറിയാനുള്ള ശക്തിയില്ല." - മനുഷ്യജാതി എന്ന വിശ്വവിശാലമായ ആശയത്തിന്റെ പ്രഥമാവതാരകനാണ് ശ്രീനാരായണഗുരു. മുകളിൽ പറഞ്ഞിരിക്കുന്ന പ്രസ്താവനയുടെ അടിസ്ഥാനത്തിൽ നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക: ➢ശ്രീനാരായണഗുരുവിന്റെ മാനവികദർശനങ്ങൾ ➢ദേശഭാഷകൾക്കപ്പുറത്ത് എല്ലാവർക്കും അംഗീകരിക്കാൻ കഴിയുന്ന മഹത്തായ ആശയം ➢മനുഷ്യജാതി എന്ന വിശാലമായ ആശയം ➢രൂപം കണ്ടാൽ മനുഷ്യജാതി എന്ന് തിരിച്ചറിയാൻ കഴിയണം

12. ശ്രീനാരായണഗുരുവിന്റെ ജീവിതം നമ്മുടെ സാമൂഹികപരിഷ്കർത്താക്കൾ മാതൃകയാക്കേണ്ടതാണ് എന്ന ലേഖകന്റെ അഭിപ്രായത്തിന് അടിസ്ഥാനമായ വസ്തുതകളെന്തെല്ലാം?

ഉത്തര സൂചിക: ➢സമൂഹത്തിൽ നിന്നും പുറന്തള്ളപ്പെട്ട സാധാരണ മനുഷ്യർക്കൊപ്പം ആയിരുന്ന ഗുരു. ➢അവരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിച്ചു ➢മനുഷ്യജാതി എന്ന മഹത്തായ ആശയം ആദ്യമായി മുന്നോട്ടുവച്ചു. ➢സമൂഹത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ഇല്ലായ്മ ചെയ്തു അദ്ദേഹം സമൂഹത്തിൽ വിപ്ലവം സൃഷ്ടിച്ചു. ➢എല്ലാ മതങ്ങളും ചെന്നുചേരുന്ന മഹാസമുദ്രം എന്ന ആശയം പകർന്നുനൽകി.

tharapadam_malayalam_mavelikara

## യൂണിറ്റ് 3

## വാക്കുകൾ വിടരുന്ന പുലരികൾ

- പത്രനീതി (നവയാത്രകൾ-ഉപന്യാസ സമാഹാരം) - സുകുമാർഅഴീക്കോട്
- പണയം (കഥ) - ഇ. സന്തോഷ്കുമാർ
- അമ്മയുടെ എഴുത്തുകൾ (ഗാന്ധി -കവിതാസമാഹാരം) - വി.മധുസൂദനൻനായർ

### 1. പത്രനീതി - സുകുമാർഅഴീക്കോട്

ആശയം -:

സുകുമാർഅഴീക്കോടിന്റെ 'നവയാത്രകൾ' എന്ന ഉപന്യാസ സമാഹാരത്തിൽ നിന്നും എടുത്തിട്ടുള്ളതാണ് 'പത്രനീതി' എന്ന പാഠഭാഗം. വാർത്തകളറിയുന്നതിനും വാർത്തകൾ നൽകുന്നതിനും നാം പത്രങ്ങളെ ആശ്രയിക്കുന്നു. പത്രങ്ങൾ ലോകത്തെ നമ്മളിലേക്കെത്തിക്കുന്നു പത്രത്തെ എതിർക്കാനും പത്രത്തെത്തന്നെ ആശ്രയിക്കണം. പത്രത്തിന് ബയണറ്റിനേക്കാൾ മൂർച്ചയുണ്ട്. ജനാധിപത്യത്തെ താങ്ങിനിർത്തുന്നത് പത്രമാണ്. ജനാധിപത്യത്തിലെ നാലാമത്തെ തൂണ് എന്നാണ് പത്രത്തെ വിശേഷിപ്പിക്കുന്നത്. അനീതികൾക്കെതിരെ ശബ്ദമുയർത്തുമ്പോൾ പത്രങ്ങൾ ജനങ്ങളുടെ നാവായിമാറുന്നു.

tharapadam_malayalam_mavelikara

സ്കോർ 1

1.പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ് - ഈ വരികളിൽ തെളിയുന്ന ഭാവമെന്ത്?

➤ പരിഹാസം ➤ കോപം ➤വെറുപ്പ് ➤ ആദരവ്

ഉത്തരം - പരിഹാസം

2 സ്വേച്ഛാധിപതി പോലും പത്രത്തെ ബഹുമാനിക്കുന്നു - സുകുമാർ അഴീക്കോട് ഇങ്ങനെ നിരീക്ഷിക്കുവാനുള്ള കാരണമെന്ത്?

➤.സ്വേച്ഛാധിപതി പത്രം നിരോധിക്കുന്നു

➤.സ്വേച്ഛാധിപതി പത്രത്തെ ഭയക്കുന്നു

➤ സ്വേച്ഛാധിപതി പത്രത്തിന്റെ ശക്തി അറിയുന്നു.

➤ സ്വേച്ഛാധിപതി പത്രം ഇഷ്ടപ്പെടുന്നു

ഉത്തരം -സ്വേച്ഛാധിപതി പത്രത്തെ ഭയക്കുന്നു

3രാഷ്ട്രീയത്തിലെ നാലാമത്തെ മഹാശക്തി എന്നറിയപ്പെടുന്നത് എന്താണ്?

➤.ജനാധിപത്യം ➤ കോടതി ➤ പത്രങ്ങൾ

ഉത്തരം :പത്രങ്ങൾ

4. മഹാശക്തി എന്ന പദം വിഗ്രഹിച്ചാൽ

➤ മഹാനായ ശക്തി

➤ മഹാനും ശക്തിയും

➤ മഹത്തായ അശക്തി

➤ മഹത്തായ ശക്തി

ഉത്തരം :മഹത്തായ ശക്തി

സ്കോർ **2**

1. അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കുക

ഞാൻ വളരെ ചെറുപ്പംമുതൽക്കേ വായിക്കാൻ തുടങ്ങിയ പത്രങ്ങൾ ഇന്നും വിടാതെ വായിച്ചുകൊണ്ടിരിക്കുന്നു

ഉത്തരം :➢ഞാൻ ചെറുപ്പം മുതൽക്കേ പത്രം വായിക്കുന്നുണ്ട്. അതിന്നും തുടർന്നുകൊണ്ടിരിക്കുന്നു.

2.പത്രങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ബഹുമതിക്ക് ഒരു കറുത്തനിഴലുണ്ട്. അത് ആദ്യകാലം തൊട്ടുതന്നെ ഒഴിയാബാധപോലെ അതിനെ പിൻതുടർന്നു കൊണ്ടിരിക്കുന്നു. ആശയം വ്യക്തമാക്കുക?

ഉത്തരം: ➢കറുത്തനിഴൽ പത്രമാധ്യമരംഗത്തെ അധാർമ്മികതയുടെ പ്രതീകമാണ്, ഒഴിയാബാധയാണത്. കുറഞ്ഞകാലം കൊണ്ടുതന്നെ പത്രങ്ങൾ നൈതികതയും ധാർമ്മികതയും കൈവെടിഞ്ഞു .

3. പത്രം അസത്യമാണെന്ന് അറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരും എന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. പത്രത്തെക്കുറിച്ചുള്ള ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണമെഴുതുക?

ഉത്തരം :➢നമ്മൾ വായിക്കുന്ന വാർത്തകളുടെ സത്യാവസ്ഥ അന്വേഷിക്കാറില്ല, പത്രങ്ങൾ സത്യവും അർദ്ധസത്യവും പ്രസിദ്ധീകരിക്കും.



tharapadam malayalam _maveikara

സ്കോർ **3**

1.പത്രത്തെക്കുറിച്ച് നെപ്പോളിയൻ, ജഫേഴ്സൺ എന്നിവർ പറഞ്ഞ വാക്കുകൾ എന്തെല്ലാം. വർത്തമാനകാലത്ത് അവരുടെ വാക്കുകൾ എത്രമാത്രം പ്രസക്തമാണ്?

ഉത്തരം :➢ജഫേഴ്സൺ നെപ്പോളിയൻ എന്നിവരുടെ വാക്കുകൾ എഴുതുക,

➢വർത്തമാനകാലത്ത് പത്രം എത്രമാത്രം പ്രസക്തമാണ്.

2.പത്രങ്ങൾ എല്ലാറ്റിനെയും വിമർശിക്കുന്നു. പത്രങ്ങൾ വേണ്ടത്ര വിമർശിക്കപ്പെടുന്നില്ല. 'ഈ പ്രസ്താവനയോടുള്ള പ്രതികരണക്കുറിപ്പ് തയാറാക്കുക.

ഉത്തരം :➢വാർത്ത അറിയുന്നതിന് പത്രത്തെ ആശ്രയിക്കുന്നു. പത്രത്തെ എതിർക്കേണ്ടി വന്നാൽ എതിർപ്പിന് പോലും പത്രത്തെ ആശ്രയിക്കണം. ഭരണാധികാരികൾ പോലും പേടിക്കുന്നു.

3.സമൂഹത്തിന് ദിശാബോധം നൽകുന്നതിനും ഗുണപരമായ മാറ്റം വരുത്തുന്നതിനും പത്രങ്ങൾ സഹായിക്കുന്നു. ഈ അഭിപ്രായം പരിശോധിച്ചു സ്വാഭിപ്രായം കുറിക്കുക

ഉത്തരം :➢സമകാലിക സംഭവം മുൻനിർത്തി ആശയം എഴുതണം

4.പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ് - ജെഫേഴ്സന്റെ ഈ അഭിപ്രായത്തിന്റെ അർത്ഥവ്യാപ്തി വിശദീകരിക്കുക

ഉത്തരസൂചന: ➢അരാജകമായ അവസ്ഥയിൽ പോലും സത്യവും നീതിയും പുലർത്തുന്ന പത്രത്തിന്റെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുമെന്നാണ് അദ്ദേഹത്തിന്റെ വാക്കുകളുടെ പ്രാഥമികാർത്ഥം. ➢ഭരണത്തെക്കാൾ പ്രാധാന്യമുള്ളത് സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്ന പത്രങ്ങൾക്കാണ്.

5. പത്രങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ബഹുമതിക്ക് ഒരു കറുത്ത നിഴലുണ്ട് " കറുത്ത നിഴൽ എന്ന പ്രയോഗത്തിന്റെ ഔചിത്യം പരിശോധിക്കുക

sharapadam_malayalam_mavelikara

ഉത്തരം : ➤സത്യത്തെ തുറന്നു കാട്ടുന്നു, ➤പത്രങ്ങൾ അസത്യമായ വാർത്ത പ്രസിദ്ധീകരിക്കാറുണ്ട്.

## സ്കോർ 4

1.അരാജകമായ അവസ്ഥയിൽ പോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു". "പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പി ക്കുന്നു എന്നതാണ്". ( പത്രനീതി)

പത്രമാധ്യമങ്ങളെ സംബന്ധിച്ച ഈ രണ്ടു നിരീക്ഷണങ്ങളും വിശകലനം ചെയ്തു പത്രങ്ങൾ ധാർമ്മികമൂല്യങ്ങൾ പുലർത്തേണ്ടതിന്റെ പ്രാധാന്യം വിവരിച്ച് പത്രാധിപർ ക്കുള്ള കത്ത് തയാറാക്കുക?

ഉത്തരം : ➤നിരീക്ഷണങ്ങളുടെ പൊരുൾ, ➤പത്രധർമ്മത്തെ കുറിച്ചുള്ള സ്വന്തം നിലപാട്, ➤വ്യവഹാരരൂപത്തിന്റെ ഘടന

tharapadam_malayalam_mavelikara

## 2 പണയം

ആശയം : ആധുനിക കഥാകൃത്തുക്കളിൽ ശ്രദ്ധേയനായ ഇ സന്തോഷ് കുമാറിന്റെ കഥയാണ് പണയം. വായനക്കാരന്റെ മനസ്സിൽ ദൃശ്യാനുഭവം പകർന്നു നൽകാൻ ഈ കഥയ്ക്ക് കഴിയുന്നുണ്ട്. ചെമ്പുമത്തായി, തയ്യൽക്കാരൻ ചാക്കുണ്ണി എന്നിവരാണ് കഥാപാത്രങ്ങൾ എങ്കിലും റേഡിയോയും പ്രധാന കഥാപാത്രമാണ്. ജീവിത പ്രാരാബ്ധങ്ങൾക്കിടയിലും തയ്യൽക്കാരൻ ചാക്കുണ്ണി വളരെ കഷ്ടപ്പെട്ട് റേഡിയോ സ്വന്തമാക്കുന്നു. തന്റെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായിത്തീർന്ന റേഡിയോ,മകന്റെ ചികിത്സക്കുവേണ്ടി ചെമ്പു മത്തായിക്ക് പണയം വക്കേണ്ടിവരുന്നു. റേഡിയോ നഷ്ടപ്പെടുന്നതോടു കൂടി ചാക്കുണ്ണിയുടെ ജീവിതതാളം തെറ്റുന്നു. ഒപ്പം മകന്റെ വേർപാട് വേദന ഇരട്ടിപ്പിക്കുന്നു. മാനുഷികമൂല്യങ്ങൾക്കും കലയ്ക്കും ജീവിതത്തിൽ ഒരു സ്ഥാനവും കല്പിക്കാത്ത ആളാണ് ചെമ്പു മത്തായി.

### സ്കോർ 1

**1.**ചാക്കുണ്ണി ജീവനുതുല്യം സ്നേഹിച്ച റേഡിയോ പണയം വെക്കാനുണ്ടായ സാഹചര്യമെന്ത്**?**

**a** തന്റെ കടം വീട്ടാൻ

**b** ഭാരിച്ച ചികിത്സാ ചെലവ്

**C** പുത്രനോടുള്ള വാത്സല്യം

**d** വീട്ടിലെ ദാരിദ്ര്യം

ഉത്തരം **-** ഭാരിച്ച ചികിത്സാ ചെലവ്

**2.**എന്റെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരേ **'-**എന്ന വാക്കുകളിൽ തെളിയുന്ന ഭാവം എന്ത്**?**

tharapadam_malayalam_mavelikara

**a** ആഹ്ലാദം

**b** നിസ്സഹായത

**c** ദേഷ്യം

**d** പരിഹാസം

ഉത്തരം **-**നിസ്സഹായത

**3.**'നൂല്വ കോർത്തു കുഴിഞ്ഞു പോയ കണ്ണുകൾ **'-**ഈ പ്രസ്താവന നൽകുന്ന സൂചനയെന്ത്**.**

**a** ദാരിദ്ര്യം

**b** അസുഖം

**c** കാഴ്ചക്കുറവ്

ഉത്തരം **-** ദാരിദ്ര്യം

**4.**സ്വന്തം ജീവിതത്തിലെ ഒരു ഭാഗംതന്നെ  ആരോ പറിച്ച മാറ്റുമ്പോലെ അയാൾക്ക് തോന്നി

**"-** ആരെക്കുറിച്ചാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്**?**

**a** ചെമ്പുമത്തായി**,**

**b** മാർക്കോസ്**,**

**c** ചാക്കുണ്ണി

ഉത്തരം **-** ചാക്കുണ്ണി

**5.** യാത്രക്കൂലി വിഗ്രഹിക്കുമ്പോൾ

**a** യത്രയാകുന്ന കൂലി

**b** യാത്രയും കൂലിയും

**c** യാത്രയ്ക്കുള്ള കൂലി

**d** യാത്രയായ കൂലി

ഉത്തരം **:**യാത്രയ്ക്കുള്ള കൂലി

tharapadam_malayalam_mavelikara

സ്കോർ 2

**1.**ആറാട്ട് കുന്നിന്റെ ചരിത്രത്തിൽ ഒരു സംഭവം തന്നെയായിരുന്നു അത് എന്തായിരുന്നു ആ സംഭവം**?**

ഉത്തരം **:**ആറാട്ട് കുന്നിന്റെ ചരിത്രത്തിൽ റേഡിയോ വാങ്ങുന്ന ആദ്യത്തെ പൗരൻ ചാക്കുണ്ണി

**2.**എന്റെ മനസ്സിന്റെ കനമിത്തിരി കുറഞ്ഞത് ഇപ്പോഴാ**."** ഏതു സന്ദർഭത്തിലാണ് ചാക്കുണ്ണി ഇങ്ങനെ പറഞ്ഞത്**?**

ഉത്തരം **:**മകൻ മരിച്ച ദുഃഖഭാരത്താൽ

ചെമ്പ് മത്തായിയുടെ അടുത്ത് ചെന്ന് റേഡിയോയിലൂടെ മകന് ഇഷ്ടമുള്ള ബാലമണ്ഡലം കേൾക്കുന്നു**.** ആ അവസരത്തിലാണ് ഇങ്ങനെ പറഞ്ഞത്**.**

**3.**ത്യാഗമെന്നതേ നേട്ടം **".** എന്ന കവിവാക്യം ചാക്കുണ്ണിയുടെ ജീവിതാനുഭവവുമായി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക**?**

ഉത്തരം **:**ചാക്കുണ്ണിയുടെ ജീവിതം

**.** റേഡിയോ പണയം വെക്കാൻ എന്തെല്ലാം ത്യാഗങ്ങൾ സഹിക്കുന്നു**.**

**4.**കലയെയും കുടുംബത്തെയും സ്നേഹിക്കുന്ന ആളാണ് ചാക്കുണ്ണി**.** പണമുണ്ടാക്കൽ മാത്രമാണ് ചെമ്പുമത്തായിയുടെ ജീവിതലക്ഷ്യം**.** ഇതിൽ ആരുടെ നിലപാടിനോടാണ് നിങ്ങൾ യോജിക്കുന്നത്**.** കുറിപ്പ് തയാറാക്കുക**.**

ഉത്തരം**.:**

ചെമ്പുമത്തായിക്ക് പണത്തോടുള്ള ആർത്തി**,** ചാക്കുണ്ണിക്ക് റേഡിയോ പണയം വച്ചതിലുള്ള വിഷമം

**5.**എന്റെ മനസ്സിന്റെ കനമിത്തിരി കുറഞ്ഞത് ഇപ്പോഴാ**."** ഏതു സന്ദർഭത്തിലാണ് ചാക്കുണ്ണി ഇങ്ങനെ പറഞ്ഞത്**?**

ഉത്തരം **:**മകൻ മരിച്ച ദുഃഖഭാരത്താൽ

thanapadam_malayalam_mavelikara

ചെമ്പ് മത്തായിയുടെ അടുത്ത് ചെന്ന് റേഡിയോയിലൂടെ മകന് ഇഷ്ടമുള്ള ബാല മണ്ഡലം കേൾക്കുന്നു. ആ അവസരത്തിലാണ് ഇങ്ങനെ പറഞ്ഞത്.

**6.**മൂന്നു പതിറ്റാണ്ടായി നൂലു കോർത്തു കുഴിഞ്ഞു പോയ കണ്ണുകൾ എന്ന വിശേഷണത്തിൽ ചാക്കുണ്ണിയെക്കുറിച്ചു ലഭിക്കുന്ന സൂചനകളന്തെ

ല്ലാമാണ്**?**

ഉത്തരം : ചാക്കുണ്ണിയുടെ ദാരിദ്ര്യത്തെക്കുറിച്ചുള്ള സൂചനയാണിവിടെ .ഏറെ കഷ്ടപ്പെടുന്നുണ്ടെങ്കിലും ജീവിതത്തിൽ സുഖം അനുഭവിക്കാൻ അദ്ദേഹത്തിനു കഴിയുന്നില്ലെന്നു നമുക്കു ബോധ്യമാകുന്നു.

സ്കോർ **3**

**1.**റേഡിയോ പണയപ്പെടുത്തിയ ശേഷമുള്ള ചാക്കുണ്ണിയുടെ ജീവിതസംഘർഷങ്ങൾ കഥയിൽ ചിത്രീകരിക്കുന്നതെങ്ങനെ**?**

ഉ- ആറാട്ടു കുന്നിൽ റേഡിയോ വാങ്ങിച്ച ആദ്യ പൗരൻ ചാക്കുണ്ണിയായിരുന്നു. ഇളയ കുട്ടിയുടെ അസുഖത്തിനു മരുന്നു വാങ്ങാൻ പണമില്ലാതെ വിഷമിച്ചപ്പോൾ റേഡിയോ ചെമ്പുമത്തായിക്ക് പണയം വയ്ക്കേണ്ടിവന്നു. അയാൾക്ക് ജോലിയിലുള്ള താല്പര്യം കുറഞ്ഞു. അളവുകൾ തെറ്റിച്ച് ഉടുപ്പുകൾ തുന്നി .

**2.**റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീ ആയിരുന്നു. എന്തെല്ലാം ചിന്തകളാണ് ചാക്കുണ്ണിയുടെ മനസ്സിനെ തീ പിടിപ്പിച്ചത്**?**

ഉത്തരം :സ്വന്തം ജീവിതത്തിന്റെ ഭാഗമായിരുന്ന റേഡിയോ നഷ്ടപ്പെടുന്ന തോന്നൽ .ചെമ്പുമത്തായി റേഡിയോ എങ്ങനെ സൂക്ഷിക്കും എന്ന ചിന്ത, പണയമുതൽ തിരികെ എടുക്കാൻ പറ്റുമോ എന്ന ചിന്ത

thaappadam_malayalam_mavelikara

**3.**കലാസ്വാദനം മനുഷ്യജീവിതത്തിൽ മൂല്യങ്ങൾ നൽകുന്നു . പണം നേടാനുള്ള ആർത്തിയിൽ മൂല്യങ്ങൾ നഷ്ടപ്പെടുന്നു. ചാക്കുണ്ണി,ചെമ്പുമത്തായി ഈ കഥാപാത്രങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുത്തി പ്രസ്താവന പരിശോധിച്ച് കുറിപ്പ് തയാറാക്കുക**?**

ഉത്തരം **:**ചാക്കുണ്ണി**-** ദരിദ്രൻ**,** കലയെ സ്നേഹിക്കുന്നവൻ**,** ജോലിയോട് ആത്മാർത്ഥ ഉള്ളവൻ

ചെമ്പുമത്തായി **-**പണം മാത്രം ലക്ഷ്യം**,** കലയെയും കലയെ ആസ്വദിക്കുന്നവരെയും പുച്ഛത്തോടെ നോക്കുന്നവൻ

## സ്കോർ 4

**1.**റേഡിയോ എന്ന മാധ്യമത്തിന്റെ സന്നിധ്യം ഗ്രാമീണ ജീവിതത്തിലുണ്ടാക്കിയ സ്വാധീനം' പണയം' എന്ന കഥയിൽഎത്രത്തോളമുണ്ട്**?**

ടെലിവിഷനും നവമാധ്യമങ്ങളും **(** വാട്ട്സ് ആപ്പ്**,** ഫേസ് ബുക്ക് ട്വിറ്റർ തുടങ്ങിയവ**)** ഇന്ന് സമൂഹത്തിൽ ഏതുതരത്തിലുള്ള സ്വാധീനമാണ് ചെലുത്തിക്കൊണ്ടിരിക്കുന്നത് **?**

സ്വാനുഭവത്തിന്റെ കൂടി വെളിച്ചത്തിൽ വിലയിരുത്തി കുറിപ്പ് തയാറാക്കുക **?**

ഉത്തരം **:.**കഥയിൽ നിന്ന് മാധ്യമ സ്വാധീനത്തിന്റെ തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്**.**

**.** ടെലിവിഷനും നവമാധ്യമങ്ങളും ചെലുത്തുന്ന സ്വാധീനം കണ്ടെത്തിയിട്ടുണ്ട്**.**

**.**സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ ഗുണദോഷങ്ങൾ കണ്ടെത്തിയിട്ടുണ്ട്

**2.**ഒരു റേഡിയോ മാത്രമല്ല ചാക്കുണ്ണി പണയം വെച്ചത്**.** ഒരു ജീവിതം കൂടിയാണ്**.** വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക**. ?**

ഉത്തരം **:**ചാക്കുണ്ണിയുടെ ജീവിതത്തിൽ റേഡിയോയ്ക്ക് ഉണ്ടായിരുന്ന സ്ഥാനം

റേഡിയോ വാങ്ങാൻ എന്തെല്ലാം കാര്യങ്ങളാണ്

ചാക്കുണ്ണി ഉപേക്ഷിച്ചത്**,**

റേഡിയോ എങ്ങനെയാണ് ചാക്കുണ്ണിയുടെ ജീവിതത്തിന്റെ ഭാഗമായത്**,**

thanpadam_malayalam_mavelikara

**3.**അറക്കൈക്ക് ഉപ്പുതേക്കാത്തവൻ എന്ന പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധിപ്പിച്ച് ചെമ്പ

മത്തായിയുടെ സ്വഭാവ നിരൂപണം

തയാറാക്കുക

ഉത്തരം **:**പഴഞ്ചൊല്ലിന്റെ ആശയം**.**

കഥാപാത്രസ്വഭാവവുമായി ബന്ധിപ്പിച്ച് എഴുതണം

## **3.**അമ്മയുടെ എഴുത്തുകൾ -

ആശയം

നഗരജീവിതത്തിനിടയിൽ കവി കണ്ടെത്തുന്ന അമ്മയുടെ എഴുത്തുകളാണ് ഈ കവിതയുടെ പ്രമേയം**.** വീട് മോടി കൂട്ടുന്നതിന്റെ ഭാഗമായി ചില്ലുപെട്ടികളിൽ പട്ടണക്കോപ്പുകൾ നിറയുമ്പോൾ അമ്മ അയച്ച പഴയകത്തുകൾ ചായ്പ്പിലെ കാൽപ്പെട്ടിയിലേക്ക് ഒതുക്കി വയ്ക്കുന്നു**.** എല്ലാ കത്തുകളിലും അമ്മയാണ് നിറയുന്നത്**.** അമ്മയുടെ മൊഴി**,** കരുതൽ **,** വാത്സല്യം എന്നിങ്ങനെ എഴുത്തെല്ലാം അമ്മയായിത്തീരുന്നു**.** എന്നാൽ നവീനവും കുലീനവുമായ ശാഠ്യത്തിനു മുന്നിൽ കവി തോറ്റു പോകുന്നു**.**അമ്മയും മാതൃഭാഷയും ഒന്നാണെന്ന കാഴ്ചപ്പാടും മാറിയ ജീവിതസാഹചര്യങ്ങളിൽ അമ്മയും മാതൃഭാഷയും അന്യവൽക്കരിക്കപ്പെടുന്നു എന്ന ബോധവും കവിത വിനിമയം ചെയ്യുന്നുണ്ട്**.** വരാനിരിക്കുന്ന തലമുറയുടെ ഓർമ്മകളിൽ പോലും മാതൃഭാഷയും അമ്മയും ഉണ്ടാകുമോ എന്ന ആശങ്കയും കവി പങ്കു വയ്ക്കുന്നു**.**

tharapadam_malayalam_mavelikara

### സ്കോർ **1**

**1. '**തായ്ച്ചൊല്ലിലൂറിയ താളങ്ങളെങ്ങനെ**?**

**'**തായ്ച്ചൊല്ല്**'** എന്ന പദത്തെ വിഗ്രഹിച്ചെഴുതുക

തായ്ച്ചൊല്ല്

**a** തായയുടെ ചൊല്ല്

**b** തായയും ചൊല്ലും

**c** തായക്കായുള്ള ചൊല്ല്

**d.** തായ എന്ന ചൊല്ല്

ഉത്തരം - തായയുടെ ചൊല്ല്

**2.**ഓരോന്നിനോരോരോമൊഴിച്ചന്തമമ്മയാം

നേരിന്റെയീണവും താളവുമിമ്പവും - ഈ വരികളിൽ കവി എന്തിനെയാണ് സൂചിപ്പിക്കുന്നത്**?**

**a** അമ്മയുടെ എഴുത്തിനെ

**b** മലയാള കാവ്യപാരമ്പര്യത്തെ

**c** മാതൃഭാഷയുടെ മഹത്വത്തെ

**d** അമ്മയുടെ സ്നേഹത്തെ

ഉത്തരം - ➤ അമ്മയുടെ എഴുത്തിനെ

**3.**മാതൃക പോലെ എഴുതുക

നറുക്കിലപ്പൂവ് - നറുക്കില, പൂവ്

നാവിലെത്തേനായി

ഉത്തരം - ➤ നാവിലെ, തേൻ, ആയി

**4.**സുന്ദരദൃഷ്ടി -സുന്ദരമായ ദൃഷ്ടി മാതൃക പോലെ എഴുതുക

തായ്മൊഴി - തായയുടെ മൊഴി

മായുമെഴുത്തുകൾ - മായുന്നതായ എഴുത്തുകൾ

വിതപ്പൊലിപ്പാട്ടുകൾ - വിതപ്പൊലിയുടെ പാട്ടുകൾ

tharapadam_malayalam_mavelikara

## സ്കോർ 2

**1.** "താരാട്ടിലോലുന്നമാധുര്യമെങ്ങനെ

താൻ തന്നെ വന്നു പിറന്നതുമെങ്ങനെ" - വരികൾ വിശകലനം ചെയ്ത് പുതുതലമുറയെക്കുറിച്ചുള്ള കവിയുടെ വിമർശനം കുറിക്കുക?

ഉത്തരം : ➤താരാട്ടിന്റെ മാധുര്യം മറക്കുന്നു

➤ജന്മം നൽകിയ അമ്മയെപ്പോലും മറക്കുന്നു.

**2.**ആരുവായിക്കുമീ മായുമെഴുത്തുകൾ

ആരുടെ നാവിലുയിർക്കുമീചൊല്ലുകൾ - ഈ വരികളിലെ ഭാഷാപരമായ പ്രത്യേകതകൾ കുറിക്കുക?.

ഉത്തരം: ➤ആദ്യപ്രാസം ➤ദ്വിതീയാക്ഷരപ്രാസം

➤അന്ത്യപ്രാസം ➤അനുപ്രാസം

**3.** അമ്മതൻ ചിന്മുദ്രയാണീയെഴുത്തുകൾ

തന്മകനായിപ്പകർന്ന പാൽമുത്തുകൾ - പാൽമുത്തുകൾ എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

ഉത്തരം :അമ്മ ചൊരിഞ്ഞ സ്നേഹവാത്സല്യം, അമ്മ നൽകിയ ഭാഷാരീതി.

**4.**നിന്നിഷ്ടമാണെന്റേയും 'ആരുടെ ഇഷ്ടത്തെക്കുറിച്ചാണ് കവി പറയുന്നത്. ? ഇഷ്ടമെന്ത് ?

ഉത്തരം : ➤ഭാര്യയുടെ. ➤അമ്മയുടെ സ്മരണ ഒതുങ്ങിയിരിക്കട്ടെ.

**5.**നാദമായ് വന്നെന്റെ നാവിലെ തേനായി

നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ" . കാവ്യഭംഗി കണ്ടെത്തുക

ഉത്തരം : ➤മാതൃഭാഷ പ്രിയപ്പെട്ടത് ➤ആശയം കൈമാറുന്നത് ഭാഷയിലാണ്, അതിനാൽ തേൻ പോലെ മധുരം.

tharapadam_malayalam_mavelikara

സ്കോർ **3**

**1.**പുതുതലമുറയ്ക്ക് നഷ്ടമാകുന്ന പാരമ്പര്യബോധത്തെക്കുറിച്ച് ഉത്കണ്ഠപ്പെടുന്ന കവിഹൃദയത്തിന്റെ തേങ്ങലാണ് അമ്മയുടെ എഴുത്തുകൾ - ഈ പ്രസ്താവനയോടുള്ള സ്വാഭിപ്രായം വ്യക്തമാക്കുക**?**

ഉത്തരം : ➤ പുതുതലമുറയ്ക്ക് നഷ്ടമാകുന്ന പാരമ്പര്യബോധത്തെക്കുറിച്ച് ഉത്കണ്ഠപ്പെടുന്ന കവിഹൃദയത്തിന്റെ തേങ്ങലാണ്. പുതുതലമുറ മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നില്ല . മലയാള ഭാഷയുടെ പിറവി എങ്ങനെയെന്നും വരുംതലമുറ ചോദിക്കുമോ എന്നു കവി ആകുലപ്പെടുന്നു.

**2.**അമ്മതൻ ചിന്മുദ്രയാണീഎഴുത്തുക്കൾ 'ചിന്മുദ്ര' എന്ന പദം മലയാള ഭാഷയുടെ സവിശേഷത പ്രതിഫലിപ്പിക്കാൻ എത്ര മാത്രം സഹായകമാണ്. നിരീക്ഷിക്കുക

ഉത്തരം : ➤അമ്മയുടെ മനസ്സ് മനസിലാക്കാൻ കഴിയുന്നത് മാതൃഭാഷയിലാണ്, ഉചിതമായ ആശയവിനിമയം സാധ്യമാകുന്നത് മാതൃഭാഷയിലാണ്.

സ്കോർ **4**

**1."** എങ്കിലുമമ്മയൊരോർമ്മയായ് , ആദിമ -

സംഗീതമായ് വന്നു മൂളുന്നിടയ്ക്കിടെ

- ഭാഷയുടെ പാരമ്പര്യത്തിന്റെ എന്തൊക്കെ സവിശേഷതകളാണ് ഈ വരികളിൽ തെളിയുന്നത് **?** കാവ്യ സന്ദർഭവുമായി ബന്ധിപ്പിച്ച് വിശദമാക്കുക **?**

ഉത്തരം : ➤വരികളിലെ ആശയം ➤സവിശേഷതകൾ ➤കാവ്യസന്ദർഭവുമായി ബന്ധിപ്പിച്ച് വിശദമാക്കിയിട്ടുണ്ട്.

**2.** അമ്മയുടെ എഴുത്തുകൾ എന്ന പാഠാഭാഗം വിലയിരുത്തി" മലയാളി മറന്ന മലയാളം " എന്ന വിഷയത്തിൽ ലഘു പ്രഭാഷണം തയാറാക്കുക

ഉത്തരം : ➤പ്രഭാഷണത്തിന്റെ ഘടന ➤ഇംഗ്ലീഷ്ഭാഷയോടുള്ള അഭിമുഖ്യം



thanapadam malayalam_mavelikara

# മാതൃകാ ചോദ്യപേപ്പറുകൾ

tharapadam_malayalam_mavelikara

ക്ലാസ്സ് :10

മാർക്ക് :40

സമയം : ഒന്നരമണിക്കൂർ

മാതൃകാചോദ്യപ്പേപ്പർ

കേരളപാഠാവലി

---

പാർട്ട് I

A. ഒന്നുമുതൽ ആറുവരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിനുത്തരം എഴുതുക

1. "മൈത്രയും അല്പകാലസ്ഥിതമോർക്ക നീ " ഓർക്കേണ്ടതെന്ത്?

   എ)മർത്യജന്മം ക്ഷണഭംഗുരം

   ബി)രാഗാദിസംങ്കുലമായ ജീവിതം

   സി)പുത്രമിത്രാർഥകളത്രാദി സംഗമം

   ഡി)ചഞ്ചലമാലയ സംഗമം

2. ദുഷ്യന്തൻ തന്നെ ഉപേക്ഷിച്ചതിനു കാരണമായി ശകുന്തള കണ്ടെത്തുന്ന ന്യായം?

   എ)തന്റെ മുൻ ജന്മ പാപം

   ബി)ദുർവാസവിന്റെ ശാപഫലം

   സി)ഭരണകാര്യങ്ങളിൽ ദുഷ്യന്തനുള്ള ശ്രദ്ധ

   ഡി)മാതാപിതാക്കൾ തന്നെ ഉപേക്ഷിച്ചു പോയതുകൊണ്ട്

3. ഴാങ് വാൽ ഴാങിന്റെ കണ്ണുകൾ രണ്ടും മിഴിഞ്ഞുപോയി - ഈ വരിയിൽ പ്രകടമാകുന്ന ഭാവം

   എ) ആശ്ചര്യം

   ബി)അത്ഭുതം

   സി)അമ്പരപ്പ്

   ഡി)അതിശയം

4. അവരുടെ <u>ഇഷ്ടാനിഷ്ടങ്ങളിൽ</u> ഞാനിടപ്പെട്ടു---------------

   എന്നുവരും -അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹം

   എ)ഇഷ്ടത്തിലെ അനിഷ്ടം

   ബി)ഇഷ്ടത്തിന്റെ അനിഷ്ടം

   സി) ഇഷ്ടത്താലുള്ള അനിഷ്ടം

   ഡി)ഇഷ്ടവും അനിഷ്ടവും

5. 'പ്രലോഭനം ' ഉൾപ്പെടുന്ന കൃതി ഏതു സാഹിത്യവിഭാഗത്തിൽ ഉൾപ്പെടുന്നു.

   എ) മഹാകാവ്യം

   ബി)ഖണ്ഡകാവ്യം

   സി)ആട്ടക്കഥ

   ഡി)തിരക്കഥ

tharapadam_malayalam_mavelikara

6. ദുര്യോധനന്റെ ഹൃദയോന്നതി വെളിപ്പെട്ട അവസരം

എ)സഹോദരിയെ ഓർത്തത്

ബി)ഭാര്യയെ ഓർത്തത്

സി)മാതാപിതാക്കളെ ഓർത്തത്

ഡി)സഹോദരന്മാരെ ഓർത്തത്

(4×1=4)

B ഏഴു മുതൽ ഒൻപത് വരെയുള്ള ചോദ്യങ്ങൾക്കെല്ലാം ഉത്തരമെഴുതണം

7. കുഞ്ചിരോമങ്ങൾ തുള്ളിച്ച് സഞ്ചരിച്ച കുതിരയെ കടിഞ്ഞാണുമായി വന്നു കൊണ്ടുപോയത്

എ)പണ്ഡിതന്മാർ

ബി)ദൈവം

സി)രാജാക്കന്മാർ

ഡി)പൂർവികർ

8. തിര്യക്കുകളുടേതുപോലുള്ള ഒരു നിസ്സഹായ ഭാവം എന്ന് സൂചിപ്പിച്ചിരിക്കുന്നത്

എ)ജൂലിയാന

ബി)മിറൽ

സി)സാമുവൽ റാങ്തോസ്

ഡി)അന്ന

9. മകനെ നഷ്ടപ്പെട്ട അമ്മയുടെ വേദന അവതരിപ്പിക്കാൻ പ്രയോഗിച്ച പദം

എ)മുത്ത്

ബി)പാഴ്ച്ചിപ്പി

സി)ലില്ലിപ്പൂവ്

ഡി)കൈത്താമര

(3 x 1 =3)

പാർട്ട് II

A

10. "ഭാവശാലികൾ പിരിഞ്ഞുകൂടിയാ -

ലിവിധം വികലമാം സുഖോദയം "

ഈ വരികളിലെ ഭാഷപരമായ രണ്ടു പ്രത്യേകതകളെഴുതുക.

(1×2=2)

thaapadam _malayalam_mavelikara

B. 11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനുത്തരം എഴുതുക

11. ശരൺകുമാർ ലിംബാളയ്ക്ക് കുട്ടിക്കാലത്തുതന്നെ വായനയിൽ താല്പര്യം ഉണ്ടായിരുന്നു എന്നു വ്യക്തമാക്കുന്ന സന്ദർഭം എഴുതുക

(1×2=2)

## പാർട്ട് III

A.13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിനു ഉത്തരമെഴുതുക

13. "ഈ പ്രസ്താവം കാനൽ ജലം പോലെ ഒടുവിൽ എനിക്ക് വിഷാദത്തിനു ഇടയാക്കാതിരുന്നാൽ കൊള്ളാമായിരുന്നു" ഈ വാക്യത്തിലെ കാനൽജലം പോലെ 'എന്ന പ്രയോഗത്തിന്റെ പൊരുൾ വ്യക്തമാക്കുക

14. സമ്പത്തിനോടും സുഖസൗകാര്യങ്ങളോടും മെത്രാൻ മോൻസിനേർ പുലർത്തുന്ന മനോഭാവം എന്ത്?

15. "ഇതു രാത്രി വണ്ടിയാണ്. മങ്ങിയ ചിത്രങ്ങൾ പതിച്ച ചുവരുകളുള്ള ഒരു തുരങ്കത്തിലൂടെ അത് പായുന്നു". ഈ വാക്യത്തിൽ തെളിയുന്ന വെള്ളായിയപ്പന്റെ മാനസികാവസ്ഥ വ്യക്തമാക്കുക

16. 'നേരെ നിന്നോടെടോ ഞാൻ പുനരാരെന്നും പറയാം "
'വൈരീ വൈരസീനിക്കിഹ ഞാൻ കലി '
'തവ ഞാൻ മിത്രം തമ്പി നാട്ടു ഞാൻ തേ തരുന്നു....
ഇവിടെ കലി 'ഞാൻ ' എന്ന് ആവർത്തിച്ചു പറയുന്നതിന്റെ കാരണങ്ങൾ കുറിക്കുക

(3×3=6)

B.

17. "ഈശ്വരനല്ല മന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ "-ഈ വരികളുടെ അർഥവ്യാപ്തി വ്യക്തമാക്കുക.

(1×3=3)

## പാർട്ട് IV

A. 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിനുത്തരമെഴുതുക.

18. "തങ്ങൾക്ക് രണ്ടുപേർക്കും പ്രിയപ്പെട്ടതായിരുന്നതും താങ്കളെ കൂട്ടിയിണക്കിയിരുന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി "-
സുധീറിനെയും മിസ്സിസ് തലത്തിനെയും കൂട്ടിയിണക്കിയ വ്യക്തിയുടെ സ്മരണ തീവ്രതയോടെ ആവിഷ്കരിക്കാൻ ഈ വാക്കുകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഈ പ്രസ്താവനയോടുള്ള പ്രതികരണം കുറിക്കുക.

tharapadam_malayalam_mayeikara

19. ദിവാകരനും നളിനിയും ദീർഘകാലത്തെ വേർപാടിന് ശേഷം കണ്ടു മുട്ടുന്നു.അവരുടെ കൂടിക്കാഴ്ച "പ്രിയദർശനം "ആയിരുന്നുവോ?.

-കാവ്യഭാഗം വിലയിരുത്തി കുറിപ്പ് തയാറാക്കുക.

20. 'ഒ. വി. വിജയന്റെ ' കടൽത്തീരത്ത് 'എന്ന കഥയിൽ കാറ്റ് ശക്തമായ സാനിധ്യമാണ് - വിലയിരുത്തി സ്വഭിപ്രായം തയ്യാറാക്കുക.

(2×4=8)

B. 21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനുത്തരമെഴുതുക.

21. "സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള അതിയായ ആഗ്രഹമാണ് ദസ്തയേവ്സ്കിയിൽ നമ്മൾ കാണുന്നത് "

-ഈ നിരീക്ഷണം 'ആത്മാവിന്റെ വെളിപാടുകൾ 'എന്ന പാഠഭാഗത്തെ മുൻനിർത്തി വിശകലനം ചെയുക.

22. 'ഇന്നലെ വെറും ബുദ്ധശിലയായിരുന്നതിൻ
നിന്നു നീ കരുണതൻ ഭാവഗാനത്തെ തൊട്ടു -
തൊട്ടുണർത്തവേ, നിന്നോടൊത്തുണർന്നു ഞാൻ
നിന്നോടൊത്തുറങ്ങി ഞാൻ, നിന്നോടൊത്തനശ്വരാനായ് ഞാൻ '(മൈക്കലാഞ്ജലോ,മാപ്പ് )

-കലാസൃഷ്ടികളുടെ മഹത്വത്തെയും അവയുടെ നിർമാണരഹസ്യത്തേയും അവ ആസ്വാദകരിൽ ചെലുത്തുന്ന സ്വാധീനത്തെയുംപ്പറ്റി ഈ വരികളിൽ നിന്നും ലഭ്യമാക്കുന്ന സൂചനകൾ വിവരിക്കുക.

(1×4=4)

## പാർട്ട് V

A. 23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനു ഉത്തരമെഴുതുക.

23. 'പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയ സംഗമം "

-ഈ വരികളിലെ സദൃശ്യകല്പനകളുടെ സവിശേഷതകൾ വിവരിക്കുക.

24. "ഒരാളെ അടുത്തറിഞ്ഞാൽ അതുവരെ അയാളോടുണ്ടായിരുന്ന വെറുപ്പ് സ്നേഹമായി പരിണമിക്കുന്നത് കാണാം " -- ദുര്യോധനന്റെ സ്വഭാവത്തിലെ ആദരണീയമായ അംശങ്ങളായി കുട്ടികൃഷ്ണമാരാർ എടുത്തു കാട്ടുന്ന കാര്യങ്ങൾ ചൂണ്ടികാട്ടി ഈ പ്രസ്താവന വിശദമാക്കുക

(1×5=5)

thanpadam_malayalam_mavelikara

ക്ലാസ്സ് : 10

മാർക്ക് : 40

സമയം : ഒന്നരമണിക്കൂർ

## മാതൃകാ ചോദ്യങ്ങൾ

## അടിസ്ഥാനപാഠാവലി

---

### പാർട്ട് I

A ഒന്നു മുതൽ ആറുവരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാല് എണ്ണത്തിന് ഉത്തരം എഴുതുക.

1. ഒരു നിശ്ചയം ചെയ്താൽ അതിൽനിന്നു അണുവിട പിന്മാറാതെ പ്രകൃതക്കാരൻ എന്ന് വിശേഷിപ്പിക്കുന്ന കഥാപാത്രം?

    എ) കോരൻ ബി) പുഷ്പവേലിൽ ഔസേപ്പ്

    സി )ചിരുത ഡി) കോരൻറെ പിതാവ്

2. ''ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു'' - ഈ വാക്യത്തിലെ സൂചന?

    എ) ദുഃഖം ബി) നിശബ്ദത

    സി) ഒറ്റപ്പെടൽ ഡി) നിസ്സംഗത

3. മഞ്ഞിപ്പഴകിയ പിഞ്ഞാണവർണ്ണമായ് എന്ന് കവിതയിൽ പറയുന്നത്?

    എ) അമ്മയുടെ ശരീരം ബി) അമ്മയുടെ കൈകൾ

    സി) അമ്മയുടെ മുഖം ഡി) അമ്മയുടെ കണ്ണുകൾ

4. 'ശ്രേഷ്ഠമായ സുഗന്ധമുള്ളവൾ' എന്ന അർത്ഥത്തിൽ കൊച്ചുചക്കരച്ചി എന്ന പാഠഭാഗത്തിൽ പ്രയോഗിച്ചിരിക്കുന്ന പദം.

    എ) ഘനസുഗന്ധി ബി) ഘനസൗരഭം

    സി) ഘനശ്യാമം ഡി) ഘനശ്യാമളം

5. മഹാബലിയെ വരവേൽക്കാൻ വെള്ളിത്താലമെടുത്ത് നിരന്നുനിൽക്കുന്നതാര് ?

    എ) പ്രഭാതം ബി) മുക്കുറ്റികൾ

    സി) നെയ്യാമ്പലുകൾ ഡി) തുമ്പകൾ

6. 'ഉണ്ടചോറിനു നന്ദി കാണിക്കാത്തവൻ' എന്ന ചൊല്ലിനിണങ്ങുന്ന കഥാപാത്രം?

    എ) മത്തായി ബി) മാർക്കോസ്

    സി) ചെമ്പുമത്തായി ഡി) ഏലിച്ചേടത്തി

(4 x 1 = 4)

thaarapadam_malayalam_mavelikara

B. 7 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്കെല്ലാം ഉത്തരമെഴുതണം

7. ആധുനികകാലത്തെ ധർമസ്ഥാപനത്തിനുള്ള മുഖ്യമാർഗമായി ശ്രീനാരായണഗുരു കണ്ടത്?

എ)വിദ്യാലയങ്ങൾ സ്ഥാപിക്കൽ

ബി) അധഃകൃത വർഗോദ്ധാരണം

സി) വിഗ്രഹാരാധന

ഡി) വ്യവസായശാലകൾ തുടങ്ങുക

8. 'ചിന്മുദ്ര' എന്ന കവി വിശേഷിപ്പിച്ചിരിക്കുന്നത്?

എ)അമ്മയുടെ സ്നേഹത്തെ

ബി ) അമ്മയുടെ വീടിനെ

സി) അമ്മയുടെ എഴുത്തിനെ

ഡി) അമ്മയുടെ ഓർമകളെ

9. "എന്റെ കണക്കൊക്കെ തെറ്റിലോ മത്തായി മൂപ്പരെ " ഈ വരിയിലെ സൂചന ?

എ) റേഡിയോ പണയം വച്ചത്

ബി) മകന്റെ മരണം

സി) ജീവിത ദാരിദ്ര്യം

ഡി) ജോലിയിൽ താല്പര്യമില്ലായ്മ

(3 x 1 =3)

പാർട്ട് **II**

A.

10. "എങ്ങിനി കൊണ്ടിരിക്കേണ്ടു സ്വയം ബുദ്ധി
കെട്ടു കരിന്തിരിയാളുംവരെയവർ
ഒന്നിനെ കൊണ്ടു പോയീടേണമെന്നുള്ള
ശല്യപ്പെട്ടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ"
അടിവരയിട്ട പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

(1 x 2 = 2)

B. 11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനുത്തരമെഴുതുക.

11. കണ്ണാടി പ്രതിഷ്ഠകൊണ്ട് ശ്രീനാരായണഗുരു അർത്ഥമാക്കിയതെന്ത്?

12. "എന്ത് നവീനം! കുലീനം! പ്രിയേ നിന്റെ സുന്ദരദൃഷ്ടി" - ഈ വരിയിലെ 'നവീനം', 'കുലീനം ' എന്നീ പ്രയോഗത്തിന്റെ പൊരുളെന്ത്?

(1 x 2 = 2 )

thanpadam_malayalam_mavelikara

## പാർട്ട് **III**

A. 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ മൂന്നെണ്ണത്തിനുത്തരമെഴുതുക.

13. "നെന്റെ വീട്ടിലിരുന്നാൽ കുമൻ മൂളുന്ന ഒച്ച കേക്കോ നീയ്യ്?"
"ഇല്ലച്ഛമ്മേ ഒന്നും കേൾക്കില്ല, ടീവീന്റെ ഒച്ച മാത്രേ കേൾക്കാൻ പറ്റൂ."
മാറുന്ന കേരളീയ സമൂഹത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഈ വരികളിൽ തെളിയുന്നത്?

14. "ഇന്ന് മാങ്ങാമരം കാണാത്ത കുട്ടികൾ കേരളത്തിലുണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ 'അപരിഷ്കൃതമട്ടുകൾ' അവർ അറിയാനിടയില്ല." അപരിഷ്കൃതമാറ്റുകൾ എന്ന ലേഖകൻ സൂചിപ്പിക്കുന്നതെന്ത്?

15. ഓണമുറ്റത്ത് എന്ന കവിതയിൽ കവി പ്രഭാതത്തെ അവതരിപ്പിക്കുന്നതെങ്ങനെ?

16. കോഴിയും കിഴവിയും എന്ന കഥയിൽ പൂവൻകോഴി അഴിച്ചുവിട്ട വിപ്ലവമെന്തായിരുന്നു?

(3 x 3 = 9)

B.

17 ചെമ്പുമത്തായിയുടെ അടുക്കൽ റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ചിന്തകളെന്തൊക്കെയായിരുന്നു?

(1 x 3 = 3)

## പാർട്ട് **IV**

A. 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.

18. വാക്കുകളേക്കാൾ പ്രവർത്തികളാണ് ഒരാളുടെ മഹത്ത്വം നിർണയിക്കുന്നത്. ഈ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പ്ലാവിലക്കഞ്ഞിയിലെ 'ചിരുത' എന്ന കഥാപാത്രത്തെ വിലയിരുത്തുക.

19. 'അമ്മവയറ്റത്ത് പറ്റിക്കിടക്കുന്ന ചൂട് , കാച്ചെണ്ണയുടെ ഗന്ധം, പുലർകാലത്തെ തണുപ്പാർന്ന ഓലക്കൊടികൾ പുകയുന്നതിന്റെ മണം ഇത്തരം ഓർമകളാണ് അമ്മയെ ഉപേക്ഷിക്കുന്നതിൽ നിന്നും മകനെ പിന്തിരിപ്പിക്കുന്നത്. - ഈ പ്രസ്താവനയോടുള്ള പ്രതികരണം കുറിക്കുക.

20. 'പാലുകൊടുത്ത കൈയിൽ കടിക്കുക' - ഈ പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധപ്പെടുത്തി 'കോഴിയും കിഴവിയും' എന്ന കഥ വ്യാഖ്യാനിക്കുക.

(2 x 4 = 8)

B. 21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക

21. പത്രമില്ലാതെയുള്ള ഭരണത്തെക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്.
- ജഫേഴ്സന്റെ ഈ അഭിപ്രായത്തിന്റെ അർത്ഥവ്യാപ്തി കുറിക്കുക.

22. പുതുതലമുറയ്ക്ക് പാരമ്പര്യങ്ങൾ നഷ്ടമാകുന്നുവെന്ന ഓർമ്മപ്പെടുത്തലാണ് 'അമ്മയുടെ എഴുത്തുകൾ' എന്ന കവിത. ഈ നിരീക്ഷണം വിശകലനം ചെയ്ത കുറിപ്പ് തയ്യാറാക്കുക

(1 x 4 = 4)

പാർട്ട് **V**

A. 23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.

23. "പ്രകൃതിയും മനുഷ്യനും പരസ്പരം വിശ്വസിച്ച് കഴിഞ്ഞിരുന്ന ഒരു കാലത്തിന്റെ ഓർമ്മയാണ് കൊച്ചുചക്കരച്ചി" ഈ പ്രസ്താവനയോടുള്ള പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

24. "ഓണത്തെ സ്വീകരിക്കാൻ മനുഷ്യരേക്കാൾ ഒരുങ്ങിനിൽക്കുന്നത് പ്രകൃതിയാണ്." - ഓണമുറ്റത്ത് എന്ന കവിതയെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

(1 x 5= 5)

tharapadam_malayalam_mavelikara